**JEEVA MOZHIKAL** RNI/KERBIL/-2003/21404
**January 2014** www.jeevamozhikal.org
Annual Contribution Rs. 100/-

**Regn No: KL/KTM/608/2012-14**
Licence No.KL/CR/KTM/WPP-46/2012-14
Licensed to post without prepayment
Date of Publication 31-12-2013

# ജീവസന്ദേശങ്ങൾ 2014

പ്രശസ്ത ക്രിസ്തീയപ്രസംഗകനും ഗ്രന്ഥകാരനുമായ



## ബ്രദർ സാക് പുന്നൻ പ്രസംഗിക്കുന്നു

**സ്ഥലം** : **പോളിയോ ഹോം ഹാൾ, എൽ.എം.എസ്, കോംപൗണ്ട്**
**പി.എം.ജി. ജംക്ഷൻ, തിരുവനന്തപുരം**

**തീയതി** : **ജനുവരി 25 ശനി, 26 ഞായർ**

**സമയം** : **വൈകിട്ട് 6.30 മുതൽ 8.30 വരെ**

## ഏവർക്കും സ്വാഗതം

കൂടുതൽ വിവരങ്ങൾക്ക്: 09496100850

### പുതുവർഷത്തിൽ പ്രതികരിക്കാം

ഈ പുതുവർഷത്തിൽ ജീവമൊഴിയിൽ വരുന്ന ലേഖനങ്ങൾ, പംക്തികൾ എന്നിവയെ പറ്റി നിങ്ങളുടെ സംശയങ്ങൾ, വിമർശനങ്ങൾ, അഭിപ്രായങ്ങൾ തുടങ്ങിയവ താഴെ ക്കാണുന്ന ജീവമൊഴി ഈ-മെയിൽ വിലാസത്തിൽ അയയ്ക്കുക. അവ ലേഖന കർത്താക്കൾക്ക് കൃത്യമായി അയയ്ക്കുന്നതാണ്. അവരുടെ പ്രതികരണം നിങ്ങളുടെ ഈ-മെയിൽ വിലാസത്തിൽ മറുപടിയായി അയച്ചുതരുന്നതാണ്.

ജീവമൊഴി ഈ-മെയിൽ വിലാസം:
**jeevamozhikal@gmail.com**

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor-Geoji T. Samuel.

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 12 – ലക്കം 1 ജനുവരി 2014



JEEVAMOZHIKAL

ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ *(യോഹ 6: 68)*

വാല്യം 12 ജനുവരി 2014 ലക്കം 1

വാർഷിക സ്വമേധ സംഭാവന

| | |
|---|---|
| ഇന്ത്യയിൽ | Rs.100/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.700/- |

എം. ഒ./ ഡി. ഡി.

അയയ്ക്കേണ്ട വിലാസം :



ജീവമൊഴികൾ

കുമാരനല്ലൂർ പി. ഒ., കോട്ടയം,

കേരള - 686 016,

ഫോൺ 0481 - 2391519, 8281027519

e-mail : jeevamozhikal@gmail.com

www.jeevamozhikal.org


## ഒറ്റനോട്ടത്തിൽ

### ഒന്നാംസ്ഥാനം

*നമ്മുടെ ജീവിതത്തിൽ പലതിനോടൊപ്പം ഒരു സ്ഥാനമല്ല, ഒന്നാം സ്ഥാനം തന്നെയാണ് യേശുകർത്താവ് അർഹിക്കുന്നത്.*

## മൊഴിമുത്തുകൾ

### വെള്ളിക്കു പകരം പൊന്ന്



തന്റെ മക്കളുടെ പ്രാർത്ഥനയ്ക്ക് അക്ഷരാർത്ഥത്തിലല്ല മറിച്ച് അതിന്റെ ആന്തരാർത്ഥം അറിഞ്ഞാണു ദൈവം മറുപടി നൽകുന്നത്. നിങ്ങൾ വെള്ളി ചോദിക്കുമ്പോൾ പൊന്നു തന്നാൽ നിങ്ങൾ ദേഷ്യപ്പെടുമോ? ജഡത്തിൽ ഒരു മുള്ളും അതിനു നഷ്ടപരിഹാരമായി ദൈവശക്തിയും നൽകിയപ്പോൾ പൗലൊസ് കൂടുതൽ സമ്പന്നനായി മാറുകയല്ലേ ചെയ്തത്?

സി.എച്ച്. സ്പർജൻ

### ശത്രുവിനെ സ്നേഹിക്കുക, പക്ഷേ..

A Joyful 'toon by Mike Waters




'ആകയാൽ പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ കളങ്കമില്ലാത്തവരും ആയിരിപ്പിൻ...സൂക്ഷിച്ചുകൊൾവിൻ...' *(മത്തായി 10:16)*

# HYPOCRISY AND SPIRITUAL PRIDE

**Hypocrisy:** To be a hypocrite is to give others the impression that we are holier than we actually are. It is the same as being false or telling a lie. Jesus pronounced a curse on hypocrites seven times in Matt. 23:13-29. It is possible to tell a lie without even opening our mouths. Ananias lied to the Holy Spirit without saying a word - when he pretended to be a wholehearted disciple of Jesus (Acts 5:1-5).

Jesus told the Pharisees that their inner life was "full of self indulgence" (Matt. 23:25) - which meant that they lived only to please themselves. Yet they gave others the impression that because they knew the Scriptures well and fasted and prayed and tithed their income, they were holy. They appeared very pious externally. They prayed lengthy prayers in public, but they did not pray at length in private - just like many today. It is hypocrisy if we praise God only on Sunday mornings but do not have a spirit of praise in our hearts at all times.

God looks at our hearts. The wise virgins had a hidden reserve of oil in their vessels while the foolish ones had only enough to light their lamps externally and have a good testimony before men (Matt. 25:1-4).

When we hear of a Christian leader suddenly falling into adultery, we must realize that that was no sudden fall but the final result of a long period of unfaithfulness in his inner life. He was a hypocrite for long!

**Spiritual Pride:** Spiritual pride is the most common sin to be found among those who pursue after holiness. We all know the parable of the self-righteous Pharisee who despised others even in his prayer (Luke 18:9-14)! It is more than likely that 90% of all prayers offered in public by believers are primarily meant to impress others who are listening and not prayed to God at all. The Pharisee in the parable may not have been evil like other sinners in his external life. But Jesus hated the pride with which he thought of his spiritual activities and with which he despised others. It is spiritual pride that makes believers constantly judge other believers.

The tax collector, however, who saw himself as THE sinner - worse than all others - was accepted by God. All who have come face to face with God will have seen themselves at some time, as the chief of sinners.

Jesus taught that the greatest person in heaven would be the humblest (Matt. 18:4). The greatest virtue found in heaven is humility. We see in the book of Revelation that all those who receive crowns in heaven are quick to cast them down before the Lord acknowledging that He alone deserves every crown (Rev. 4:10, 11).

Jesus said that even if we managed to obey EVERY SINGLE commandment of God, we would still be unprofitable servants who have not done anything more than what was expected of us (Luke 17:10)

# എഡിറ്റോറിയൽ

## ജീവന്റെ പങ്കാളിത്തം നൽകുന്ന സ്വാതന്ത്ര്യം



**ഈ** ലോകത്തിന് അതിന്റേതായ ഒരു നീതിബോധമുണ്ട്. ഈ നീതിബോധത്തിൽ അടിസ്ഥാനത്തിൽ അത് കാര്യങ്ങളെ 'തെറ്റ്-ശരി' എന്നു വിലയിരുത്തുന്നു.

എന്നാൽ ലോകത്തിന്റെ ഈ നീതിബോധം വീഴ്ച സംഭവിച്ച ആദാമ്യവർഗ്ഗത്തിന്റേതായതിനാൽ ഇതു ദൈവത്തിനു സ്വീകാര്യമല്ല. ഈ നീതിബോധത്തിന് അതീതനാണ് അവിടുന്ന്. അതുകൊണ്ട് ലോകം തങ്ങളുടെ നീതിബോധത്തിന്റെ അടിസ്ഥാനത്തിലുള്ള തെറ്റ്-ശരി എന്ന പ്രമാണവുമായി ദൈവത്തെ സമീപിക്കുമ്പോൾ അവിടുന്ന് അതിനു വഴങ്ങുന്നില്ലെന്നു ഞെട്ടലോടെ കണ്ടെത്തും.

യേശുവിന്റെ ജീവിതത്തെ 'ശരി-തെറ്റി'ന്റെ അടിസ്ഥാനത്തിൽ വിലയിരുത്താൻ ചെല്ലുമ്പോഴും ഇതേ ഞെട്ടൽ നമുക്ക് അനുഭവപ്പെടുന്നതിന്റെ കാരണം ഇതാണ്. കുഷ്ഠരോഗിയെ തൊട്ടു ശുദ്ധമാക്കുകയും അഞ്ചപ്പം എടുത്തു വാഴ്ത്തി അയ്യായിരങ്ങളെ തൃപ്തരാക്കുകയും ചെയ്ത അതേ കൈകളിൽ ചാട്ടവാർ എടുക്കാൻ യേശുവിനു മടിയുണ്ടായിരുന്നില്ല. 'കരയേണ്ട' എന്നു വിധവയെ ആശ്വസിപ്പിക്കുകയും 'ഭയപ്പെടേണ്ട' എന്നു ശിഷ്യരെ ധൈര്യപ്പെടുത്തുകയും ചെയ്ത അതേ നാവുകൊണ്ടു തന്നെ ഹെരോദാവിനെ കുറുക്കൻ എന്നും പത്രോസിനെ സാത്താനേ എന്നും വിളിക്കാൻ അവിടുന്നു തയ്യാറായി.ദൈവിക ന്യായ പ്രമാണം വള്ളിപുള്ളി തെറ്റാതെ ആചരിച്ച പരീശന്മാരെയും ശാസ്ത്രിമാരെയും വെള്ളതേച്ച ശവക്കല്ലറകളെന്നു വിളിച്ച് 'നിങ്ങൾക്കു കടുപ്പമേറിയ ശിക്ഷാവിധി വരും' എന്ന് യേശു പറഞ്ഞു (മത്തായി 23:13). മറിച്ച് വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയോടു പറഞ്ഞത്:'നിനക്കു ഞാൻ ശിക്ഷ വിധിക്കുന്നില്ല'എന്നാണ്. (യോഹ. 8:11) നോക്കൂ: നമ്മുടെ ശരി-തെറ്റ് സങ്കല്പത്തിന് യേശു വഴങ്ങുന്നില്ല. യേശു ആത്മാവിന്റെ തികഞ്ഞ സ്വാതന്ത്ര്യത്തോടെയാണു ജീവിച്ചത്.

സമൂഹത്തിന്റെ ശരി-തെറ്റ് നീതിബോധത്തെ യേശു വകവെച്ചില്ല. അവിടുന്നു തന്റെ ആന്തരിക ജീവന്റെ ചലനത്തിനൊത്തു മാത്രം പ്രതികരിച്ചു. നാമും യേശുവിനെപ്പോലെ ജീവന്റെ ആത്മാവിന്റെ പ്രമാണത്തിനനുസരിച്ചു പ്രവർത്തിക്കാനാണല്ലോ വിളിക്കപ്പെട്ടിരിക്കുന്നത് (റോമർ 8:2) .അതേ, യേശുവിന്റെ സ്വരൂപത്തോട് അനുരൂപപ്പെടുവാനാണു നമ്മെ മുൻനിയമിച്ചിരിക്കുന്നത് (റോമർ 8:29). പക്ഷേ യേശുവിന്റെ ജീവനിൽ പങ്കാളിത്തമില്ലാതെ യേശുവിനെപ്പോലെ പ്രതികരിക്കാൻ നമുക്കാവുകയില്ല.

ജീവൻ എപ്പോഴും പെരുമാറ്റത്തിലാണു പ്രകടമാകുന്നത്. യേശുവിന്റെ ജീവൻ യേശുവിന്റെ പെരുമാറ്റത്തിൽ പ്രതിഫലിച്ചിരുന്നു. എന്നാൽ യേശുവിന്റെ ജീവനിൽ പങ്കാളിയാകാതെ നമുക്ക് യേശുവിനെപ്പോലെ പെരുമാറാൻ കഴിയുകയില്ല.

വാച്ച് മാൻ നീ ഒരു ഉദാഹരണം ഇങ്ങനെ പറഞ്ഞിട്ടുണ്ട്. പക്ഷിക്കും ജീവനുണ്ട്. മത്സ്യത്തിനും ജീവനുണ്ട്. പക്ഷിയുടെ ജീവന്റെ പ്രത്യേകത പ്രകടമാകുന്നത് അത് ആകാശത്തിലൂടെ പറക്കുന്നതിലൂടെയാണ്. മത്സ്യത്തിന്റെ ജീവൻ വെളിവാകുന്നതാകട്ടെ വെള്ളത്തിലൂടെ അതു നീന്തുന്നതിലൂടെയും. പക്ഷിക്കു വെള്ളത്തിൽ നീന്താനോ മത്സ്യത്തിന് ആകാശത്തു പറക്കാനോ സാധിക്കുകയില്ല. നാം ആകാശത്തുപറക്കുന്ന ഒരു പക്ഷിയെ വെള്ളത്തിൽ നീന്താൻ എത്രയെല്ലാം അഭ്യസിപ്പിച്ചാലും അതിനു അതു കഴിയുകയില്ല. മറിച്ച് മത്സ്യത്തെ എത്രയെല്ലാം പരിശീലിപ്പിച്ചാലും അതിനു പറക്കാനും സാധിക്കുകയില്ല.

എന്നാൽ നമുക്കു പക്ഷിയെക്കൊണ്ട് വെള്ളത്തിൽ നീന്തിക്കണമെന്നിരിക്കട്ടെ. അതിന് എങ്ങനെ കഴിയും? പക്ഷിക്കു മത്സ്യത്തിന്റെ ജീവൻ നൽകാൻ നമുക്കു കഴിയഞ്ഞാൽ ആ ജീവന്റെ സ്വാഭാവിക പ്രതികരണം എന്ന നിലയിൽ അതിനു നീന്താൻ കഴിയും. ഇതുപോലെ മത്സ്യത്തിനു പക്ഷിയുടെ ജീവൻ നൽകാൻ കഴിഞ്ഞാൽ മാത്രമേ അതിനു പറക്കാൻ കഴിയുകയുള്ളു. ചുരുക്കത്തിൽ ജീവനാണു പ്രധാനം. ജീവനിൽ പങ്കാളിയാകാതെ നമുക്കു ജീവന്റെ പ്രത്യക്ഷീകരണമായ പെരുമാറ്റത്തെ സ്വന്തമാക്കാൻ കഴിയുകയില്ല.

തോമസ് കെമ്പിസിന്റെ പ്രസിദ്ധമായ പുസ്തകമാണു ക്രിസ്ത്വാനുകരണം (Imitation of Christ). പുസ്തകം വളരെ മനോഹരമാണെങ്കിലും അതിന്റെ തലക്കെട്ട്, ക്രിസ്ത്വാനുകരണം,തെറ്റായ ഒരു സന്ദേശമാണു നൽകുന്നതെന്നു തോന്നാറുണ്ട്. യേശുവിനെ (യേശുവിന്റെ പെരുമാറ്റത്തെ) അനുകരിച്ചാൽ യേശുവിനെപ്പോലെയാകാൻ കഴിയുമോ? ഇല്ല. ഒരിക്കലുമില്ല. യേശുവിന്റെ പെരുമാറ്റം യേശുവിന്റെ ജീവന്റെ ബഹിർ സ്ഫുരണമായിരുന്നു. യേശുവിന്റെ ഈ ജീവനിൽ പങ്കാളിയാകാതെ, യേശു ജീവിച്ചതു പോലെ ജീവിക്കാനോ യേശു പെരുമാറിയതുപോലെ പെരുമാറാനോ കഴിയുകയില്ല. (വെള്ളത്തിൽ കിടക്കുന്ന മത്സ്യത്തിന് ആകാശത്തിലൂടെ പറക്കാൻ കഴിയണമെങ്കിൽ എന്താണു മാർഗം? പക്ഷിയുടെ പറക്കലിന്റെ താളത്തെ തന്റെ ചിറകുകൊണ്ട് അനുകരിക്കാൻ എത്ര ശ്രമിച്ചാലും മത്സ്യത്തിനു പറക്കാൻ സാധ്യമല്ല. മറിച്ച് അതിന് ഒരേയൊരു വഴി മാത്രം- മത്സ്യത്തിനു പക്ഷിയുടെ ജീവൻ നൽകുക). സ്വഭാവത്തിന്റെ പരിഷ്ക്കരണം കൊണ്ട് നമുക്ക് യേശുവിനെപ്പോലെ ആകാൻ കഴിയുകയില്ല.അതിന് ആവശ്യം ജീവനിൽ ഒരു ജനനമാണ്. 'ജഡത്താൽ ജനിച്ചതു ജഡം ആകുന്നു. ആത്മാവിനാൽ ജനിച്ചത് ആത്മാവാകുന്നു' (യോഹ. 3:6)

ഈ പുതുജനനം, ദമസ്കോസിന്റെ പടിവാതില്ക്കൽ വച്ച് ലഭിച്ചവനായിരുന്നു പൗലൊസ്. എന്നാൽ മുന്നോട്ട് പോയപ്പോൾ തന്റെ ജീവിതത്തിൽ യേശുവിന്റെ ജീവനിലുള്ള പങ്കാളിത്തം കുറവാണെന്നു പൗലൊസ് കണ്ടെത്തി. ഇതാണ് അവനെ റോമർ ഏഴിലെ 'അയ്യോ, ഞാൻ അരിഷ്ടമനുഷ്യൻ' എന്ന നിലവിളിയിലേക്കു നടത്തിയത്. ഇതിനെ തുടർന്നാണ് എട്ടാം അധ്യായത്തിലെ 'ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്കു പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്നു ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു' എന്ന വിജയകരമായ ജീവിതത്തിന്റെ പ്രഖ്യാപനം.

പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്നു സ്വാതന്ത്ര്യം വരുത്തുന്ന യേശുവിന്റെ ജീവനിലുള്ള വർദ്ധമാനമായ പങ്കാളിത്തത്തിലേക്കു പൗലൊസ് വന്നതെങ്ങനെയാണ്? ഗലാത്യർ 2:20 ലാണ് അതിലേക്കുള്ള മാർഗ്ഗം പൗലൊസ് വിവരിക്കുന്നത്: "ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത്."

ഈ വാക്യത്തെ രണ്ടായിതിരിക്കാം. ഒന്നാമത്തേത്: 'ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു.



*(ശേഷം പേജ് 20 ൽ)*

സന്ദേശം

### രണ്ടു വൃക്ഷങ്ങൾ, രണ്ടു പ്രമാണങ്ങൾ II

# ജീവന്റെ ആത്മാവിന്റെ പ്രമാണം

**വാച്ച്മാൻ നീ**

മറ്റൊരു സ്ഥലം ഞാൻ സന്ദർശിച്ചപ്പോൾ അവിടെ സഹോദരന്മാർ സുവിശേഷം പ്രസംഗിക്കുന്നതിൽ വലിയ താൽപര്യം ഉള്ളവരായിരുന്നില്ല എന്നു കണ്ടു.ഇക്കാര്യം അവരെന്നോടു സംസാരിക്കുകയും തങ്ങൾ സുവിശേഷം പ്രസംഗിക്കേണ്ടതല്ലേ എന്ന് എന്നോടു ചോദിക്കുകയും ചെയ്തു. 'വേദശാസ്ത്രപരമായി പറഞ്ഞാൽ അതു വേണ്ടതാണ്' ഞാൻ മറുപടി പറഞ്ഞു. തങ്ങൾക്കും അങ്ങനെ തോന്നുന്നുണ്ടെന്ന് അവർ പറഞ്ഞു. പക്ഷേ അത്ഭുതമെന്നു പറയട്ടെ, ദൈവം ആ കാര്യത്തിൽ അവരുടെ ജീവനെ ഉത്സാഹിപ്പിച്ചില്ല. ഈ സാഹചര്യത്തിൽ ദൈവത്തിനു മുമ്പാകെ നിശ്ശബ്ദരായി നിൽക്കുക മാത്രമാണു കരണീയം.നമ്മുടെ വഴികൾ ശരിയും തെറ്റുംകൊണ്ടല്ല അവിടുത്തെ ജീവനാൽ മാത്രം ഭരിക്കപ്പെടുമ്പോൾ നമുക്ക് മറ്റെന്തു ചെയ്യുവാനാകും?

സഹോദരീ സഹോദരന്മാരേ, രണ്ടു പ്രമാണങ്ങളും തമ്മിലുള്ള അന്തരം

*പരാതി കൂടാതെ ഈ തിന്മ സഹിച്ച സഹോദരന്മാരുടെ ഉള്ളം സത്യത്തിൽ സന്തോഷംകൊണ്ടു നിറയേണ്ടതല്ലേ?അതെ. പക്ഷേ യഥാർത്ഥത്തിൽ അവരുടെ ഹൃദയത്തിൽ സന്തോഷം ഉണ്ടായില്ല.*



**മറുരൂപ മലയിൽ നിയമത്തിന്റെ പ്രതിനിധിയായി മോശെയുണ്ടായിരുന്നു. പ്രവാചകന്മാരെ പ്രതിനിധാനം ചെയ്ത് ഏലിയാവുമുണ്ടായിരുന്നു. നിയമപരമായ മാനദണ്ഡവും പ്രാവചനിക മാനദണ്ഡവും അവിടെയുണ്ടായിരുന്നുവെന്നു സാരം. പക്ഷേ പഴയനിയമ യുഗത്തിൽ നിരന്തരം സംസാരിച്ചുകൊണ്ടിരിപ്പാൻ യോഗ്യരായിരുന്ന ഈ രണ്ടുപേരേയും ദൈവം അവിടെ നിശ്ശബ്ദരാക്കിയ ശേഷം പറഞ്ഞു: 'ഇവൻ എന്റെ പ്രിയ പുത്രൻ. ഇവനു ചെവികൊടുപ്പിൻ.' ഇന്നു ക്രിസ്ത്യാനിയുടെ മാനദണ്ഡം നിയമത്തിന്റേയോ പ്രവാചകന്മാരുടേയോ ആയിരിക്കരുത്. അത് ക്രിസ്തുവായിരിക്കണം, നമ്മിൽ വസിക്കുന്ന ക്രിസ്തു.**

വളരെ വലുതാണ്. ഇപ്പോഴും പലരും ചോദിക്കുന്നത് 'ഞാൻ അതു ചെയ്യുന്നതു ശരിയാണോ? ഇതു ചെയ്യുന്നതിൽ തെറ്റുണ്ടോ?' എന്നാണ്. എന്നാൽ യഥാർത്ഥ ക്രിസ്ത്യാനി ചോദിക്കേണ്ട ഒരേ ഒരു ചോദ്യം 'ഞാൻ ഈ കാര്യം ചിന്തിക്കുമ്പോൾ എന്നിലുള്ള ദിവ്യജീവൻ ഉയരുകയാണോ താഴുകയാണോ ചെയ്യുന്നത്?' എന്നതാണ്. ദിവ്യജീവന്റെ പ്രതികരണമാണ് ഒരോ ഘട്ടത്തിലും എന്റെ വഴി നിശ്ചയിക്കേണ്ടത്. ഹൃദയ സംബന്ധമായ ഒരു കാര്യമാണിത്.

**'ഇവനു ചെവികൊടുപ്പിൻ':**

മറുരൂപ മലയിൽ നിയമത്തിന്റെ പ്രതിനിധിയായി മോശെയുണ്ടായിരുന്നു. പ്രവാചകന്മാരെ പ്രതിനിധാനം ചെയ്ത് ഏലിയാവുമുണ്ടായിരുന്നു. നിയമപരമായ മാനദണ്ഡവും പ്രാവചനിക മാനദണ്ഡവും അവിടെയുണ്ടായിരുന്നുവെന്നു സാരം. പക്ഷേ പഴയനിയമ യുഗത്തിൽ നിരന്തരം സംസാരിച്ചുകൊണ്ടിരിപ്പാൻ യോഗ്യരായിരുന്ന ഈ രണ്ടുപേരേയും ദൈവം അവിടെ നിശ്ശബ്ദരാക്കിയശേഷം പറഞ്ഞു: 'ഇവൻ എന്റെ പ്രിയ പുത്രൻ. ഇവനു ചെവികൊടുപ്പിൻ.'

ഇന്നു ക്രിസ്ത്യാനിയുടെ മാനദണ്ഡം നിയമത്തിന്റേയോ പ്രവാചകന്മാരുടേയോ ആയിരിക്കരുത്. അത് ക്രിസ്തുവായിരിക്കണം. നമ്മിൽ വസിക്കുന്ന ക്രിസ്തു. അതുകൊണ്ട് പ്രസക്തമായ ചോദ്യം 'ഞാൻ ചെയ്യുന്നതു ശരിയാണോ തെറ്റാണോ' എന്നതല്ല 'എന്നിലുള്ള ദിവ്യജീവൻ ഇതു സമ്മതിക്കുന്നുവോ'എന്നതാണ്. നാം പലപ്പോഴും കാണുന്നത് നാം സ്വയം സമ്മതിക്കുന്നതു പലതും ആന്തരിക ജീവൻ സമ്മതിക്കുന്നില്ല എന്നാണല്ലോ. അങ്ങനെയെങ്കിൽ ശരിയെന്നു നാം ചിന്തിക്കുന്നതു മുഖവിലയ്ക്കെടുത്ത് നമുക്ക് എങ്ങനെ പ്രവർത്തിക്കുവാനാകും?

**ദിവ്യജീവനു തൃപ്തിവരണം:**

നെല്പാടം കൃഷിചെയ്തിരുന്ന രണ്ടു സഹോദരന്മാരുടെ കഥ ഞാൻ ഓർക്കുന്നു. അവരുടെ വയൽ ഒരു മലയുടെ ചെരുവിലായിരുന്നു. വലിയ വേനലിൽ അവർ വെള്ളം കോരി തങ്ങളുടെ വയൽ നനച്ചശേഷം രാത്രി വിശ്രമിപ്പാൻ പോയി. രാത്രി ഉറങ്ങുമ്പോൾ അവരുടെ താഴത്തെ പാടത്തെ കർഷകർ വരമ്പിൽ മട വീഴ്ത്തി വെള്ളം മുഴുവൻ തങ്ങളുടെ പാടത്തേക്ക് ഒഴുക്കിക്കൊണ്ടുപോയി. പിറ്റേന്ന് പ്രഭാതത്തിൽ സഹോദരന്മാർ കാര്യം മനസ്സിലാക്കിയെങ്കിലും ഒന്നും മിണ്ടിയില്ല. അവർ വരമ്പു ശരിയാക്കി അന്നും തങ്ങളുടെ പാടത്തു വെള്ളം നിറച്ചിട്ട് വിശ്രമിപ്പാൻ പോയി. അന്നു രാത്രിയും താഴത്തെ പാടത്തിലെ കർഷകർ പഴയതുപോലെ ചെയ്തു. പിറ്റേന്നും സഹോദരന്മാർ ഒന്നും പ്രതികരിച്ചില്ല. തങ്ങൾ ക്രിസ്ത്യാനികളല്ലേ? ഈ പകലത്തെ വെള്ളംകോ





രലും രാത്രിയിലെ ജല മോഷണവും ഏഴു ദിവസം തുടർച്ചയായി നടന്നു. ഈ രണ്ടു സഹോദരന്മാരും ഈ ചതി നിശ്ശബ്ദം സഹിച്ചു. പരാതി കൂടാതെ ഈ തിന്മ സഹിച്ച സഹോദരന്മാരുടെ ഉള്ളം സത്യത്തിൽ സന്തോഷംകൊണ്ടു നിറയേണ്ടതല്ലേ?അതെ.

പക്ഷേ യഥാർത്ഥത്തിൽ അവരുടെ ഹൃദയത്തിൽ സന്തോഷം ഉണ്ടായില്ല. ഒരാഴ്ച മുഴുവൻ ഈ തിന്മ സഹിച്ചിട്ടും തങ്ങൾ ഇപ്പോഴും അസന്തുഷ്ടരായിരിക്കുന്നതെന്താണെന്ന് അവർ മറ്റൊരു സഹോദരനോടു ചോദിച്ചു.അനുഭവസമ്പന്നനായ ആ സഹോദരൻ അവരോടു പറഞ്ഞു: 'മുഴുവൻ ദൂരവും ഇതുവരെ പോയിട്ടില്ലാത്തതുകൊണ്ടാണ് നിങ്ങൾ അസന്തുഷ്ടരായിരിക്കുന്നത്. നിങ്ങൾ ആദ്യം ആ കർഷകരുടെ പാടങ്ങൾ നനയ്ക്കുക. എന്നിട്ടുമതി നിങ്ങളുടെ പാടം – ഇതൊന്നു പരീക്ഷിച്ചു നോക്കുക. നിങ്ങളുടെ ഹൃദയത്തിൽ സ്വസ്ഥത ലഭിക്കുമോ എന്നു കാണാം.'

പിറ്റേന്ന് അവർ വളരെ നേരത്തെ എഴുന്നേറ്റു. ആദ്യം ചെയ്തത് താഴത്തെ പാടങ്ങൾ നനയ്ക്കുകയായിരുന്നു. തങ്ങളുടെ വെള്ളം മോഷ്ടിച്ചവരുടെ പാടങ്ങൾ നനച്ചുകൊണ്ടിരുന്നപ്പോൾ ആ അത്ഭുതം സംഭവിച്ചു - അവരുടെ ഹൃദയം സന്തോഷംകൊണ്ടു നിറയുവാൻ തുടങ്ങി. തങ്ങളെ പീഡിപ്പിച്ചവർക്കുവേണ്ടി എത്രയും കൂടുതൽ ജോലി ചെയ്തോ അത്രയും കൂടുതൽ അവരുടെ ഹൃദയങ്ങളിൽ ആനന്ദം ഉളവായി. ഒടുവിലായി തങ്ങളുടെ പാടങ്ങളും നനച്ചു കഴിഞ്ഞപ്പോഴേക്ക് അവരുടെ ഹൃദയങ്ങൾ പരിപൂർണ്ണ സ്വസ്ഥതയിലെത്തി.അടുത്ത രണ്ടോ മൂന്നോ ദിവസം ഇതാവർത്തിച്ചപ്പോൾ താഴത്തെ പാടക്കാർ വന്ന് അവരോടു ക്ഷമ ചോദിച്ചു. 'ഇതാണു ക്രിസ്തീയതയെങ്കിൽ ഇതേപ്പറ്റി ഞങ്ങൾക്കു കൂടുതൽ അറിയണം' എന്നും അവരാവശ്യപ്പെ

**നമ്മുടെ എല്ലാ പെരുമാറ്റങ്ങളും ജീവന്റെ പ്രമാണത്താൽ നിയന്ത്രിക്കപ്പെടണം.ജീവന്റെ നിലവാരത്തിൽനിന്നു മാറി, ശരിയായുള്ളതു ചെയ്താൽപോലും അതിനു ദൈവികമായ അംഗീകാരം ലഭിക്കുകയില്ല. എന്റെ ആന്തരിക ജീവനെ ശോഷിപ്പിക്കുന്ന തരത്തിൽ ഞാൻ ചെയ്ത 'നല്ല പ്രവൃത്തികളെപ്പോലും പാപമായി കണക്കാക്കി ദൈവമുമ്പാകെ ക്ഷമയ്ക്കുവേണ്ടി അടുത്തുചെല്ലേണ്ടതുണ്ട്. പൗലൊസ് പറയുന്നു: 'എനിക്കു യാതൊരു കുറ്റത്തെക്കുറിച്ചും ബോധമില്ലെങ്കിലും അതിനാൽ ഞാൻ നീതിമാൻ എന്നു വരികയില്ല. എന്നെ വിധിക്കുന്നതു കർത്താവ് ആകുന്നു.' താൻ തെറ്റൊന്നും ചെയ്തിട്ടില്ലെങ്കിലും തന്നെ സംബന്ധിച്ചുള്ളതെല്ലാം ശരിയാണെന്നു പറയാൻ പൗലൊസ് ധൈര്യപ്പെടുന്നില്ല.**

ട്ടു.

ജീവന്റെ പ്രമാണവും തെറ്റും ശരിയുടേയും പ്രമാണവും തമ്മിലുള്ള വ്യത്യാസം നമ്മൾ ഇവിടെ കാണുന്നു.ആ രണ്ടു സഹോദരന്മാരും വളരെ ക്ഷമയുള്ളവരായിരുന്നു.അതു വേണ്ടതല്ലേ? അവർ കൊടും ചൂടിൽ തങ്ങളുടെ പാടം നനയ്ക്കുകയും വെള്ളം മോഷ്ടിച്ചവർക്കെതിരെ ഒരു വാക്കുപോലും ഉരിയാടാതിരിക്കുകയും ചെയ്തു. അതും വളരെ നല്ല കാര്യമല്ലേ? ശരിയാണ്. പക്ഷേ എന്തുകൊണ്ട് അവരുടെ ഹൃദയങ്ങൾ സ്വസ്ഥമായില്ല?അവർ ഏറ്റവും ശരിയായതും നന്മയായതും ചെയ്തു.മനുഷ്യർ അവരിൽനിന്നു ക്രിസ്ത്യാനികളെന്ന നിലയിൽ പ്രതീക്ഷിക്കുന്നതെല്ലാം അവർ ചെയ്തു. പക്ഷേ ദൈവം തൃപ്തനായില്ല. ദൈവജീവനെ തൃപ്തിപ്പെടുത്തുവാൻ കഴിയാതെ പോയതുകൊണ്ട്

**ഗിരിപ്രഭാഷണം സത്യത്തിൽ എന്താണ്? ദൈവം നമ്മിൽ വച്ചിരിക്കുന്ന ആന്തരിക ജീവന്റെ നിലവാരമല്ലേ അവിടെ വെളിപ്പെടുത്തിയിരിക്കുന്നത്? ശരിയായതു ചെയ്താൽ മതി എന്നാണോ ഗിരിപ്രഭാഷണം പഠിപ്പിക്കുന്നത്? പലരും പറയാറുണ്ട് മത്തായി അഞ്ചു മുതൽ ഏഴുവരെയുള്ള അധ്യായങ്ങൾ വളരെ കഠിനമാണ്. മനുഷ്യർക്ക് അപ്രാപ്യമായ കാര്യമാണ് എന്ന്. പക്ഷേ പ്രധാന വസ്തുത ഇതാണ്. നിങ്ങൾക്ക് ഒരു ആന്തരിക ജീവൻ ഉണ്ട്. അതു നിങ്ങളോടു പറയുന്നത് ഗിരിപ്രഭാഷണത്തിന്റെ നിലവാരത്തിൽ പ്രതികരിച്ചില്ലെങ്കിൽ ഹൃദയത്തിൽ സമാധാനം ലഭിക്കുകയില്ല എന്നാണ്. പ്രസക്തമായ ചോദ്യം ഇതാണ്: ജീവന്റെ വഴിയിലാണോ നിങ്ങൾ പോകുന്നത്? അതോ തെറ്റിന്റെയും ശരിയുടേയും മാർഗത്തിലാണോ?**

അവർക്കു സ്വസ്ഥത ലഭിച്ചില്ല. ഒടുവിൽ ദൈവിക മാനദണ്ഡത്തിനൊപ്പം അവർ ഉയർന്നപ്പോൾ ഹൃദയത്തിൽ സന്തോഷവും സമാധാനവും ലഭിച്ചു. ആന്തരിക ജീവന്റെ നിലവാരത്തിനൊപ്പം ഉയരുക. ദൈവിക തൃപ്തിക്കു താഴെ നിന്നുപോകാതിരിക്കുക.

ഗിരിപ്രഭാഷണം സത്യത്തിൽ എന്താണ്? ദൈവം നമ്മിൽ വച്ചിരിക്കുന്ന ആന്തരിക ജീവന്റെ നിലവാരമല്ലേ അവിടെ വെളിപ്പെടുത്തിയിരിക്കുന്നത്? ശരിയായതു ചെയ്താൽ മതി എന്നാണോ ഗിരിപ്രഭാഷണം പഠിപ്പിക്കുന്നത്? മനുഷ്യർ ചോദിക്കാറുണ്ട്: ആരെങ്കിലും ഒരു ചെകിട്ടത്തടിച്ചാൽ മറ്റേതു കാണിച്ചുകൊടുക്കുന്നത് എന്തിനാണ്? ഒരു കരണത്തടിക്കുന്നതു നിശ്ശബ്ദം സഹിക്കുന്നതു കൊണ്ടുതന്നെ ന്യായമായതു ചെയ്തല്ലോ.

പക്ഷേ ദൈവം പറയുന്നതു മറ്റൊന്നാണ്. ഒരു ചെകിട്ടത്തടിക്കുമ്പോൾ മറ്റൊന്നും ചെയ്യാതെ തല കുനിച്ച് അവിടെനിന്നു പോകുന്നതുകൊണ്ടു മാത്രം ആന്തരിക ജീവൻ തൃപ്തി അടയുകയില്ല.മറ്റെ ചെകിടുകൂടെ അടിക്കുന്നവനു കാണിച്ചുകൊടുത്താലേ ആന്തരികമായ തൃപ്തി ഉണ്ടാകൂ. ഉള്ളിൽ ഒരു പ്രതിഷേധവും ഇല്ലെന്നാണ് ആ പ്രവൃത്തി വെളിപ്പെടുത്തുന്നത്. ജീവന്റെ മാർഗം അതാണ്.

പലരും പറയാറുണ്ട് മത്തായി അഞ്ചു മുതൽ ഏഴുവരെയുള്ള അധ്യായങ്ങൾ വളരെ കഠിനമാണ്. മനുഷ്യർക്ക് അപ്രാപ്യമായ കാര്യമാണ് എന്ന്. പക്ഷേ പ്രധാന വസ്തുത ഇതാണ്. നിങ്ങൾക്ക് ഒരു ആന്തരിക ജീവൻ ഉണ്ട്. അതു നിങ്ങളോടു പറയുന്നത് ഗിരിപ്രഭാഷണത്തിന്റെ നിലവാരത്തിൽ പ്രതികരിച്ചില്ലെങ്കിൽ ഹൃദയത്തിൽ സമാധാനം ലഭിക്കുകയില്ല എന്നാണ്. പ്രസക്തമായ ചോദ്യം ഇതാണ്: ജീവന്റെ വഴിയിലാണോ നിങ്ങൾ പോകുന്നത്? അതോ തെറ്റിന്റെയും ശരിയുടേയും മാർഗത്തിലാണോ?

**നമ്മുടെ എല്ലാ പ്രവർത്തനവും ജീവനാൽ നിയന്ത്രിക്കപ്പെടട്ടെ:**

സഹോദരി സഹോദരന്മാരെ, ഞാൻ ആവർത്തിക്കട്ടെ: നമ്മുടെ എല്ലാ പെരുമാറ്റങ്ങളും ജീവന്റെ പ്രമാണത്താൽ നിയന്ത്രിക്കപ്പെടണം.ജീവന്റെ നിലവാരത്തിൽനിന്നു മാറി, ശരിയായുള്ളതു ചെയ്താൽപോലും അതിനു ദൈവികമായ അംഗീകാരം ലഭിക്കുകയില്ല. എന്റെ ആന്തരിക ജീവനെ ശോഷിപ്പിക്കുന്ന തരത്തിൽ ഞാൻ ചെയ്ത 'നല്ല പ്രവൃത്തികളെപ്പോലും പാപമായി കണക്കാക്കി ദൈവമുമ്പാകെ ക്ഷമയ്ക്കുവേണ്ടി അടുത്തുചെല്ലേണ്ടതുണ്ട്. 1 കൊരിന്ത്യർ 4:4–ൽ പൗലൊസ് പറയുന്നു: 'എനിക്കു യാതൊരു കുറ്റത്തെക്കുറിച്ചും ബോധമില്ലെങ്കിലും അതിനാൽ ഞാൻ നീതിമാൻ എന്നു വരികയില്ല. എന്നെ വിധിക്കുന്നതു കർത്താവ് ആകുന്നു.' താൻ തെറ്റൊന്നും ചെയ്തിട്ടില്ലെങ്കിലും തന്നെ സംബന്ധിച്ചുള്ളതെല്ലാം ശരിയാണെന്നു പറയാൻ പൗലൊസ് ധൈര്യപ്പെടുന്നില്ല. കർത്താവാണു തന്റെ ന്യായാധിപതി എന്ന് പൗലൊസ് അംഗീകരിക്കുന്നു. സിംഹാസനത്തിലിരുന്നു കർത്താവു നമ്മെ ന്യായം വിധിക്കും. പക്ഷേ തന്റെ ജീവൻ ഇപ്പോൾ തന്നെ നമ്മുടെ വഴികളെ നിയന്ത്രിക്കുന്നുണ്ട്.അതുകൊണ്ടാണ് പൗലൊസ് 2 കൊരിന്ത്യർ 5: 7ൽ 'നാം കാഴ്ചയാലല്ല വിശ്വാസത്താലത്രേ നടക്കുന്നത്' എന്നു പറയുന്നത്. പുറംകാഴ്ചയുടെ വെളിച്ചത്തിൽ നിയമപരമായ ഒരു നിലവാരത്തിൽ നിന്നുകൊണ്ടല്ല നാം തീരുമാനം എടുക്കുന്നത്. മറിച്ച് ആന്തരികമായ ഒരു ജീവന്റെ അടിസ്ഥാനത്തിലാണ്. യേശു നമ്മുടെ ഉള്ളിൽ വസിച്ചുകൊണ്ട് നിരന്തരം നമുക്കു തന്നെത്തന്നെ വ്യക്തമാക്കി തരുന്നുണ്ട്. അതുകൊണ്ട് തന്റെ ജീവനോടു വളരെ സ്പർശ്യത ഉള്ളവരായിരിക്കുകയും ആ ജീവൻ എന്താണു പറയുന്നതെന്നു തിരിച്ചറിയാൻ അഭ്യസിക്കുകയും വേണം. തെറ്റിന്റേയും ശരിയുടേയും അപ്പുറത്ത് ജീവന്റെ പ്രമാണത്താൽ ഭരിക്കപ്പെടുമെങ്കിൽ നമ്മുടെ ജീവിതത്തിൽ വലിയ മാറ്റം വരുംനാളുകളിൽ ഉണ്ടാകും.

ആമേൻ.

❖





സഭയുടെ പരിപാലനം–I

# സഭയിലുണ്ടാകുന്ന വിയോജിപ്പുകൾ

**സാക് പുന്നൻ**

ആദിമ അപ്പോസ്തലന്മാരുടെ കാലത്തു തന്നെ ദൈവജനത്തിന്റെ ഇടയിൽ വിയോജിപ്പുകളുണ്ടായിരുന്നു. നമ്മുടെ മനസ്സ് അപക്വവും പാപപങ്കിലവുമാണെന്നതാണ് ഇതിന് ഒരു കാരണം. അതുകൊണ്ട് തന്നെ ദൈവത്തേയും അവിടുത്തെ വഴികളേയും കുറിച്ചുള്ള നമ്മുടെ അറിവ് പൂർണ്ണമല്ല. പൗലൊസ് പറയുന്നു "നാം കണ്ണാടിയിൽ എന്നപോലെ അവ്യക്തമായികാണുന്നു" (1 കൊരി. 13:11). അതുകൊണ്ട് വിവിധ സാഹചര്യങ്ങളിൽ ദൈവഹിതം മനസ്സിലാക്കുവാൻ നാം ശ്രമിക്കുമ്പോൾ, നമ്മുടെ കാഴ്ചപാടുകൾ വ്യത്യസ്തമായിരിക്കാം. അതു തിരിച്ചറിയുവാനുള്ള കാഴ്ച നമുക്കെല്ലാവർക്കും എല്ലാ സമയവും ഉണ്ടാകണം. ഇതിന്റെ അർത്ഥം നാം എക്കാലവും ദൈവിക വഴികളെക്കുറിച്ച് അജ്ഞരായിരിക്കണമെന്നല്ല. നാം പൂർണ്ണ ഹൃദയത്തോടെ ദൈവത്തെ അനുസരിക്കുവാൻ ശ്രമിക്കുകയും അങ്ങനെ പക്വതയിലേക്കു വളരുകയും ചെയ്യുമ്പോൾ ദൈവഹിതം സംബന്ധിച്ച് നമുക്കുള്ള തിരിച്ചറിവ് കൂടുതൽ കൂടുതൽ തികവുള്ളതായി കൊണ്ടിരിക്കും.

അതിനാൽ വിയോജിപ്പുകൾക്കും വിഭജനങ്ങൾക്കും ഉള്ള ഒരു കാരണം നേതാക്കന്മാർക്കിടയിലെ പക്വതയില്ലായ്മയാണ്. പൗലൊസും ബർന്നബാസും ചെറുപ്പക്കാരായ അപ്പോസ്തലന്മാർ ആയിരുന്ന

**ദൈവവേലയ്ക്കായി നാം പണം ശേഖരിക്കുന്ന രീതി വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. കാരണം ദൈവവും പണവുമാണ് ലോകത്തിലുള്ള രണ്ടു യജമാനന്മാർ എന്നാണ് യേശു പറഞ്ഞിട്ടുള്ളത് . യേശുവും പൗലൊസും പണം ശേഖരിച്ചതു പോലെ വേണം ദൈവവേലയ്ക്കായി പണം ശേഖരിക്കേണ്ടത് . അവർ തങ്ങളുടെ സ്വർഗ്ഗീയ പിതാവിൽ ആശ്രയിച്ച് തങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾ അവിടുത്തോടു മാത്രം പറഞ്ഞു. വളരെ സമ്പന്നനായ ഒരു സ്വർഗ്ഗീയ പിതാവ് നമുക്കുള്ളതിനാൽ നമ്മുടെ സാമ്പത്തിക ആവശ്യങ്ങൾ ഒരിക്കലും ഒരു മനുഷ്യനേയും അറിയിക്കരുത്.**

പ്പോൾ, അവർ ഒരുമിച്ചു പ്രവർത്തിക്കുന്നതിനായി ദൈവത്താൽ നിയമിക്കപ്പെട്ടവരായിരുന്നെങ്കിലും ചെറുപ്പക്കാരനായ ഒരു സഹപ്രവർത്തകനെസ്വീകരിക്കണമോ വേണ്ടയോ എന്നതിനെചൊല്ലി വിയോജിപ്പുണ്ടാവുകയും അവർ പരസ്പരം വേർപിരിയുകയും ചെയ്തു (അപ്പോ. പ്രവൃ. 15: 36–40). അവർക്കിടയിലെ ആ തർക്കം എങ്ങനെപരിഹരിക്കണമെന്നു മനസ്സിലാക്കുവാൻ തക്ക പക്വത അവർക്കപ്പോൾ ഇല്ലായിരുന്നു. എന്നാൽ ദൈവം അപ്പോഴും അവരോട് കരുണ കാണിച്ച് അവരെ തുടർന്നും ഉപയോഗിച്ചു.

എന്നിരുന്നാലും ചില അവസരത്തിൽ, സ്വാർത്ഥരും പ്രബലരുമായ ചില സഹോദരന്മാർ സഭയിൽ അവരുടെ സ്വകാര്യ സാമ്രാജ്യം പണിയുവാൻ ശ്രമിക്കുന്നതിനാൽ ദൈവമക്കളുടെ ഇടയിൽ ഭിന്നത ഉണ്ടാകാറുണ്ട്. പൗലൊസ് വിട്ടു പോയതിനുശേഷം എഫെസോസിലെ സഭ പല വിഭാഗങ്ങളായി പിളർന്നു.കാരണം സ്വാർത്ഥരായ മൂപ്പന്മാർ ചെറിയ കൂട്ടങ്ങളെ തങ്ങളിലേക്ക് അടുപ്പിച്ചു (അപ്പോ. പ്രവൃ. 20:30). പൗലൊസിന്റെ സഹപ്രവർത്തകനായിരുന്ന ദേമാസ് അദ്ദേഹത്തെ വിട്ടുപോയി.കാരണം അവൻ ലോകത്തിലുള്ള എന്തിനെയോ ആഗ്രഹിച്ചു. അത് ഒരുപക്ഷേ പണമാകാം. അല്ലെങ്കിൽ മനുഷ്യരിൽ നിന്നുള്ള പുകഴ്ചയും മാനവും ആകാം. അല്ലെങ്കിൽ ഒരു സ്വകാര്യ അനുയായിവൃന്ദമാകാം. (2 തിമോ. 4:10). ഇതേ കാര്യം ഇന്നും നടക്കുന്നു.

ക്രിസ്തീയ വേലക്കാർക്കിടയിൽ സാരമായ അഭിപ്രായ വ്യത്യാസങ്ങളുണ്ടാകാറുള്ള രണ്ടു മേഖലകൾ ഇവയാണ്. പണസംബന്ധമായ കാര്യങ്ങളും, സഭയുടെ നേതൃത്വം സംബന്ധിച്ച കാര്യങ്ങളും.

ദൈവവേലയ്ക്കായി നാം **പണം** ശേഖരിക്കുന്ന രീതി വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. കാരണം ദൈവവും പണവുമാണ് ലോകത്തിലുള്ള രണ്ടു യജമാനന്മാർ എന്നാണ് യേശു പറഞ്ഞിട്ടുള്ളത് (ലൂക്കോ. 16:13). യേശുവും പൗലൊസും പണം ശേഖരിച്ചതു പോലെ വേണം ദൈവവേലയ്ക്കായി പണം ശേഖരിക്കേണ്ടത്: അവർ തങ്ങളുടെ സ്വർഗ്ഗീയ പിതാവിൽ ആശ്രയിച്ച് തങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾ അവിടുത്തോടു **മാത്രം** പറഞ്ഞു.

വളരെ സമ്പന്നനായ ഒരു സ്വർഗ്ഗീയ പിതാവ് നമുക്കുള്ളതിനാൽ നമ്മുടെ സാമ്പത്തിക ആവശ്യങ്ങൾ ഒരിക്കലും ഒരു മനുഷ്യനേയും അറിയിക്കരുത്. ഒരു കോടീശ്വരന്റെ പുത്രൻ ആരോടെങ്കിലുമൊക്കെ പണം ചോദിക്കുന്നത് തന്റെ പിതാവിനെഅപമാനിക്കുന്നതിനു തുല്യമാണ്. അതുപോലെ തന്നെ നാം നമ്മുടെ





ശുശ്രൂഷകൾക്കായുള്ള സാമ്പത്തിക ആവശ്യങ്ങൾ മനുഷ്യരെ അറിയിക്കുമ്പോൾ നാം ദൈവത്തെ അപമാനിക്കുകയാണ്. അതു കൊണ്ടാണ് യേശുവും അപ്പോസ്തലന്മാരും തങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾ ആരോടും വെളിപ്പെടുത്താഞ്ഞത്. അവരുടെ സ്വർഗ്ഗീയ പിതാവിനോട് മാത്രം അവർ പറഞ്ഞു. അവിടുന്നു അവരുടെ ആവശ്യങ്ങൾക്കു ധാരാളമായി നൽകുകയും ചെയ്തു.

**സഭാനേതൃത്വം** സംബന്ധിച്ച കാര്യങ്ങളിലും പുതിയനിയമം പഠിപ്പിക്കുന്ന ഒരു മാതൃക നാം കൃത്യമായി പിന്തുടരണം. സഭാ നേതാക്കന്മാർ അവരുടെ സഭയെ ഒരു ശരീരം എന്നപോലെ വേണം പണിയുവാൻ. അതിനായി അതിലെ ഓരോ അംഗത്തെയും അവരവരുടെ കർത്തവ്യം പൂർണ്ണമായി നിറവേറ്റുന്നതിന് ഉത്സാഹിപ്പിക്കണം. അല്ലാതെ ഒരു വ്യക്തി നയിക്കുന്ന സഭാവിഭാഗം പോലെയല്ല സഭ പണിയേണ്ടത്. അവർ നിരന്തരം ചെറുപ്പക്കാരെ പരിശീലിപ്പിക്കുകയും അവരെ എത്രയും പെട്ടെന്നു പക്വതയിലേക്കു നയിക്കുകയും വേണം. അങ്ങനെക്രമേണ ഈ ചെറുപ്പക്കാർ നേതൃത്വത്തിലേക്കു വരണം. പൗലൊസ് തിമൊഥെയോസിനോട് മറ്റു ചെറുപ്പക്കാരെ പരിശീലിപ്പിക്കുവാൻ പ്രാപ്തരാകത്തക്കവണ്ണം ചില ചെറുപ്പക്കാരെ പരിശീലിപ്പിക്കുവാൻ ആവശ്യപ്പെടുന്നു (2 തിമോ. 2:1,2). ഇതാണ് പുതിയ നിയമ ശുശ്രൂഷ. എന്നാൽ പലരും ദൈവത്താൽ അഭിഷിക്തനായ ദാവീദിനു സിംഹാസനം ഒഴിഞ്ഞു കൊടുക്കുവാൻ വിമുഖത കാണിച്ച ശൗൽ രാജാവിനെപോലെയാണെന്നതാണ് ദുഃഖകരമായ കാര്യം (1 ശമൂ.18:8) . ചെറുപ്പക്കാർക്കു തങ്ങളുടെ സിംഹാസനം വിട്ടു കൊടുക്കാത്ത ധാരാളം "ശൗലു"മാർ ഇന്നു ക്രിസ്തീയ ഗോളത്തിലുണ്ട്. **അങ്ങനെയുള്ള മൂപ്പന്മാർ എത്ര നല്ലവരും വരപ്രാപ്തരും ആണെങ്കിലും ദൈവവേലയ്ക്ക് ഒരു തടസ്സമാണ്.**

**പൗലൊസ് തിമൊഥെയോസിനോട് മറ്റു ചെറുപ്പക്കാരെ പരിശീലിപ്പിക്കുവാൻ പ്രാപ്തരാകത്തക്കവണ്ണം ചില ചെറുപ്പക്കാരെ പരിശീലിപ്പിക്കുവാൻ ആവശ്യപ്പെടുന്നു. ഇതാണ് പുതിയ നിയമ ശുശ്രൂഷ. എന്നാൽ പലരും ദൈവത്താൽ അഭിഷിക്തനായ ദാവീദിനു സിംഹാസനം ഒഴിഞ്ഞു കൊടുക്കുവാൻ വിമുഖത കാണിച്ച ശൗൽ രാജാവിനെ പോലെയാണെന്നതാണ് ദുഃഖകരമായ കാര്യം. ചെറുപ്പക്കാർക്കു തങ്ങളുടെ സിംഹാസനം വിട്ടു കൊടുക്കാത്ത ധാരാളം "ശൗലു"മാർ ഇന്നു ക്രിസ്തീയ ഗോളത്തിലുണ്ട്. അങ്ങനെയുള്ള മൂപ്പന്മാർ എത്ര നല്ലവരും വരപ്രാപ്തരും ആണെങ്കിലും ദൈവവേലയ്ക്ക് ഒരു തടസ്സമാണ്.**

മേൽപ്പറഞ്ഞ **രണ്ടു** മേഖലകളെ സംബന്ധിച്ച് യേശുവും അപ്പോസ്തലന്മാരും ശരിയായ മാതൃക നമുക്കു നൽകിയിട്ടുണ്ട്. ഒരു പുതിയ നിയമ സഭ പണിയുവാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ അതാണ് നാം ഓരോരുത്തരും പിന്തുടരേണ്ടത്.

വീണ്ടും ജനിച്ച **എല്ലാ** വിശ്വാസികളോടും നമുക്കു തീർച്ചയായും **കൂട്ടായ്മ** ആകാം. മുകളിൽ പറഞ്ഞ വിഷയങ്ങളിൽ നമ്മോടു വിയോജിക്കുന്നവരോടു പോലും **അവർ നിർമലഹൃദയമുള്ളവരെങ്കിൽ** ആകാം (2 തിമൊ. 2:22 കാണുക).എന്നാൽ ബൈബിൾ നമുക്കു നൽകുന്ന മുന്നറിയിപ്പ് "നിങ്ങൾ പഠിച്ച ഉപദേശത്തിനു വിപരീതമായി ദ്വന്ദ്വപക്ഷങ്ങളെയും ഇടർച്ച

## ധ്യാനചിന്തകൾ

ശരിയായ ആസൂത്രണം ഇല്ലാതെ നിങ്ങൾ ഒരു ബിസ്സിനസ്സ് ആരംഭിക്കുകയില്ല. അങ്ങനെയെങ്കിൽ സമ്പൂർണ്ണമായ സമർപ്പണം കൂടാതെ നിങ്ങൾക്കെങ്ങനെ ക്രിസ്തുവിനെ പിൻതുടരുവാൻ കഴിയും? (ലൂക്കോസ് 14:28)

❖ ❖

ജീവിതം ഒരു ഹ്രസ്വദൂര ഓട്ടമല്ല. അതൊരു മാരത്തോൺ ഓട്ടമാണ്. അതിന് ആവശ്യം അച്ചടക്കവും സഹിഷ്ണുതയുമാണ്. (എബ്രായർ 12:1)

❖ ❖

കൊച്ചു കാര്യങ്ങളിലാണു സ്വഭാവം വെളിവാകുന്നത്. മറ്റാരും ശ്രദ്ധിക്കാതിരിക്കുമ്പോൾ നിങ്ങൾ എന്താണോ അതാണ് ശരിയായ നിങ്ങൾ. (ലൂക്കോസ് 16:10)

❖ ❖

അധികാരം ദുഷിപ്പിക്കും; ഉയരത്തിലേക്കു കയറുമ്പോൾ വീഴ്ചയെക്കുറിച്ചു കൂടുതൽ ജാഗരൂകരാകുക ( 2ദിനവൃത്താന്തം 26:16)

❖ ❖

തന്റെ സുപ്രധാന തീരുമാനങ്ങളെ യേശു പ്രാർത്ഥനകൊണ്ടു പൊതിഞ്ഞിരുന്നു; നിങ്ങളോ? (ലൂക്കോസ് 6:12,13)

കളെയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചുകൊള്ളണമെന്നു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. **അവരോട് അകന്നു മാറുവീൻ**. അങ്ങനെയുള്ളവർ നമ്മുടെ കർത്താവായ ക്രിസ്തുവിനെയല്ല,തങ്ങളുടെ വയറിനെയത്രേ സേവിക്കുകയും ചക്കരവാക്കും മുഖസ്തുതിയും പറഞ്ഞു സാധുക്കളുടെ ഹൃദയങ്ങളെ വഞ്ചിച്ചുകളയുകയും ചെയ്യുന്നു(റോമർ16:17,18)" എന്നാണ്. അതായത് പിണക്കം, സഭയിൽ ഭിന്നത എന്നിവ ഉണ്ടാക്കുന്നവർ, കുറ്റാരോപണത്തിന്റെ ആത്മാവുള്ളവർ, നമ്മുടെ ഹൃദയത്തിൽ ഏതെങ്കിലും മാലിന്യം കൊണ്ടുവരുന്നവർ എന്നിവരുമായുള്ള **കൂട്ടായ്മ പൂർണമായി ഒഴിവാക്കണം.**

**ഒരുമിച്ച് പ്രവർത്തിക്കേണ്ട കാര്യം** വരുമ്പോൾ ഇത്തരം പ്രധാനപ്പെട്ട വിഷയങ്ങളിൽ നമ്മുടെ കാഴ്ചപ്പാടുകളോട് ഐക്യതയുള്ളവരുമായി മാത്രമേ അതു സാധിക്കൂ. "തമ്മിൽ യോജിച്ചിട്ടല്ലാതെ രണ്ടുപേർ ക്ക് ഒരുമിച്ച് നടക്കാമോ" (ആമോസ് 3:3).

പല വിയോജിപ്പുകളും നിസ്സാരമാണ്. അതിനാൽ അവയെ മറികടന്ന് വിയോജിപ്പുള്ള സഹോദരന്മാരോടൊത്ത് നമുക്കു ഒരുമിച്ച് പ്രവർത്തിക്കുവാൻ കഴിയും. എന്നാൽ മുകളിൽ പറഞ്ഞിരിക്കുന്ന വിഷയം ഗൗരവമുള്ളതാണ്.

ദൈവവചനം പറയുന്ന കാര്യങ്ങളിൽ വളരെ ചെറിയ ഒത്തുതീർപ്പുകൾക്കു പോലും നമ്മൾ വഴങ്ങുകയില്ല. ഇത്തരത്തിൽ ഒട്ടും ഒത്തുതീർപ്പില്ലാത്ത നമ്മുടെ നിലപാടുകൾ മൂലം ചില സഹോദരന്മാർ നമ്മെ വിട്ടുപോകും. അപ്പോൾ നാം അവരെ അതിനു അനുവദിക്കണം. ഒത്തുതീർപ്പ് ചെയ്ത് അവരെ കൂടെ നിർത്തുവാൻ നാം ശ്രമിക്കരുത്. ദൈവവചനത്തോടു പൂർണ്ണ അനുസരണത്തിന്റെ വഴി തിരഞ്ഞെടുക്കണമോ അതോ ഇത്തരത്തിൽ പ്രധാനപ്പെട്ട കാര്യങ്ങളിൽ ഒത്തുതീർപ്പിന്റെ മാർഗ്ഗം തിരഞ്ഞെടുക്കണമോ എന്നതാണ് ഓരോരുത്തരും തീരുമാനിക്കേണ്ടത്.

❖





സഭയുടെ പരിപാലനം-II

# സഭയിൽ മൂപ്പന്മാരുടെ ശിക്ഷണം

**സാക് പുന്നൻ**

ആദ്യ നൂറ്റാണ്ടിന്റെ അവസാനകാലത്ത്, വിവേചനമില്ലാത്ത പല വിശ്വാസികളും എഫെസോസ് സഭയിലെ ഏറ്റവും മുതിർന്ന മൂപ്പന്റെ എരിവോടെയുള്ള ശുശ്രൂഷയോട് ആകർഷിക്കപ്പെട്ടു. ആ മൂപ്പൻ അല്പം അഹങ്കരിക്കുകയും ദൈവത്തിനു വേണ്ടിയുള്ള തന്റെ വേലയെ ഓർത്ത് ആത്മ പ്രശംസ നടത്തുകയും ചെയ്തിരിക്കാം. എന്നാൽ ദൈവത്തിന് അവനെക്കുറിച്ച് തികച്ചും വ്യത്യസ്തമായ അഭിപ്രായമാണുള്ളതെന്ന കാര്യം ആ വിശ്വാസികൾ (ആ മൂപ്പൻ പോലും) അറിഞ്ഞില്ല. വളരെ മോശം അവസ്ഥയിലേക്കു വീണവനായിട്ടാണ് ദൈവം അവനെകാണുന്നത്. അവന്റെ സഭ ദൈവത്തിന്റെ അംഗീകാരം നഷ്ടപ്പെടുത്തുന്നതിന്റെ വക്കിലാണ് നിൽക്കുന്നത്. കർത്താവ് അവനോട് പറഞ്ഞു: "നിന്റെ സഹിഷ്ണുതയും എന്റെ നാമത്തിനു വേണ്ടി ക്ലേശം സഹിച്ചിട്ടു നീ തളരാതിരുന്നതും എനിക്കറിയാം. എന്നാൽ നിന്റെ ആദ്യ സ്നേഹം ത്യജിച്ചുവെന്ന ഒരു കാര്യം നിനക്കെതിരെ പറയുവാനുണ്ട്. നീ **ഏതിൽ നിന്നും വീണുവെന്ന്** ഗ്രഹിച്ച് **മാനസാന്തരപ്പെട്ട്** ആദ്യത്തെ പ്രവൃത്തി ചെയ്യുക. അല്ലാഞ്ഞാൽ ഞാൻ നിന്റെ അടുക്കൽ വരികയും നീ മാനസാന്തരപ്പെടാതിരുന്നാൽ **നിന്റെ വിളക്കുതണ്ട്** അതിന്റെ സ്ഥാനത്തു നിന്നു **നീക്കി കളയുകയും** ചെയ്യും." (വെളി. 2:3-5).

ആ മൂപ്പൻ തന്റെ ശുശ്രൂഷയെ ദൈവം അനുഗ്രഹിച്ചു എന്നതിൽ വല്ലാതെ അഹങ്കരിച്ചു. അതിനാൽ അവൻ കൃപയിൽ നിന്നു വീണു പോയത് അവനറിഞ്ഞില്ല. തന്റെ സഭയിലെ അംഗങ്ങളുടെ ആദരവും പ്രശംസയും സ്വീകരിച്ച് ജീവിക്കുന്നതിനാൽ തന്റെ നിഗളത്തെ കാണാൻ സാധിക്കാതെവണ്ണം അവർ കുരുടനായിരുന്നു. അതിനാലാണ് അവൻ അനുതപിക്കാതെയിരുന്നാൽ ദൈവത്തിന്റെ അംഗീകാരം അവന്റെ സഭയ്ക്കു നഷ്ടപ്പെടുമെന്ന മുന്നറിയിപ്പ് അപ്പോസ്തലനായ യോഹന്നാനിലൂടെ ദൈവം അവനു നൽകുന്നത് (''നിന്റെ വിളക്കുതണ്ട് അതിന്റെ സ്ഥാനത്തു നിന്നു നീക്കിക്കളയുകയും ചെയ്യും") അവൻ അനുതപിച്ചില്ലെങ്കിൽ എന്താണ്? ദൈവത്തിന്റെ അംഗീകാരം ആ സഭയ്ക്കപ്പോൾ ഉണ്ടാവുകയില്ലെന്നു മാത്രമല്ല, ആ സഭയിലെ ജയാളികൾ അപ്പോഴേക്കും ആ സഭ വിട്ട് മറ്റെവിടെയെങ്കിൽ യോഗം കൂടാൻ തുടങ്ങിയിരിക്കുകയും ചെയ്യും. (വെളി. 2:7).

ഒരു മൂപ്പൻ തന്നെത്താൻ താഴ്ത്തുവാനോ അനുതപിക്കുവാനോ തയ്യാറാവാതെ വരുമ്പോൾ 1 തിമൊഥെയോസ് 5: 19-21 വരെയുള്ള വാക്യങ്ങളിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങളാണ് പിന്തുടരേണ്ടത്.

"രണ്ടോ മൂന്നോ സാക്ഷികൾ കൂടാതെ ഒരു മൂപ്പനെതിരെ ആരോപണം സ്വീകരിക്കരുത്. **പാപത്തിൽ തുടരുന്നവരെ ശാസിക്കണം. മറ്റുള്ളവർ അതു കേട്ട് ഭയപ്പെടട്ടെ. നീ മുഖപക്ഷം കൂടാതെ പ്രവർത്തിക്കണമെന്നും മുൻവിധി കൂടാതെ ഈ നിർദ്ദേശങ്ങൾ പാലിക്കണമെന്നും** ഞാൻ ദൈവത്തേയും ക്രിസ്തുയേശുവിനേയും ശ്രേഷ്ഠ ദൂതന്മാരേയും സാക്ഷിയാക്കി നിന്നോട് കല്പിക്കുന്നു."

**യേശുവിനോട് ക്രൂശ് ഒഴിവാക്കുവാൻ പത്രോസ് ആവശ്യപ്പെടുമ്പോൾ എല്ലാവരുടേയും മുമ്പിൽ വച്ച് പരസ്യമായിട്ടാണ് കർത്താവ് അവനെ "സാത്താനേ" എന്നു വിളിച്ചത് . പത്രോസിനെ മാറ്റി നിർത്തി സ്വകാര്യമായി അവനെ തിരുത്തുന്നതാണ് കൂടുതൽ "ആത്മീയം" എന്നാണ് നമ്മളിൽ പലരും കരുതുന്നത്. എന്നാൽ ദൈവത്തിന്റെ വഴികൾ നമ്മുടെ വഴികൾ അല്ല. എല്ലാവരും കേൾക്കെ പരസ്യമായി യേശു പത്രോസിനെ ശാസിച്ചു. ദേവാലയത്തിൽ ദ്രവ്യാഗ്രഹികളായ ആളുകൾക്കെതിരെ കാർക്കശ്യത്തോടെ പരസ്യമായി ചാട്ടവാറെടുക്കുന്നത് നാം കാണുന്നു. നമ്മിൽ പലരും ഇതിനേക്കാൾ അല്പം കൂടി മൃദുവായ സമീപനം സ്വീകരിക്കുവാനാണ് താൽപര്യപ്പെടുന്നത്.**

ഒരു മൂപ്പനെതിരുത്തുകയോ അച്ചടക്കത്തിലേക്കു നടത്തുകയോ ചെയ്യേണ്ടി വരുമ്പോൾ ആ കാര്യം സഭ മുഴുവൻ അറിഞ്ഞിരിക്കണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ഒരു മൂപ്പന്റെമേൽ അച്ചടക്ക നടപടി സ്വീകരിക്കുന്നത് എന്തു കൊണ്ടാണെന്നത് എല്ലാ വിശ്വാസികളും അറിയുന്നതിനാണ് അങ്ങനെചെയ്യുന്നത്. ഇങ്ങനെചെയ്യുന്നത് ഏതെങ്കിലും മുൻവിധി കൊണ്ടോ അല്ലെങ്കിൽ വ്യക്തിപരമായ പക കൊണ്ടോ ആണെന്ന് അവൻ ചിന്തിക്കരുത്.

അതുകൊണ്ട് ദൈവം മുകളിൽ പറഞ്ഞ എഫെസോസിലെ മൂപ്പനും പിൻമാറ്റത്തിലായിരുന്ന മറ്റു നാലു മൂപ്പന്മാർക്കും അവരുടെ വീഴ്ചകളെ കുറിച്ച് എഴുതുവാൻ യോഹന്നാൻ അപ്പസ്തോലനോട് പറയുമ്പോൾ (വെളി. 2, 3) **ആ കത്തിന്റെ പകർപ്പ് ആ പ്രദേശത്തുള്ള ഏഴു സഭകളിലും പരസ്യമായി വായിക്കുന്നതിനു വേണ്ടി അയയ്ക്കണമെന്നാണ് പറയുന്നത്.** അത്തരത്തിൽ അവരുടെ വീഴ്ചകളെ പരസ്യപ്പെടുത്തുന്നത് തീർച്ചയായും ആ മൂപ്പന്മാർക്കു നാണക്കേടുണ്ടാക്കുന്ന കാര്യമായിരുന്നു. എല്ലാ സഭകളിലും ഇങ്ങനെ കത്തു വായിച്ചു കേട്ടപ്പോൾ ലെവോദിക്യ സഭയിലെ മൂപ്പനും (അവന്റെ കുടുംബാംഗങ്ങൾക്കും) എത്രമാത്രം നാണക്കേടുണ്ടായി കാണും.അവന് "ദൈവത്തിന്റെ ദൃഷ്ടിയിൽ നീ നിർഭാഗ്യവാനും അരിഷ്ടനും, ദരിദ്രനും, കുരുടനും, നഗ്നനും ആണ്'' (വെളി. 3:17) എന്ന പരസ്യശാസനലഭിച്ചു.

സഭയിലെ അംഗങ്ങൾ മൂപ്പനോടു കൂടെ വീണു പോകാതിരിക്കുവാൻ ദൈവം മൂപ്പന്മാരുടെ വീഴ്ചകളെ പരസ്യമായി തുറന്നു കാട്ടുന്നു. ദൈവം ഒരാളെ ഒരു മൂപ്പനായി തന്റെ സഭയിൽ നിയമിക്കുമ്പോൾ അയാൾക്കു വലിയ ബഹുമാനം അതിനാൽ തന്നെ ലഭിക്കുന്നുണ്ട്. എന്നാൽ ആ മൂപ്പൻ നിഗളിച്ച് തന്നെ താൻ താഴ്ത്തുവാൻ വിസ്സമ്മതിച്ചാൽ ദൈവം അവനെതാഴ്ത്തി പരസ്യമായി തുറന്നു കാട്ടുക തന്നെ ചെയ്യും. "വളരെ ലഭിച്ചവനോട് വളരെ ആവശ്യപ്പെടും." (ലൂക്കോ. 12:48).

യേശുവിനോട് ക്രൂശ് ഒഴിവാക്കുവാൻ പത്രോസ് ആവശ്യപ്പെടുമ്പോൾ **എല്ലാവരുടേയും മുമ്പിൽ വച്ച്** പരസ്യമായിട്ടാണ് കർത്താവ് അവനെ **"സാത്താനേ"** എന്നു വിളിച്ചത് (മത്താ. 16:23). പത്രോസിനെമാറ്റി നിർത്തി സ്വകാര്യമായി അവനെതിരുത്തുന്നതാണ് കൂടുതൽ "ആത്മീയം" എന്നാണ് നമ്മളിൽ പലരും കരുതുന്നത്. എന്നാൽ ദൈവത്തിന്റെ വഴികൾ നമ്മുടെ വഴികൾ അല്ല. എല്ലാവരും കേൾക്കെ പരസ്യമായി യേശു പത്രോസിനെശാസിച്ചു. യേശു ശാസിച്ചതിലെ ഏറ്റവും ശക്തമായ ശാസനഅതായിരുന്നു. ദേവാലയത്തിൽ ദ്രവ്യാഗ്രഹിക





ളായ ആളുകൾ ദരിദ്രരെ ചൂഷണം ചെയ്യുന്നതു കണ്ട യേശു ഇതുപോലെ കാർക്കശ്യത്തോടെ പരസ്യമായി അവർക്കെതിരെ ചാട്ടവാറെടുക്കുന്നത് നാം കാണുന്നു (യോഹ. 2:15, 16). നമ്മിൽ പലരും ഇതിനേക്കാൾ അല്പം കൂടി മൃദുവായ സമീപനം സ്വീകരിക്കുവാനാണ് താൽപര്യപ്പെടുന്നത്. "ആലയത്തെക്കുറിച്ചുള്ള എരിവ് യേശുവിനെതിന്നുകളഞ്ഞിരുന്നു'' (യോഹ. 2:17). ഇന്നുള്ള പല വിശ്വാസികളും ഇതൊന്നും അറിയാത്തതിനു കാരണം അവർക്കാർക്കും ഇത്ര എരിവ് ഇല്ലയെന്നുള്ളതാണ്.

ഒരിക്കൽ പത്രോസ് ഒരു കാര്യത്തിൽ ചില വിട്ടുവീഴ്ചകൾ ചെയ്തപ്പോൾ പൗലൊസ് യേശുവിന്റെ മാതൃക അനുകരിച്ചു കൊണ്ട് മറ്റ് വിശ്വാസികളുടെ മുമ്പാകെ പത്രോസിനെശാസിച്ചു. പിന്നീട് പത്രോസിന്റെ ഈ വീഴ്ചയെ കുറിച്ച് ഗലാത്യപ്രദേശത്തുള്ള സഭകളിലെ വിശ്വാസികളോട് പൗലൊസ് എഴുതി അറിയിക്കുകയും ചെയ്യുന്നു (ഗലാ. 2:11-13). പത്രോസിനെപോലെ ദൈവഭക്തനായ ഒരു മനുഷ്യനെക്കുറിച്ച് പൗലൊസ് ഇങ്ങനെഎഴുതിയത്, പ്രത്യേകിച്ച് ഗലാത്യയിലെ അത്ര പക്വതയില്ലാത്ത വിശ്വാസികൾക്കെഴുതിയത്, ഒട്ടും ശരിയായില്ല എന്നായിരിക്കും നമ്മിൽ പലരും ചിന്തിക്കുന്നത്. നാം ദൈവത്തിന്റെ വഴികളെ കുറിച്ച് അജ്ഞരായതു കൊണ്ടാണ് അങ്ങനെചിന്തിക്കുന്നത്. പരിശുദ്ധാത്മാവിനാൽ പ്രേരിതനായിട്ടാണ് പൗലൊസ് അങ്ങനെഎഴുതിയത്.ദൈവത്തിന്റെ വഴികൾ നമ്മുടെ വഴികൾ പോലെയല്ല എന്നു നമ്മെ പഠിപ്പിക്കുന്നതിനു വേണ്ടി അത് ദൈവവചനത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു.ഈ കാര്യം സമ്മതിച്ചുകൊണ്ട് നമ്മെത്തന്നെ താഴ്ത്തുന്നതാണ് നല്ലത്.

**ക്രിസ്ത്രീയ നേതാക്കന്മാർ മറ്റു വിശ്വാസികളുടെ മേൽ സ്വേഛാധികാരിയെ പോലെ പെരുമാറി അവരെ തങ്ങളുടെ ആശ്രിതരാക്കുമ്പോഴും ദൈവനാമം നിന്ദിക്കപ്പെടുകയാണ്. യേശു ഒരു ദാസനെ പോലെ ആയിരുന്നു. മറ്റുള്ളവരുടെ ദാസന്മാരാകുവാനല്ലാതെ "ഉപകാരി" ആകുവാനല്ല അവിടുന്നു തന്റെ ശിഷ്യന്മാരോട് പറഞ്ഞത്. നാം ആളുകൾക്ക് ഉപകാരികളാകുമ്പോൾ നാം അവരെ ക്രിസ്തുവിലേക്കല്ല നമ്മിലേക്കാകും അടുപ്പിക്കുന്നത്.**

പ്രാർത്ഥിക്കുവാൻ ദൈവം നമ്മെ പഠിപ്പിച്ചപ്പോൾ ആ പ്രാർത്ഥനയിലെ ആദ്യ അപേക്ഷ ഇതായിരുന്നു "അങ്ങയുടെ നാമം വിശുദ്ധീകരിക്കപ്പെടേണമേ". ക്രിസ്ത്രീയ പ്രസംഗകർ തങ്ങളുടെ ശുശ്രൂഷയ്ക്കായി പണം ചോദിക്കുമ്പോൾ അവർ ദൈവനാമത്തെ നിന്ദിക്കുകയാണ്. അവൻ **നമ്മുടെ കർത്താവിനെഒരു പണസ്നേഹിയും പണം പിടിച്ചു പറിക്കുന്നവനും ആയി ചിത്രീകരിക്കുന്നു.**

ക്രിസ്ത്രീയ നേതാക്കന്മാർ മറ്റു വിശ്വാസികളുടെ മേൽ **സ്വേഛാധികാരിയെ പോലെ പെരുമാറി അവരെ തങ്ങളുടെ ആശ്രിതരാക്കുമ്പോഴും** ദൈവനാമം നിന്ദിക്കപ്പെടുകയാണ്. യേശു ഒരു ദാസനെപോലെ ആയിരുന്നു. മറ്റുള്ളവരുടെ ദാസന്മാരാകുവാനല്ലാതെ **"ഉപകാരി"** ആകുവാനല്ല അവിടുന്നു തന്റെ ശിഷ്യന്മാരോട് പറഞ്ഞത് (ലൂക്കോ. 22: 25,26). നാം ആളുകൾക്ക് ഉപകാരികളാകുമ്പോൾ നാം അവരെ ക്രിസ്തുവിലേക്കല്ല നമ്മിലേക്കാകും അടുപ്പിക്കുന്നത്. അങ്ങനെസ്വേഛാധികാരി പോലെ നാം മറ്റുള്ളവരോട് പെരുമാറുമ്പോൾ അത് അവർ പക്വതയിലേക്കു വളരുന്നതി

**യേശുക്രിസ്തുവിന്റെ സഭകളിൽ പലതിലും അപ്പോസ്തലിക അധികാരം ഒട്ടും തന്നെ നിലനിൽക്കാത്തതിനാൽ ദൈവത്തിനായി ഒരു ആത്മീയ ശക്തി കേന്ദ്രമാകേണ്ട സഭകൾ പകരം നിർജ്ജീവ മതസ്ഥാപനങ്ങൾ മാത്രമായിരിക്കുന്നു. അതു കൊണ്ടു തന്നെ വിശ്വാസികൾ പാപത്തോട് മൃദു സമീപനമുള്ളവരും ഒത്തു തീർപ്പുകാരും ആയിരിക്കുന്നു. അതിനാൽ അവർ ഒത്തു തീർപ്പുകൾക്കെതിരെയുള്ള എല്ലാ പ്രസംഗത്തേയും "കഠിനമായ സന്ദേശം" എന്നു കരുതുന്ന അവസ്ഥയിലായി.യേശുവിന്റെ ശിഷ്യന്മാരിൽ ചിലർ പോലും അവിടുത്തെ പ്രസംഗം കഠിനമാണെന്നു പറഞ്ഞു വിട്ടു പോയി**

നേയും അവർ അടുത്ത തലമുറയിലെ നേതാക്കന്മാരായി തീരുന്നതിനേയും തടയുന്ന പ്രവൃത്തിയാണ്.

മൂപ്പന്മാരും പ്രസംഗകരും അങ്ങനെദൈവവചനം നിന്ദിക്കുവാൻ ഇടയാക്കുമ്പോൾ അവരുടെ മേൽ കർത്താവിന്റെ അധികാരമുള്ളവർ അവരെ ക്ഷമയോടെ ശാസിക്കുന്നു. അവർ സ്വയം തിരുത്തുന്നില്ലെങ്കിൽ അവരെ പരസ്യമായി തുറന്നു കാട്ടുന്നു. ദൈവം അധികാരം നൽകിയിട്ടുള്ളവർ ദൈവഭവനത്തിന്റെ പരിശുദ്ധിയുടെ കാര്യത്തിൽ യേശുവിലും പൗലൊസിലും വെളിപ്പെട്ട അത്ര എരിവോടെ പ്രതികരിക്കുന്നവരായിരിക്കണം.

ആർക്കാണ് ഒരു മൂപ്പന്റെ മേൽ അച്ചടക്ക നടപടി എടുക്കുവാൻ അധികാരമുള്ളത്? ഉത്തരം വളരെ ലളിതമാണ്. **ഒരു മൂപ്പനെനിയമിച്ചത് ആരാണോ അയാൾക്കാണ് ആ മൂപ്പനെഅച്ചടക്കത്തിലേക്ക് നടത്തുവാനും അധികാരം.** അപ്പോസ്തലപ്രവൃത്തികൾ 14:23 -ൽ അപ്പോസ്തലന്മാരാണ് മൂപ്പന്മാരെ നിയമിക്കുന്നതായി നാം കാണുന്നത്. അതു കൊണ്ട് അവർക്ക് ആ മൂപ്പന്മാരുടെ മേൽ അച്ചടക്ക നടപടിയെടുക്കുവാനും കഴിഞ്ഞു. **ദൈവം അത്തരത്തിൽ ഒരു അധികാരം നിങ്ങൾക്കു നൽകിയിട്ടില്ലെങ്കിൽ ഒരിക്കലും അതിന് ശ്രമിക്കരുത്.**

അപ്പോസ്തലനായ യോഹന്നാൻ തന്റെ തിരുത്തലുകൾ സ്വീകരിക്കാതിരുന്ന ഒരു മൂപ്പനെക്കുറിച്ചെഴുതുന്നു: "സഭയ്ക്കു ഞാൻ ചില കാര്യങ്ങൾ എഴുതിയിരുന്നു. എന്നാൽ അവരിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്ന ദിയൊത്രെഫേസ് ഞങ്ങളെ അംഗീകരിക്കുന്നില്ല. അതു കൊണ്ട് ഞാൻ വന്നാൽ ഞങ്ങളെപ്പറ്റി ദൂഷണം പറയുന്ന അയാളുടെ പ്രവൃത്തി അയാളുടെ ശ്രദ്ധയിൽപ്പെടുത്തും. അയാൾ ആ പ്രവൃത്തി കൊണ്ടും തൃപ്തനാകാതെ സഹോദരന്മാരെ സ്വീകരിക്കുവാൻ വിസ്സമ്മതിക്കുകയും അതിനു താത്പര്യപ്പെടുന്നവരെ തടയുകയും സഭയിൽ നിന്നു പുറത്താക്കുകയും ചെയ്യുന്നു" (3 യോഹ. 9, 10). ദിയൊത്രെഫേസിനെഒരു മൂപ്പനായി നിയമിച്ചത് ഒരുപക്ഷേ യോഹന്നാനായിരിക്കും. തന്നെ ഒരു മൂപ്പനായി നിയമിച്ചപ്പോൾ യോഹന്നാന്റെ അധികാരം അംഗീകരിക്കുന്നതിൽ ദിയൊത്രെഫേസിനു സന്തോഷമായിരുന്നു. എന്നാൽ പിന്നീട് അതേ അപ്പോസ്തലനിൽ നിന്നു ശാസനയും അച്ചടക്ക നടപടിയും സ്വീകരിക്കുവാൻ അവൻ തയ്യാറായിരുന്നില്ല. നിഗളത്താൽ ദിയൊത്രെഫേസ് തനിക്കുണ്ടായിരുന്ന ദാസന്റെ ഇരിപ്പിടം (ഒരു മൂപ്പന്റെ ശരിയായ ഇരിപ്പിടം അതാണ്) ഒരു സിംഹാസനമാക്കുകയും അതിൽ ഒരു രാജാവിനെപ്പോലെയിരിക്കുകയും ചെയ്തു!

ആദിമ നൂറ്റാണ്ടിൽ സഭകൾ സ്ഥാപിക്കുന്ന പ്രവൃത്തി വ്യാപിച്ചപ്പോൾ,





പൗലൊസിനു തനിയെ എല്ലാ സഭകളിലും പോയി മൂപ്പന്മാരെ നിയമിക്കുവാൻ കഴിയാതെ വന്നു. അപ്പോൾ അദ്ദേഹം തനിക്കു വേണ്ടി മൂപ്പന്മാരെ നിയമിക്കുവാൻ തിമൊഥെയോസിനേയും തീത്തോസിനേയും പോലെ തനിക്കു വിശ്വാസമുള്ള ദൈവഭക്തരായ മനുഷ്യരെ നിയമിച്ചു (തിത്തോ. 1:15) പുതിയ നിയമത്തിന്റെ മാതൃക ഇതാണ്.

യേശുക്രിസ്തുവിന്റെ സഭകളിൽ പലതിലും അപ്പോസ്തലിക അധികാരം ഒട്ടും തന്നെ നിലനിൽക്കാത്തതിനാൽ ദൈവത്തിനായി ഒരു ആത്മീയ ശക്തി കേന്ദ്രമാകേണ്ട സഭകൾ പകരം നിർജ്ജീവ മതസ്ഥാപനങ്ങൾ മാത്രമായിരിക്കുന്നു. അതു കൊണ്ടു തന്നെ വിശ്വാസികൾ പാപത്തോട് മൃദു സമീപനമുള്ളവരും ഒത്തു തീർപ്പുകാരും ആയിരിക്കുന്നു. അതിനാൽ അവർ ഒത്തു തീർപ്പുകൾക്കെതിരെയുള്ള എല്ലാ പ്രസംഗത്തേയും "കഠിനമായ സന്ദേശം" എന്നു കരുതുന്ന അവസ്ഥയിലായി. യേശുവിന്റെ ശിഷ്യന്മാരിൽ ചിലർ പോലും അവിടുത്തെ പ്രസംഗം കഠിനമാണെന്നു പറഞ്ഞു വിട്ടു പോയി (യോഹ. 6: 60-66) കാണുക.

പൗലൊസിന്റെ ജീവിതാവസാനമായപ്പോൾ അദ്ദേഹത്തിന്റെ പല സഹപ്രവർത്തകരും **പൗലൊസിന്റെ സന്ദേശങ്ങളും അപ്പോസ്തലിക ശാസനകളും ''കഠിന''മാണെന്നു പറഞ്ഞ് അദ്ദേഹത്തെ വിട്ടു പോയി.** വിശ്വസ്തരായ ചിലർ മാത്രം പൗലൊസിനോടു കൂടെ ജീവിതാവസാനം വരെ നിന്നു (2 തിമൊ. 1: 5, 16 കാണുക). അവരോടൊത്ത് പൗലൊസ് തന്റെ ഓട്ടം തികച്ചു. അങ്ങനെതന്റെ കാലഘട്ടത്തിലെ ദൈവത്തിന്റെ ഉദ്ദേശ്യം പൂർത്തിയാക്കി ( 2 തിമോ. 4:7).

പരിശുദ്ധാത്മാവ് പറയുന്നു: "നിങ്ങളുടെ ഇടയിൽ **ദൈവത്താൽ അംഗീകരിക്കപ്പെട്ടവർ ആരെന്നു വെളിപ്പെടേണ്ടതിനു** ഭിന്നതകൾ ഉണ്ടാകേണ്ടതാണ്" (1 കൊരി. 11:19). ഇപ്പോഴും ഭിന്നതകളിലൂടെ ദൈവം തന്റെ ജനത്തിന്റെ ഇടയിൽ നിന്നു വെളിച്ചവും ഇരുളും തമ്മിൽ വേർതിരിക്കുന്നു-ആദിയിൽ ചെയ്തതുപോലെ (ഉല്പ. 1: 4). അങ്ങനെവിശ്വസ്തരായവരിലൂടെ സഭയും തലമുറയിൽ നിന്നും തലമുറയിലേക്കു ദൈവനാമത്തിന്റെ പരിശുദ്ധി സാക്ഷ്യമായി നിർത്തിയിരിക്കുന്നു.

നിങ്ങൾ ദൈവത്തിന്റെ മുഴുവൻ ഉദ്ദേശ്യവും വളരെ ഉറപ്പോടും ശക്തിയോടും കൂടെ പ്രഘോഷിക്കുകയാണെങ്കിൽ ആളുകൾ ഇത് വളരെ കഠിനമാണെന്നു പറഞ്ഞ് കോപിച്ച് നിങ്ങളെ വിട്ടു പോകും. അങ്ങനെതന്നെയാണ് ആളുകൾ യേശുവിനേയും പൗലൊസിനേയും വിട്ടു പോയത്. എന്നാൽ വിശ്വസ്തരായ ചിലർ ദൈവിക സത്യങ്ങൾ അംഗീകരിച്ച് നിലനിൽക്കും. അവരിലൂടെയാണ് ദൈവം തന്റെ സഭയെ പണിയുന്നത്.

ദൈവഭക്തരും, താഴ്മയുള്ളവരും, വിശ്വസ്തരും എല്ലാത്തരം പാപത്തിനും ഒത്തുതീർപ്പിനും എതിരെ ശക്തിയോടെ നിൽക്കുന്നവരും, ഒരിക്കലും മനുഷ്യരെ പ്രസാദിപ്പിക്കുവാൻ ശ്രമിക്കാത്തവരും ആയ നേതാക്കന്മാരെ ദൈവം അന്വേഷിക്കുന്നു. അത്തരം ആളുകളിലൂടെയാണ് ദൈവം ആഗ്രഹിക്കുന്നതു പോലെയുള്ള ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ പണിയപ്പെടുന്നത്.

പിന്മാറ്റത്തിന്റെയും ആത്മീയ അധഃപതനത്തിന്റെയും ആയ ഈ നാളുകളിൽ കർത്താവ് നമ്മെ താഴ്മയിൽ സൂക്ഷിക്കുകയും അവിടുത്തോട് എല്ലായ്പ്പോഴും പൂർണവിശ്വസ്തരായിരിക്കുവാൻ സഹായിക്കുകയും ചെയ്യുമാറാകട്ടെ.

കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ!

മൊഴിമാറ്റം-**സാജു ജോസഫ്**

❖

ദൈവം യോജിപ്പിച്ചത്

### ആനും അഡൊണൈറാം ജഡ്സനും-5

# ബർമ്മയിൽ കൊളുത്തിയ സുവിശേഷവെളിച്ചം

**അജയ് ജോർജ്**

ജഡ്സന്റെ മൂന്നു ഭാര്യമാരും ധൈര്യശാലികളും, ശക്തിയുള്ള സ്വഭാവത്തിനുടമകളും നിശ്ചയദാർഢ്യമുള്ളവരുമായിരുന്നു. ജഡ്സനും അങ്ങനെ തന്നെയായിരുന്നു. എന്നിരുന്നാലും ആൻ ഹാസൽറ്റൈൻ ജഡ്സൻ എന്ന നാൻസിയാണ് ലോകത്തിന്റെ ഏതൊരു ഭാഗത്തേക്കും പോകാനിടയായ 'മിഷനറിഭാര്യ'മാർക്കു മാതൃകയായിത്തീർന്നത്. ഉറപ്പും ധൈര്യവുമുള്ള ഒരു സഹപ്രവർത്തകയായിരിക്കാനും എന്തിനും ഏതിനും തന്നെപ്പോലെതന്നെ കരുതാനും ബഹുമാനിക്കാനും ജഡ്സന് നാൻസിതന്നെ വേണമായിരുന്നു. ഒരുപക്ഷേ അതുതന്നെയായിരിക്കാം ആ ദാമ്പത്യത്തിന്റെ വിജയരഹസ്യവും.തുല്യരെന്ന നിലയിൽ അവർ തമ്മിൽത്തമ്മിൽ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്തു. തങ്ങളുടെ ജോലിയിൽ യോജിച്ചു പ്രവർത്തിച്ചു.തന്റെ പങ്കാളിയേക്കാൾ മികച്ച ഒരു കൂട്ടുകാരനോ കൂട്ടുകാരിയോ അവർക്കുണ്ടായിരുന്നില്ല.മാനുഷികമായി ചിന്തിച്ചാൽ വിവാഹം തവിടുപൊടിയാക്കാൻ സാധിക്കുന്ന പ്രത്യേകസ്വഭാവഘടകങ്ങൾ രണ്ടുപേർക്കുമുണ്ടായിരുന്നു. എന്നാൽ അതെല്ലാം ചേർന്നു കുടുംബജീവിതം ശക്തിപ്പെടുകയാണുണ്ടായത്.

അഡൊണൈറാം ജഡ്സൻ ക്രിസ്തുവിനായി അവശേഷിപ്പിച്ചതെന്തായിരുന്നു? തലമുറകൾ കൈമാറിയ സുവിശേഷപ്രഘോഷണത്തിന്റെ ഒരു ശൃംഖല തന്നെ സൃഷ്ടിക്കാൻ ജഡ്സനു കഴിഞ്ഞു എന്നതാണ് അദ്ദേഹത്തിന്റെ സവിശേഷത. കുടുംബജീവിതത്തിലെന്നപോലെ ഇക്കാര്യത്തിലും ജഡ്സൻ, വില്യം കേരിയിൽ നിന്നു വ്യത്യസ്തനായി നിലകൊള്ളുന്നു. (ഇന്ത്യയുടെ നവോത്ഥാനത്തിനു തിരികൊളുത്തിയ കേരിയെ മറ്റുള്ളവർ പോകട്ടെ, ഇവിടത്തെ ക്രിസ്ത്യാനികളെങ്കിലും മനസ്സിലാക്കേണ്ടിയിരുന്നില്ലേ? ഇന്ത്യയിലെ വരും തലമുറ തന്നെ ഓർക്കണമെന്ന് കേരി ആഗ്രഹിച്ചിരുന്നില്ല എന്നതു സത്യം. പകരം 'കേരിയുടെ യജമാനനെ' ഭാരതം കൈക്കൊള്ളണമെന്ന് അദ്ദേഹം അതിയായി ആശിച്ചിരുന്നു. സ്വപ്നമായിത്തന്നെ അതിന്നും അവശേഷിക്കുന്നുവല്ലോ.)

മറിച്ച് ജഡ്സൻ തുടക്കമിട്ട സുവിശേഷപ്രവർത്തനവും ക്രിസ്തുസഭയും ബർമ്മയിലിന്നും നിലനിൽക്കുന്നു.ആദ്യമായി വിശ്വാസത്തിലേക്ക് വന്ന 'മോങ്ങ് നാവു'വിനെപ്പറ്റി നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ.ക്രിസ്തുവിനെക്കണ്ടെത്തിയ നാലാമത്തെയാളായിരുന്നു 'മോങ്ങ് ഇങ്ങ്'.വളരെ വിശ്വസ്തനായിരുന്ന ഇദ്ദേഹം ജഡ്സനോടൊപ്പം അവസാനം വരെ പ്രവർത്തിക്കുകയുണ്ടായി. 'ഇങ്ങി'ന്റെ നാലാമത്തെ പുത്രിയായിരുന്ന 'മേ-ഫാ' പിതാവിനെപ്പോലെ ക്രിസ്ത്യാനിയായി ജീവിച്ചു. എന്നാൽ അവരുടെ മകനായ 'താ ഡൂൺ ആങ്ങ്' പക്ഷേ ഒരു കറതീർന്ന ബുദ്ധമതവിശ്വാസിയായിരുന്നു.എന്നുമാത്രമല്ല യേശുവിന്റെ കാര്യം പറഞ്ഞു അമ്മയുമായി വഴക്കടിക്കും. ചിലപ്പോൾ കയ്യേറ്റം ചെയ്യുകയും ചെയ്യും. ഒരു ദിവസം അമ്മയെ അടിക്കാനോങ്ങിയ മകന്, കണ്ണടച്ചു മകനുവേണ്ടി അപ്പോഴും പ്രാർത്ഥിച്ചുകൊണ്ടു നിൽക്കുന്ന അമ്മയുടെ വിശ്വാസം കണ്ടു മാനസാന്തരമുണ്ടായി. ബാക്കി പറയേണ്ടല്ലോ. അയാൾ ഉറച്ച ക്രിസ്തുശിഷ്യനായി മാറി. അവന്റെ മക്കളും കൊച്ചുമക്കളും വിശ്വാസത്തിൽ നിലനിന്നു.അതിനും അടുത്ത തലമുറയിലെ കൊച്ചുമകനായ 'ടിൻ മോങ് ടുൻ' 'ക്രിസ്തുവിന്റെ സാക്ഷികൾ' എന്ന വളരെ പ്രസിദ്ധമായൊരു സുവിശേഷപ്രസ്ഥാനം തന്നെ ദൈവകൃപയാൽ കെട്ടിപ്പടുത്തു. ജഡ്സൻ തുടങ്ങിവച്ച സാക്ഷീകരണം ഇന്നും ഇവരിലൂടെ നടക്കുന്നു എന്നതും അങ്ങനെ ഇരുട്ടിൽ ഇരുന്ന ജനം വലിയൊരു വെളിച്ചം കാണാനിടയായതും തീർച്ചയായും ആഹ്ലാദിക്കാൻ വകനൽകുന്നു.








ആ വിശ്വാസസമൂഹത്തിൽ നിന്നും പിൽക്കാലത്തൊരു യുവതി ഉപരിപഠനത്തിനായി ഡൽഹിയിൽ വരുകയുണ്ടായി. പേര് 'മാ-ടിൻ-ടിൻ'.സന്ദർഭവശാൽ ഇന്ത്യക്കാരനായ ഒരു ഹിന്ദുനയതന്ത്രവിദഗ്ധനെ പരിചയപ്പെടുകയും, വിവാഹം കഴിക്കുകയും, പൗരത്വം സ്വീകരിച്ച് ഇവിടെ സ്ഥിരതാമസമാക്കുകയും ചെയ്തു. കാലമേറെ കഴിയവേ ഈ നയതന്ത്രജ്ഞൻ ഇന്ത്യയുടെ രാഷ്ട്രപതിയായി. ഭാര്യ 'പ്രഥമ വനിത'യും. അക്രൈസ്തവനായ ഭർത്താവിനോടൊപ്പം കഴിയുമ്പോഴും തന്റെ രക്ഷിതാവിലുള്ള വിശ്വാസം കെട്ടുപോകാതെ സൂക്ഷിക്കാനും, അങ്ങനെ രാഷ്ട്രപതിഭവനത്തിലെത്തിയ ആദ്യത്തെ ക്രിസ്ത്യാനിയാകാനും സാധിച്ചത് അഡൊണൈറാം ജഡ്സന്റെ നിലയ്ക്കാത്ത സ്വാധീനമല്ലാതെ മറ്റെന്താണ്? പ്രഥമവനിതയാകാൻ ഭാഗ്യം ലഭിച്ച ഉഷ നാരായണനിലൂടെ ആ പൈതൃകം അങ്ങനെ ഭാരതത്തിലുമെത്തി എന്നതിൽ ബർമ്മയിലെ സഭയോടൊപ്പം നമുക്കും അഭിമാനിക്കാം.

(അവസാനിച്ചു)

## എഡിറ്റോറിയൽ തുടർച്ച......

ഇനി ജീവിക്കുന്നതു ഞാനല്ല' എന്ന ഭാഗമാണ്. ഇതാണ് ആദ്യചുവട്. നാം എന്തിനെയാണു മരണത്തിന് ഏൽപിക്കുന്നത്? ഇനി നന്നാകുമെന്ന് ഒരു പ്രതീക്ഷയുമില്ലാത്തതിനെയല്ലേ? നമ്മുടെ നാട്ടിലെ കോടതികൾ നൽകുന്ന ശിക്ഷ തന്നെ നോക്കുക. അല്പമെങ്കിലും നന്നാക്കിയെടുക്കാൻ കഴിയും എന്നുള്ളവർക്കു കോടതി തടവോ, പിഴയോ വിധിച്ച് അവരെ മെച്ചപ്പെട്ട നല്ല പൗരന്മാരാക്കിയെടുക്കാൻ നോക്കുന്നു. പക്ഷേ ഇനി ഒരു പ്രതീക്ഷയ്ക്കും വകയില്ലാത്തവർക്ക് കോടതി മരണശിക്ഷ തന്നെ വിധിക്കുന്നു.

നാം നമ്മെത്തന്നെ ഒരു പ്രതീക്ഷയ്ക്കും വകയില്ലാത്തവരായി, മരണത്തിനു മാത്രം യോഗ്യതയുള്ളവരായി, കാണുകയാണ് ഒന്നാമതു വേണ്ടത്. നമ്മിൽ പലരുടേയും പ്രശ്നം നാം നമ്മുടെ കണ്ണിനു തന്നെ കൊള്ളാവുന്നവരും യോഗ്യന്മാരുമാണെന്നുള്ളതാണ്. ലൂക്കോസ് 18ന്റെ 18 ൽ കാണുന്ന ചെറുപ്പക്കാരനും ധനവാനുമായ പ്രമാണിയുടെ പ്രശ്നവും ഇതുതന്നെയായിരുന്നു. അവനെ ഒരാവശ്യബോധത്തിലേക്കു കൊണ്ടുവരുവാൻ യേശു ശ്രമിക്കുന്നു. അവന്റെ യഥാർത്ഥ അവസ്ഥ അവനെ കാണിച്ചുകൊടുക്കാൻ അവിടുന്നു തയ്യാറായി. പക്ഷേ അവൻ അത് അംഗീകരിച്ചില്ല. അവന്റെ കണ്ണിൽ അവൻ യോഗ്യനായിരുന്നു.

എന്നാൽ അടുത്ത അധ്യായത്തിൽ- ലൂക്കോസ് 19- നാം മറ്റൊരു ധനികനെ-സക്കായിയെ- കാണുന്നു. അവനും ധനവാനും പ്രമാണിയുമായിരുന്നു. പക്ഷേ അവൻ സ്വന്തം അവസ്ഥ കണ്ടു. താൻ യോഗ്യനല്ല എന്നവൻ സമ്മതിച്ചു. ഫലം അവന്റെ വീടിനു രക്ഷ വന്നു. മറ്റവനോ അതിദുഃഖത്തോടെ യേശുവിനെ വിട്ടുപൊയ്ക്കളഞ്ഞു.

അതേ, ആദ്യപടി 'ഞാൻ ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്നു കാണുകയും ഇനി ഞാൻ സ്വയമായി ജീവിക്കുന്നില്ല' എന്നു നിർണയിക്കുകയുമാണ്.

ഗലത്യർ 2:20 ന്റെ രണ്ടാമത്തെ ഭാഗം നോക്കുക. അതിങ്ങനെ: 'ഇനി ക്രിസ്തു എന്നിൽ ജീവിക്കുന്നു; ദൈവപുത്രങ്കലുള്ള വിശ്വാസത്താൽ ഞാൻ ജീവിക്കുന്നു.' ഇതാണു രണ്ടാമത്തെ ചുവട്.

ആദ്യത്തേതു നിഷേധാത്മകമായ ഒരു പ്രസ്താവനയായിരുന്നെങ്കിൽ ഇതു ധനാത്മകമായ (positive) ഒന്നാണ്. ആദ്യത്തേത് 'എന്റെ മരണ'മായിരുന്നെങ്കിൽ 'ഇത് ഇന്നെന്റെ ജീവിത'മാണ്. ആദ്യത്തേത് സ്വയനിഷേധത്തിന്റെ ഒരു നിലപാടായിരുന്നെങ്കിൽ ഇത് വിശ്വാസത്തിന്റെ പ്രഖ്യാപനമാണ്. ആദ്യത്തേത് 'മനുഷ്യരാൽ അസാധ്യം' എന്ന കണ്ടെത്തലായിരുന്നെങ്കിൽ ഇതു 'ദൈവത്താൽ സാധ്യം' എന്ന വെളിപ്പാടാണ്. ആദ്യത്തേത് ക്രൂശീകരണവും അടക്കവുമാണെങ്കിൽ ഇതു ജീവനിലേക്കുള്ള ഉയിർപ്പും പുനരുത്ഥാനവുമാണ്.

സമർപ്പണവും വിശ്വാസവും- ഇതാണ് ഈ രണ്ടു പടികൾ. ഇതു മൂലം ലഭ്യമാകുന്നതു മെച്ചപ്പെടുത്തിയെടുത്ത ഒരു ജീവിതമല്ല, മറിച്ചു കൈമാറ്റം ചെയ്യപ്പെട്ട ഒരു ജീവിതമാണ് (Not a changed life but an exchanged life). നമ്മുടെ സ്വയജീവൻ കണ്ടെത്തി ഉപേക്ഷിച്ച് യേശുവിന്റെ ജീവനിൽ പങ്കാളിയാകുന്ന ഒരു ജീവിതമാണിത്.

ഓർക്കുക: യേശുവിന്റെ ജീവനിൽ പങ്കാളിത്തമില്ലാതെ യേശുവിനെപ്പോലെ സമൂഹത്തിന്റെ ശരി-തെറ്റ് സങ്കല്പത്തിന് അതീതമായി ആത്മാവിന്റെ സ്വാതന്ത്ര്യത്തിലുള്ള ഒരു ജീവിതം നയിക്കാൻ നമുക്കു കഴിയുകയില്ല.

❖





ചിന്തയ്ക്ക്

# ജഡരക്തങ്ങളോട് പോരാട്ടമില്ലാതെ

എ.ഡബ്ല്യൂ. ടോസർ

ദൈവത്തിന്റെ വഴികളും മനുഷ്യന്റെ വഴികളും തമ്മിലുള്ള വ്യത്യാസം നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ?

വിലയുള്ള ഒരു വസ്തുവിന് ഉടമസ്ഥനില്ലാതെ വരികയോ ആരും അതിനെ സംരക്ഷിക്കാനില്ല എന്ന നില താത്കാലികമായെങ്കിലും ഉണ്ടാകുകയോ ചെയ്താൽ പെട്ടെന്ന് ആരെങ്കിലും അത് കൈക്കലാക്കി അപ്രത്യക്ഷരാകും. അതുകൊണ്ട് 'സംരക്ഷിക്കുക, പ്രതിരോധിക്കുക' എന്നത് ലോകത്തിന്റെ വ്യവസ്ഥിതിയായിത്തീർന്നിരിക്കുന്നു. അതിനാൽ ആളുകൾ തങ്ങൾക്ക് നിക്ഷേപം സ്വരൂപിക്കുന്നു. സമ്പത്തു കൂട്ടിവയ്ക്കുന്നു. തങ്ങളുടെ പേരുകളും പുസ്തകങ്ങളും ആശയങ്ങൾപോലും നിയമംമൂലം സംരക്ഷിക്കുന്നു. സംരക്ഷണ സംവിധാനങ്ങൾകൊണ്ട് തങ്ങൾക്കുള്ളതെല്ലാം-ധനവും പേരും സമൂഹവും രാജ്യവും ബൗദ്ധികസ്വത്തും എല്ലാമെല്ലാം- വേലികെട്ടി സൂക്ഷിക്കുന്നു.

യേശു ഈ വ്യവസ്ഥിതിയെ കുറ്റപ്പെടുത്തിയില്ല. മറിച്ച് തന്നെ അതിൽനിന്ന് അകറ്റിനിർത്തിക്കൊണ്ട് തികച്ചും വ്യത്യസ്തമായ മറ്റൊരു രാജ്യത്തെക്കുറിച്ച് സംസാരിച്ചു. മനുഷ്യന്റെ രാജ്യത്തിന്റെ നിയമങ്ങളിൽനിന്നും തികച്ചും വിഭിന്നമായ ദൈവരാജ്യത്തെയും അതിന്റെ നിയമങ്ങളെയുമാണ് യേശു കാട്ടിത്തന്നത്. ദൈവം തന്റെ ജ്ഞാനത്തിൽ, നിത്യമായ ലക്ഷ്യങ്ങൾക്കു വേണ്ടി, ഉന്നതമായ വഴികളിലൂടെ ചരിക്കുന്നു. മനുഷ്യനാകട്ടെ, തന്റെ മുൻപിലുള്ള സാഹചര്യങ്ങളെ താത്ക്കാലികമായി അഭിമുഖീകരിച്ചുകൊണ്ടു ലക്ഷ്യങ്ങളില്ലാത്ത തന്റെ വഴികളിലൂടെ നീങ്ങുന്നു...

ഒരു യഥാർത്ഥ ക്രിസ്ത്യാനി രണ്ടു ലോകങ്ങളുടെ സന്തതിയാണ്. വീഴ്ച ഭവിച്ച ഒരു ലോകത്തിന്റെ കാഴ്ചപ്പാടുകൾ അവൻ ജീവിതത്തെക്കുറിച്ചു സ്വീകരിച്ചുകൊണ്ട്, തന്റെ മനസ്സും ചിന്തകളും അതിനാൽ രൂപപ്പെടുത്തിക്കൊണ്ട് ആദാമ്യ മനുഷ്യസമൂഹത്തിലാണ് അവൻ വളരുന്നത്. എന്നാൽ അവൻ വീണ്ടും ജനനം പ്രാപിച്ച് ഒരു പുതുസൃഷ്ടിയായിത്തീരുന്നതോടെ പുതിയ രാജ്യത്തിന്റെ നിയമങ്ങൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി ജീവിക്കുവാൻ ബാദ്ധ്യസ്ഥനായിത്തീരുന്നു. പക്ഷേ അവനു ലഭിച്ചിരിക്കുന്ന പരിശീലനങ്ങളും അവന്റെ ചിന്താസരണിയും ഒക്കെ പഴയതു തന്നെയാണ്. പ്രാർത്ഥനയും നല്ല ജ്ഞാനവും ഇല്ലെങ്കിൽ ലൗകികമായ വഴികളിലൂടെ സ്വർഗ്ഗീയമായ ജീവിതം നയിക്കുന്ന ഒരുവനായി അവൻ തീരും. പൗലൊസ് ഇതിനെയാണ് 'ജഡിക'ജീവിതം എന്നു വിളിക്കുന്നത്. പുതിയ ജീവിതം എല്ലായ്പ്പോഴും പഴയ ജീവിതത്തിന്റെ യാന്ത്രികമായ പ്രതികരണങ്ങളാൽ ബാധിതമായിക്കൊണ്ടിരിക്കും. തുടർന്ന് ആശയക്കുഴപ്പങ്ങളും സംജാതമാകും. ഇത്തരം ഒരു പശ്ചാത്തലത്തിലാണ് വിശ്വാസികളായ ആളുകൾ പോലും തങ്ങ

*(ശേഷം പേജ് 39 ൽ)*

തിരുവെഴുത്തുകളെ പരിശോധിക്കുക



# ബൈബിളിലൂടെ...

# 1 കൊരിന്ത്യർ

**അധ്യായം-നാല്**

**കർത്താവിനെ** ശുശ്രൂഷിക്കുന്നതിനെക്കുറിച്ച് കുടുതലായി ചില കാര്യങ്ങൾ നാം കാണുന്നു. "തന്റെ യജമാനൻ തന്നോട് ചെയ്യുവാൻ ആവശ്യപ്പെടുന്നത് മാത്രമേ അവൻ ചെയ്യാറുള്ളൂ എന്നുള്ളതാണ് ഒരു ദാസന്റെ ഏറ്റവും വലിയ പ്രത്യേകത" (4:2, ലിവിംഗ് ബൈബിൾ). അവനാണ് വിശ്വസ്തദാസൻ. എന്തെല്ലാം നിങ്ങൾ ചെയ്തുവെന്നുള്ളതല്ല, മറിച്ച്, കർത്താവ് കല്പിച്ചകാര്യങ്ങൾ മാത്രം, അവിടുന്ന് ആഗ്രഹിക്കുന്ന നിലയിൽ നിങ്ങൾ ചെയ്തുവോ എന്നതാണ് കാര്യം. അതിനായി, കാത്തിരുന്ന് കർത്താവിനോട് ചോദിക്കുക:"കർത്താവേ, ഞാനെന്ത് ചെയ്യേണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു?അതു മാത്രം ചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നു". ഉദാഹരണത്തിന്, ഒരു ദാസനെ ജോലിക്കു നിയമിക്കുമ്പോൾ,

*ഒരു ദാസനെ ജോലിക്കു നിയമിക്കുമ്പോൾ, നിങ്ങൾ പറയുന്നതു കേട്ട് അതു മാത്രം അവൻ ചെയ്യുവാനാണ് നിങ്ങൾ ആഗ്രഹിക്കുന്നത്.*







നിങ്ങൾക്ക് ആവശ്യമുള്ളതെന്ന് അയാൾക്ക് തോന്നുന്ന ചില കാര്യങ്ങൾ അയാൾ ഓടിനടന്ന് ചെയ്യുന്നതു കാണുവാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ല. എന്നാൽ നിങ്ങൾ പറയുന്നതു കേട്ട് അതു മാത്രം അവൻ ചെയ്യുവാനാണ് നിങ്ങൾ ആഗ്രഹിക്കുന്നത്. എന്നാൽ മിക്ക ക്രിസ്തീയപ്രവർത്തകരും ദൈവം തന്റെ വചനത്തിലൂടെ നൽകിയിരിക്കുന്ന ആത്മീയപ്രമാണങ്ങളെ പിൻപറ്റാറില്ല.അതിനുപകരം, അവരുടെതന്നെ സ്വന്തം ആശയങ്ങൾക്കനുസരണമായി (അവയെല്ലാം മിക്കപ്പോഴും ലൗകികമായിരിക്കും). അവർക്കിഷ്ടമായ വിധത്തിൽ ദൈവവേല ചെയ്യുന്നു. ദൈവത്തിനു തങ്ങളെക്കുറിച്ചുള്ള ഹിതമെന്തെന്നു കണ്ടെത്തുവാനുള്ള ക്ഷമയില്ലാതെ, സ്വന്തമായ പദ്ധതികൾ ആവിഷ്കരിച്ചു ദൈവത്തെ സേവിക്കുന്നു.

**അപ്പോസ്തലന്മാർ ലോകത്തിന്റെ ദൃഷ്ടിയിൽ:**

പൗലൊസ് തുടർന്നു പറയുകയാണ്: ക്രൂശിന്റെ പാതയിലൂടെ പോകുന്ന യഥാർത്ഥ ദൈവഭൃത്യരെ ലോകവും ലൗകികരായ വിശ്വാസികളും ആദരിക്കുകയില്ല. സഭയിൽ ഏറ്റവും ശ്രേഷ്ഠരായ ദൈവഭൃത്യന്മാരാണ് അപ്പോസ്തലന്മാർ. വിവിധ സഭകളിലെ മൂപ്പന്മാരുടെ മൂപ്പന്മാരായി അവരെ കണക്കാക്കാം. അപ്പോസ്തലന്മാർ സഭകൾ സ്ഥാപിക്കുന്നു, മൂപ്പന്മാരെ നിയമിക്കുന്നു, അവർക്കുവേണ്ട നിർദ്ദേശങ്ങൾ കൊടുക്കുന്നു. എന്നാൽ ഈ അപ്പോസ്തലന്മാരെ ലോകം കാണുന്നത് എങ്ങനെയാണ്? 'ദൈവം ഞങ്ങളെ ഒടുക്കത്തവരായി നിർത്തി....' (4:9). ലോകത്തിന്റെ ദൃഷ്ടിയിൽ സാമൂഹികവ്യവസ്ഥിതിയിലെ ഏറ്റവും താഴെ തട്ടിലാണ് അപ്പോസ്തലന്മാരുടെ സ്ഥാനം. മരണവിധിയിൽ ഉൾപ്പെട്ടവരെപ്പോലെയും.... കൂത്തുകാഴ്ചയായും....ഭോഷന്മാർ...മാനഹീനർ.....കുത്തുകൊള്ളുന്നവർ....' (4:9

**സുവിശേഷം പ്രസംഗിക്കുന്നതിലൂടെ ഒരു യഥാർത്ഥ അപ്പോസ്തലൻ ധനികനായി തീരുകയില്ല. ഒരു മനുഷ്യൻ സുവശേഷപ്രസംഗം നടത്തി ധനികനായി മാറിയാൽ അയാൾ ക്രിസ്തുവിന്റെ അപ്പോസ്തലനല്ല എന്ന് തീർച്ചപ്പെടുത്താം. തനിക്കും തന്റെ കുടുംബത്തിനും വീടും മറ്റു വസ്തുവകകളും സുവിശേഷപ്രസംഗത്തിലൂടെ സമ്പാദിച്ചയാൾ ക്രിസ്തുവിന്റെ അപ്പോസ്തലനല്ല. സുവിശേഷപ്രസംഗത്തിലൂടെ ലഭിച്ച പണം ഉപയോഗിച്ച് ആഡംബര കാറുകൾ വാങ്ങി ഉപയോഗിക്കുന്നവനെ അപ്പോസ്തലനായി കണക്കാക്കുവാൻ കഴിയില്ല. അയാൾ ജഡികനായ ഒരു ക്രിസ്ത്യാനിയാണ്.l**

-11)തുടങ്ങിയ നിലയിലെല്ലാമാണ് അവരെ കാണുന്നത്. കൊരിന്തിലെ ജഡികന്മാരായ ക്രിസ്ത്യാനികളുമായി തന്നെയും മറ്റ് അപ്പോസ്തലന്മാരെയും പൗലൊസ് താരതമ്യം ചെയ്യുന്നു. "നിങ്ങൾ ലോകത്തിൽ തൃപ്തരും, സമ്പന്നരും, വിവേകികളും, ബലവാന്മാരും, മഹത്തുക്കളുമൊക്കെയാണ്. ഞങ്ങൾ ലോകത്തിന്റെ ചവറുപോലെയും അഴുക്കായും തീർന്നിരിക്കുന്നു". ഒരു യഥാർത്ഥ അപ്പോസ്തലനെ ലോകം മാനിക്കുകയില്ല. ജഡികരായ ക്രിസ്ത്യാനികളെയാണ് ലോകം മാനിക്കുന്നത്. നിങ്ങൾ ലോകത്തിന്റെ മാനം ആഗ്രഹിച്ചാൽ, ഒരു ജഡികനായി തീരുമെന്നത് തീർച്ചയാണ്.

**കള്ള അപ്പോസ്തലന്മാരെ തിരിച്ചറിയുക:**

സുവിശേഷം പ്രസംഗിക്കുന്നതിലൂടെ ഒരു യഥാർത്ഥ അപ്പോസ്തലൻ ധനിക

**ഭൗതികമായ ആവശ്യങ്ങൾ നിറവേറ്റുവാൻ, കർത്താവും അപ്പോസ്തലന്മാരും ചെയ്തതു പോലെ, ചില ദാനങ്ങൾ സ്വീകരിക്കാം. എന്നല്ലാതെ, ഒരു ലക്ഷപ്രഭുവായി മാറുന്നത് അസാധ്യമാണ്.എന്നാൽ ഇന്നത്തെ ക്രിസ്തീയ ലോകത്ത് നാം കാണുന്നത് മറിച്ചാണ്. അതിനാലാണ് അപ്പോസ്തലന്മാരെന്നും ഉപദേഷ്ടാക്കന്മാരെന്നും (അവർ രോഗികളെ സൗഖ്യമാക്കിയാലും) വിളിക്കപ്പെടുന്നവരോട് എനിക്ക് അശേഷം ബഹുമാനമില്ലാത്തത്. ദരിദ്രരുടെ ദശാംശം സ്വീകരിച്ച് ധനവാന്മാരായി തീരുന്ന ഈ സുവിശേഷപ്രസംഗകരോടുള്ളതിലും ബഹുമാനം ഉത്തരേന്ത്യയിൽ പോയി ലളിതജീവിതം നയിച്ച് സാധുക്കളെ സഹായിക്കുന്ന റോമൻകത്തോലിക്ക പുരോഹിതന്മാരോട് എനിക്കുണ്ട്.**

നായി തീരുകയില്ല. ഒരു മനുഷ്യൻ സുവിശേഷപ്രസംഗം നടത്തി ധനികനായി മാറിയാൽ അയാൾ ക്രിസ്തുവിന്റെ അപ്പോസ്തലനല്ല എന്ന് തീർച്ചപ്പെടുത്താം. തനിക്കും തന്റെ കുടുംബത്തിനും വീടും മറ്റു വസ്തുവകകളും സുവിശേഷപ്രസംഗത്തിലൂടെ സമ്പാദിച്ചയാൾ ക്രിസ്തുവിന്റെ അപ്പോസ്തലനല്ല. സുവിശേഷപ്രസംഗത്തിലൂടെ ലഭിച്ച പണം ഉപയോഗിച്ച് ആഡംബര കാറുകൾ വാങ്ങി ഉപയോഗിക്കുന്നവനെ അപ്പോസ്തലനായി കണക്കാക്കുവാൻ കഴിയില്ല. അയാൾ ജഡികനായ ഒരു ക്രിസ്ത്യാനിയാണ്. വചനം പ്രസംഗിക്കുവാനുള്ള വരം ഉപയോഗിച്ച് ധാരാളം പണം സമ്പാദിക്കുവാൻ പൗലോസിനു സാധിക്കുമായിരുന്നു. എന്നാൽ താനതു ചെയ്തില്ല. സുവിശേഷം പ്രസംഗിച്ച് ധനം സമ്പാദിക്കുവാൻ ഒരു യഥാർത്ഥ ദൈവഭൃത്യൻ തയ്യാറാവുകയില്ല. ഭൗതികമായ ആവശ്യങ്ങൾ നിറവേറ്റുവാൻ, കർത്താവും അപ്പോസ്തലന്മാരും ചെയ്തതുപോലെ, ചില ദാനങ്ങൾ സ്വീകരിച്ചേക്കാം. എന്നല്ലാതെ, ഒരു ലക്ഷപ്രഭുവായി അയാൾ മാറുന്നത് അസാധ്യമാണ്.എന്നാൽ ഇന്നത്തെ ക്രിസ്തീയലോകത്ത് നാം കാണുന്നത് മറിച്ചാണ്. അതിനാലാണ് അപ്പോസ്തലന്മാരെന്നും ഉപദേഷ്ടാക്കന്മാരെന്നും (അവർ രോഗികളെ സൗഖ്യമാക്കിയാലും) വിളിക്കപ്പെടുന്നവരോട് എനിക്ക് അശേഷം ബഹുമാനമില്ലാത്തത്. ദരിദ്രരുടെ ദശാംശം സ്വീകരിച്ച് ധനവാന്മാരായി തീരുന്ന ഈ സുവിശേഷപ്രസംഗകരോടുള്ളതിലും ബഹുമാനം ഉത്തരേന്ത്യയിൽ പോയി ലളിതജീവിതം നയിച്ച് സാധുക്കളെ സഹായിക്കുന്ന റോമൻകത്തോലിക്ക പുരോഹിതന്മാരോട് എനിക്കുണ്ട്.

ഇന്ന് നിങ്ങൾ ആരെയാണ് മാതൃകയാക്കുന്നത്, പൗലൊസിനെയും പത്രൊസിനെയുമോ? അതോ ഇന്നത്തെ വ്യാജന്മാരെയോ? പൗലൊസ് തുടർന്നു പറയുകയാണ്, 'ഞങ്ങൾ....സ്വന്തകൈയ്യാൽ വേല ചെയ്ത് അധ്വാനിക്കുന്നു; ശകാരം കേട്ടിട്ട് ആശിർവദിക്കുന്നു.....' (4:11,12). പൗലൊസ് തന്റെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റി. എന്നിട്ടും ആളുകൾ തന്നെ ദുഷിക്കുകയും അപകീർത്തിപ്പെടുത്തുകയും ചെയ്തു. ആളുകൾ തന്നെക്കുറിച്ച് അപവാദങ്ങൾ പ്രചരിപ്പിച്ചിട്ടും അവരെ തിരിച്ച് അനുഗ്രഹിക്കുകയാണ് താൻ ചെയ്തത്. താൻ പോയിടത്തെല്ലാം ഉപദ്രവിക്കപ്പെടുകയും 'ലോകത്തിന്റെ ചവറുപോലെയും സകലത്തിന്റെയും അഴുക്കായും' തീരുകയും ചെയ്തു (4:13). അതായത് ലോകം തന്നെ ഓടയിലൂടെ ഒഴുകുന്ന മാലിന്യംപോലെയാണ് കണ്ടത്. ഇത്തരത്തിലാണ് അക്കാലത്തെ





ഏറ്റവും ശ്രേഷ്ഠനായ അപ്പോസ്തലനെ ലോകം കണ്ടത്. എന്നാൽ കൊരിന്തിലെ ക്രിസ്ത്യാനികളെ ലോകം മാനിച്ചിരുന്നു-അതിൽ അവർ സന്തുഷ്ടരായിരുന്നു. ദൈവത്തിന്റെ ദാസനായിരിക്കുക എന്നതിന്റെ ശരിയായ അർത്ഥം ക്രിസ്തീയലോകത്തിന് ഇന്ന് മനസ്സിലാക്കുവാൻ കഴിയുന്നില്ല എന്ന് ദുഃഖത്തോടെ ഞാൻ പറയട്ടെ. ഒത്തുതീർപ്പുകൾക്ക് വിധേയനാവാത്ത, ലോകത്തിന്റെ മാനം അന്വേഷിക്കാത്ത, ഒരു യഥാർത്ഥ ദൈവഭൃത്യനാരെന്ന് ലോകത്തിന് കാട്ടിക്കൊടുക്കേണ്ടത് ഇന്നത്തെ നമ്മുടെ ഏറ്റവും വലിയ വെല്ലുവിളിയാണ്. വേദശാസ്ത്രബിരുദങ്ങളിലോ മറ്റു ലോകപരമായ യോഗ്യതകളിലോ ദൈവം താൽപര്യം കാണിക്കില്ല. ഇവയൊന്നും പിശാചിനെയും ഭയപ്പെടുത്തുന്നില്ല!

മിക്ക ക്രിസ്തീയപ്രവർത്തകരും സിംഹാസനങ്ങളിൽ ഇരുന്ന് ബഹുമാനം സ്വീകരിക്കുവാൻ ആഗ്രഹിക്കുവരാണ്. ആ വഴിയെ പോകരുത്. ജീവിതത്തിലുടനീളം ഒരു എളിയ ദൈവദാസനായിരിക്കുവാൻ ആഗ്രഹിക്കുക. ലോകവും ബാബിലോന്യക്രിസ്തീയലോകവും നിങ്ങളെ തള്ളിയാലും ഒരു സാധാരണ സഹോദരനായോ സഹോദരിയായോ മാത്രം ജീവിക്കുക.

ആദരവും ആശ്വാസവും അനുഭവിച്ചിരുന്ന കൊരിന്ത്യരോട് പൗലൊസ് അസൂയപ്പെടുകയാണോ? ഒരിക്കലുമല്ല, അവരെക്കാൾ അനുഗ്രഹിക്കപ്പെട്ട അവസ്ഥയിൽ താൻ ആയിരുന്നതിനാൽ അവരോട് സഹതപിക്കുക മാത്രമാണ് ചെയ്യുന്നത്. അവരെ നാണിപ്പിപ്പാനല്ല-ഒരു പിതാവിനെപ്പോലെയാണ് അവരോട് സംസാരിക്കുന്നത് (4:14). ഒരു യഥാർത്ഥ ദൈവഭൃത്യൻ ഒരു പിതാവിനെപ്പോലെയാണ്. അദ്ദേഹം ആളുകളെ പരിഹസിക്കുകയില്ല. കുട്ടികൾ തെറ്റു ചെയ്താൽ അധ്യാപകർ കുട്ടികളെ കളിയാക്കിയേക്കാം. തന്റെ കുട്ടി എത്ര

**ദൈവത്തിന്റെ ദാസനായിരിക്കുക എന്നതിന്റെ ശരിയായ അർത്ഥം ക്രിസ്തീയലോകത്തിന് ഇന്ന് മനസ്സിലാക്കുവാൻ കഴിയുന്നില്ല. ഒത്തുതീർപ്പുകൾക്ക് വിധേയനാവാത്ത, ലോകത്തിന്റെ മാനം അന്വേഷിക്കാത്ത ഒരു യഥാർത്ഥ ദൈവഭൃത്യനാരെന്ന് ലോകത്തിന് കാട്ടിക്കൊടുക്കേണ്ടത് ഇന്നത്തെ നമ്മുടെ ഏറ്റവും വലിയ വെല്ലുവിളിയാണ്. വേദശാസ്ത്രബിരുദങ്ങളിലോ മറ്റു ലോകപരമായ യോഗ്യതകളിലോ ദൈവം താൽപര്യം കാണിക്കില്ല. ഇവയൊന്നും പിശാചിനെയും ഭയപ്പെടുത്തുന്നില്ല!മിക്ക ക്രിസ്തീയപ്രവർത്തകരും സിംഹാസനങ്ങളിൽ ഇരുന്ന് ബഹുമാനം സ്വീകരിക്കുവാൻ ആഗ്രഹിക്കുവരാണ്. ആ വഴിയെ പോകരുത്.**

ഭോഷത്തം കാട്ടിയാലും അവരെ കളിയാക്കുവാൻ പിതാവിന് കഴിയുകയില്ല. എന്നാൽ ഇന്ന് ക്രിസ്തീയലോകത്തിൽ അധ്യാപകരും പിതാക്കന്മാരും തമ്മിലുള്ള അനുപാതം പതിനായിരത്തിന് ഒന്ന് എന്ന നിലയിലാണ് (4:15).

പൗലൊസ് തുടർന്ന് പറയുകയാണ്, 'ധാരാളം നല്ല കാര്യങ്ങൾ നിങ്ങൾക്ക് പ്രസംഗിക്കുവാൻ സാധിച്ചേക്കാം. എന്നാൽ ഞാൻ നിങ്ങളുടെ അടുക്കൽ വരുമ്പോൾ നിങ്ങളുടെ പ്രസംഗമല്ല-മറിച്ച് നിങ്ങളുടെ ജീവിതത്തിൽ എത്രമാത്രം ശക്തിയുണ്ടെന്ന് അറിയുവാനാണ് ആഗ്രഹിക്കുന്നത്'. 'ദൈവരാജ്യം വചനത്തിലല്ല, ശക്തിയിലത്രേ ആകുന്നു' (4:19-20).

(തുടരും)

മൊഴിമാറ്റം: **ബോബി കുര്യൻ**

## ഒരു പെൺകുട്ടിയുടെ കാഴ്ചപ്പാട്

# മതിലുകളും വാതിലുകളും

ആനി പുന്നൻ

## അധ്യായം -5

'ഒരു പെൺകുട്ടി വാതിൽ പോലെ ആകരുത്; മറിച്ച് മതിൽ പോലെ ആയിരിക്കണം': ഉത്തമഗീതത്തിലാണു ഞാൻ അങ്ങനെ വായിച്ചത് (8:9). എന്നു വച്ചാൽ പെൺകുട്ടി അന്യപുരുഷന്മാരെ സംബന്ധിച്ചിടത്തോളം പെരുമാറ്റത്തിലും സ്വാതന്ത്ര്യത്തിലും ഒരു മതിൽ പോലെ അടഞ്ഞതായിരിക്കണം. ഒരു വാതിൽ പോലെ എപ്പോഴും തുറന്നു കിടക്കരുത്.

ഞങ്ങളുടേത് ഒരു 'പെൺകുട്ടികളുടെ ഹോസ്റ്റൽ' ആയിരുന്നു. അതുകൊണ്ടു തന്നെ പുരുഷന്മാർക്ക് അവിടെ പ്രവേശനം ഉണ്ടായിരുന്നില്ല. ഹോസ്റ്റലിലെ ചില പെൺകുട്ടികൾക്ക് പൊതുവേ പുരുഷന്മാരെക്കുറിച്ചു വന്യമായ ചില സ്വപ്നങ്ങളാണുണ്ടായിരുന്നത്. അതുകൊണ്ടു പള്ളിയിലോ പട്ടണത്തിലോ വച്ച് പുരുഷന്മാരെ കാണാനിടയായാൽ അവർ അസ്വസ്ഥരാകും. അല്ലെങ്കിൽ ഇളകിച്ചിരിക്കും. അല്ലെങ്കിൽ മടയത്തരമായി പെരുമാറും.

പുരുഷന്മാരോട് എങ്ങനെ പെരുമാറണമെന്ന് മനസ്സിലാക്കാൻ ഞങ്ങളുടെ വാർഡൻ ഞങ്ങളെ സഹായിച്ചു. വാർഡൻ ഞങ്ങളോടു പറഞ്ഞത് അവരോടു സ്വാഭാവികമായി പെരുമാറാനും സംസാരിക്കാനുമാണ് . ഞങ്ങളുടെ ശ്രദ്ധ ഏതെങ്കിലും ഒരു പ്രത്യേക പുരുഷനിൽ കേന്ദ്രീകരിക്കുന്നത് അപകടകരമാണെന്ന് അവർ ഞങ്ങളോടു പറഞ്ഞു. അത് വിവാഹത്തിന്റെ ഘട്ടത്തിൽ മതിയെന്നായിരുന്നു അവരുടെ ഉപദേശം. പുരുഷന്മാരോടു സംസാരിക്കുമ്പോൾ പൊതുവായ വിഷയങ്ങൾ മാത്രം സംസാരിക്കുക. വ്യക്തിപരമായ കാര്യങ്ങൾ സംസാരിക്കാതിരിക്കുന്നതാണു വിവേകം. പുരുഷന്മാരോടു സ്വാഭാവികമായി നമ്മൾ ഇടപഴകാൻ പാടില്ല എന്നല്ല ഒരു മതിൽ ആയിരിക്കുക എന്നതിന്റെ അർഥം. മറിച്ച് നമ്മൾ ജ്ഞാനത്തോടെ, വിനയത്തോടെ, ഇടപെടുകയാണു വേണ്ടത്. വാർഡന്റെ ഉപദേശങ്ങൾ, പുരുഷന്മാരെ കാണുമ്പോൾ അവരിൽ നിന്ന് ഓടിയൊളിക്കുന്നതിനു പകരം അവരോടു സ്വാഭാവികമായി പെരുമാറുന്നതിനു ഞങ്ങളെ സഹായിച്ചു!

പക്ഷേ ഹോസ്റ്റലിൽ, കൂട്ടിൽ കഴിയുന്ന കിളികളെപ്പോലെയാണു തങ്ങൾ കഴിയുന്നതെന്നു ചില പെൺകുട്ടികൾ കണക്കാക്കി. കൂട്ടിലകപ്പെട്ട കിളികളെപ്പോലെ അവർ സദാസമയവും അസ്വസ്ഥരായിരുന്നു. ഹോസ്റ്റലിൽ ഞങ്ങളുടെ സുരക്ഷയ്ക്കുവേണ്ടി ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങളെ അവർ വെറുത്തു. അവർ പരിധികളില്ലാത്ത സ്വാതന്ത്ര്യത്തിനുവേണ്ടി കൊതിച്ചു. പക്ഷേ യഥാർത്ഥസ്വാതന്ത്ര്യം, കർത്താവായ യേശുവിനാൽ എല്ലാബന്ധനങ്ങളിൽ





നിന്നും സ്വതന്ത്രയാക്കപ്പെട്ട് ദൈവപൈതലായിരിക്കുന്നതാണെന്നു ഞാൻ കണ്ടെത്തി. ഹോസ്റ്റലിലെ എല്ലാ നിയമങ്ങളും ഞങ്ങളുടെ നന്മയ്ക്കാണ്. അത് ഞങ്ങൾക്കു തന്നെ വ്യക്തമല്ലാത്ത ഒട്ടേറെ അപകടങ്ങളിൽ നിന്നു ഞങ്ങളെ രക്ഷിക്കും- ഞാൻ അങ്ങനെയാണു കരുതിയത്.

ബൈബിളിലെ ദീന എന്ന പെൺകുട്ടിയുടെ കഥ ഒരിക്കൽ വാർഡൻ ഞങ്ങളോടു പറഞ്ഞു. വീടുവിട്ടു പട്ടണം കാണാൻ പോയ അവൾ തന്റെ ജീവിതം ആകെ കുഴപ്പത്തിലാക്കി. തന്റെ കുടുംബാംഗങ്ങൾക്കും ഏറെ കുഴപ്പം അവൾ ഉണ്ടാക്കി. ആ കഥ ഞാൻ മുൻപു കേട്ടിരുന്നില്ല. എന്നാൽ വാർഡൻ പറഞ്ഞു കഴിഞ്ഞ ശേഷം ഉൽപത്തി 34-ാം അധ്യായത്തിൽ നിന്നു ഞാൻ ആ കഥ മുഴുവൻ വായിച്ചു മനസ്സിലാക്കി. ഉത്തരവാദിത്തമില്ലാതെ അലഞ്ഞു നടക്കരുതെന്ന് എല്ലാ പെൺകുട്ടികൾക്കും ദൈവം നൽകുന്ന ശക്തമായ മുന്നറിയിപ്പായാണു ഞാൻ അതു മനസ്സിലാക്കിയത്. ദീനായുടെ പെരുമാറ്റം ഒരു വലിയ യുദ്ധത്തിനു തന്നെ വഴിതെളിച്ചു. ഒട്ടേറെ ആളുകൾ കൊല്ലപ്പെട്ടു. സ്വാതന്ത്ര്യം തേടി മാതാപിതാക്കളെ ധിക്കരിച്ചു പുറപ്പെട്ടു പോകുന്ന എല്ലാ പെൺകുട്ടികൾക്കും ദീന നൽകുന്നതു ശക്തമായ മുന്നറിയിപ്പാണ്.

ഹോസ്റ്റലിൽ ഞങ്ങൾ മിക്കവാറും ലളിതമായ വസ്ത്രങ്ങളാണു ധരിക്കാറുള്ളത്. ഇതിന്റെ അർഥം ഞങ്ങൾ ഹൃദയത്തിലും ലാളിത്യമുള്ളവരാണെന്നല്ല. പല പെൺകുട്ടികളും ഇറുകിയ വസ്ത്രങ്ങളും ടിവിയിൽ അവർ കാണുന്ന നടികളെ അനുകരിച്ച് അവരുടെ മേക്അപ്പും ലിപ്സ്റ്റിക്കും ഇടാനും ആഗ്രഹിച്ചു.

അവരുടെ ഇടയിൽ ഒറ്റപ്പെട്ടു നില്ക്കാൻ ഞാൻ ആഗ്രഹിച്ചില്ല. അതേസമയം അവരെപ്പോലെ വസ്ത്രധാരണം ചെയ്യാനും ഞാൻ താത്പര്യപ്പെട്ടില്ല. യേശുവിന്റെ ഒരു ശിഷ്യൻ ഈ ലോകത്തിൽ, ക്രിസ്ത്യാനികൾ എന്നറിയപ്പെടുന്നവർക്കിടയിലും, ഇണങ്ങിപ്പോകുകയില്ലെന്നു ഞാൻ മനസ്സിലാക്കി. പല പെൺകുട്ടികളും പുരുഷന്മാർക്ക് ആകർഷണം തോന്നുവാനാണ് വസ്ത്രധാരണം ചെയ്യുന്നത്. ഇതിനിടയിൽ ഏതുതരം വസ്ത്രമാണു ഞാൻ ധരിക്കേണ്ടതെന്നു തീരുമാനിക്കുക എളുപ്പമായിരുന്നില്ല. ഏതായാലും പുരുഷന്മാർ തുറിച്ചുനോക്കുന്ന മട്ടിലുള്ള വസ്ത്രം ധരിക്കുകയില്ലെന്നത് ഇതു സംബന്ധിച്ച അടിസ്ഥാനപ്രമാണമാക്കി ഞാൻ മാറ്റി. ഞങ്ങൾ പെൺകുട്ടികൾ ഒരു സംഘമായി പോകുമ്പോൾ എപ്പോഴും ആൺകുട്ടികൾ ദുർമ്മോഹത്തോടെ നോക്കുന്നത് എനിക്കു കാണാമായിരുന്നു. ഇതിന്റെ മധ്യത്തിൽ വസ്ത്രധാരണത്തിന്റെ കാര്യ

**പുരുഷന്മാരോട് എങ്ങനെ പെരുമാറണമെന്ന് മനസ്സിലാക്കാൻ ഞങ്ങളുടെ വാർഡൻ ഞങ്ങളെ സഹായിച്ചു. വാർഡൻ ഞങ്ങളോടു പറഞ്ഞത് അവരോടു സ്വാഭാവികമായി പെരുമാറാനും സംസാരിക്കാനുമാണ് . ഞങ്ങളുടെ ശ്രദ്ധ ഏതെങ്കിലും ഒരു പ്രത്യേക പുരുഷനിൽ കേന്ദ്രീകരിക്കുന്നത് അപകടകരമാണെന്ന് അവർ ഞങ്ങളോടു പറഞ്ഞു. അത് വിവാഹത്തിന്റെ ഘട്ടത്തിൽ മതിയെന്നായിരുന്നു അവരുടെ ഉപദേശം. പുരുഷന്മാരോടു സംസാരിക്കുമ്പോൾ പൊതുവായ വിഷയങ്ങൾ മാത്രം സംസാരിക്കുക. വ്യക്തിപരമായ കാര്യങ്ങൾ സംസാരിക്കാതിരിക്കുന്നതാണു വിവേകം. പുരുഷന്മാരോടു സ്വാഭാവികമായി ഞങ്ങൾ ഇടപഴകാൻ പാടില്ല എന്നല്ല ഒരു മതിൽ ആയിരിക്കുക എന്നതിന്റെ അർഥം. മറിച്ച് ഞങ്ങൾ ജ്ഞാനത്തോടെ, വിനയത്തോടെ, ഇടപെടുകയാണു വേണ്ടത്.**

**ഞങ്ങൾ പെൺകുട്ടികൾ, നിഷ്ക്കളങ്കരായ പറവകളെപ്പോലെയാണെന്ന് വാർഡൻ ഞങ്ങളോടു പറഞ്ഞു. ഞങ്ങൾക്കായി സാത്താൻ വലകളും കെണികളും ഒളിപ്പിച്ചു വച്ചിരിക്കുന്നു! കൗമാരത്തിലും ഇരുപതുകളുടെ പ്രാരംഭവർഷങ്ങളിലും ഞങ്ങൾ കെണിയിൽ വീഴാൻ സാധ്യത ഏറെയാണ്.ആൺകുട്ടികളിൽ ആരെങ്കിലും ഞങ്ങളെ സ്നേഹത്തിന്റെയും പ്രേമത്തിന്റെയും വാക്കുകളുമായി സമീപിച്ചാൽ അത്തരം വാക്കുകളെ ഗൗരവമായി എടുക്കുകയോ നക്ഷത്രക്കണ്ണുകളോടെ പകൽ സ്വപ്നങ്ങളിൽ മുഴുകുകയോ സങ്കല്പലോകത്തു കൊട്ടാരങ്ങൾ കെട്ടുകയോ ചെയ്യരുതെന്ന് വാർഡൻ ഞങ്ങളെ ഉപദേശിച്ചു.**

ത്തിൽ കർത്താവിന്റെ ഉത്തമസാക്ഷിയായിരിക്കാനും അതേസമയം ഒറ്റപ്പെട്ട അവസ്ഥയിലാകാതിരിക്കാനും ഞാൻ ജാഗ്രത കാട്ടി.

ഹോസ്റ്റൽ അധികൃതർക്ക് എപ്പോഴും കീഴടങ്ങിയിരിക്കുന്നതു ഞങ്ങൾക്കാർക്കും ആസ്വാദ്യകരമായിരുന്നില്ല. ചില പെൺകുട്ടികൾ മത്സരിക്കുകയും രഹസ്യത്തിൽ പലതും ചെയ്യുകയും പതിവായിരുന്നു. അവരിൽ ചിലരെ കയ്യോടെ പിടിച്ചു. അവർ വലിയ കുഴപ്പത്തിലാവുകയും ചെയ്തു.

ഹോസ്റ്റലിലെ ഒരു പെൺകുട്ടി തന്റെ ബോയ്ഫ്രണ്ട്സിനെക്കുറിച്ചു എപ്പോഴും പ്രശംസിച്ചു പറയുകയും വസ്ത്ര ധാരണത്തിൽ അത്യന്താധുനിക രീതികൾ അവലംബിക്കുകയും ചെയ്തിരുന്നു. ഒരു ദിവസം അവൾ രോഗിയെപ്പോലെ അവശനിലയിൽ ആയിരിക്കുന്നതു വാർഡന്റെ ശ്രദ്ധയിൽപെട്ടു. ഉടനെ അവളെ ഡോക്ടറുടെ അടുത്തേക്ക് അയച്ചു. അപ്പോഴാണ് അവൾ ഗർഭിണിയാണെന്ന് അറിഞ്ഞത്!! അവളോട് ഉടനെ ഹോസ്റ്റൽ വിട്ടു പോകുവാൻ ആവശ്യപ്പെട്ടു. അവൾക്ക് അപമാനത്തോടെ വീട്ടിലേക്കു പോകേണ്ടിവന്നു. അവൾക്ക് എന്തോ കുഴപ്പമുണ്ടെന്ന് എനിക്കെപ്പോഴും തോന്നിയിരുന്നു. പ്രത്യേകിച്ചും പുരുഷന്മാരുടെ സാന്നിധ്യത്തിൽ അവൾ തന്നെത്തന്നെ മുൻപന്തിയിലേക്കു കൊണ്ടു വരുവാൻ ശ്രമിക്കുന്നതു കാണുമ്പോൾ.

പുരുഷന്മാരോടൊപ്പം- അതു ബന്ധുക്കളായാലും- തനിയെ ആയിരിക്കുന്നതു ഒഴിവാക്കുന്നതാണു സുരക്ഷിതം എന്നെനിക്കറിയാമായിരുന്നു. നാശത്തിലേക്കുള്ള പാത പെട്ടെന്നു താഴോട്ടുള്ള ഒരു പതനമാണ്. വീഴ്ച തടയുന്നതിനെക്കുറിച്ചു ചിന്തിക്കാൻ കഴിയുന്നതിനു മുൻപുതന്നെ അതു സംഭവിച്ചിരിക്കും.

തങ്ങളുടെ സൗന്ദര്യത്തെക്കുറിച്ചും മെലിഞ്ഞു നീണ്ട ശരീരത്തെക്കുറിച്ചും വലിയ അഭിമാനമുള്ള ചില പെൺകുട്ടികൾ ടിവിയിൽ അവർ കാണുന്ന സിനിമാനടിമാരെപ്പോലെ ചുറ്റിത്തിരിഞ്ഞു നടക്കും. അവരാണ് ഏറ്റവും കൂടുതൽ അപകടത്തിൽപെടുന്നത്. ബസിൽ ഞങ്ങൾ പട്ടണത്തിൽ പോകുമ്പോൾ പുരുഷന്മാർ ഈ കുട്ടികളെ ശരീരത്തിൽ അങ്ങിങ്ങ് ഉപദ്രവിക്കും. തങ്ങളുടെ വസ്ത്രധാരണം കൊണ്ടും നടപ്പുകൊണ്ടും അവർ കുഴപ്പം വിലയ്ക്കു വാങ്ങുന്നവരാണ്!

ഇത്തരം കുഴപ്പക്കാരായ പുരുഷന്മാരിൽ നിന്നു രക്ഷനേടാൻ ഞാൻ ഒരു വഴി കണ്ടെത്തി. ബസ്സിലോ തെരുവിലോ ആൾക്കൂട്ടത്തിൽ പോകുമ്പോൾ ഹാൻഡ് ബാഗുകൊണ്ട് ഞാൻ എന്റെ ശരീരത്തിന്റെ മുൻഭാഗം സുരക്ഷിതമാക്കും. മര്യാദയില്ലാത്ത അത്തരം യുവാക്കളിൽ നിന്നു ഞാൻ കഴിയുന്നിടത്തോളം അകലം പാലിച്ചു.





ചില സന്ദർഭങ്ങളിൽ പട്ടണത്തിൽ പോയി മടങ്ങുമ്പോൾ ഏതെങ്കിലും ഒരു ആൺകുട്ടി ഞങ്ങളിലേതെങ്കിലും ഒരു പെൺകുട്ടിയെ പിൻതുടർന്നു വരും. ചിലപ്പോൾ അവൻ ഇത് ആവർത്തിക്കും. ചിലപ്പോൾ അവൻ ധൈര്യം സംഭരിച്ച് അവളോട് 'ഞാൻ നിന്നെ സ്നേഹിക്കുന്നു' എന്നോ മറ്റോ പറയും. ഇത്തരക്കാരെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് ഞങ്ങൾ വാർഡനോട് ഉപദേശം ചോദിച്ചു.

ഇത്തരം 'റോമിയോ'മാരെ കഠിനമായ വാക്കുകൾകൊണ്ട് ആക്ഷേപിക്കരുതെന്നായിരുന്നു അവരുടെ ആദ്യത്തെ ഉപദേശം. കാരണം അവരെ നിർദ്ദയമായി തഴഞ്ഞാൽ അവർ ചിലർ ശാരീരികമായി ഉപദ്രവിക്കാനും മടിക്കുകയില്ല. അത്തരം ചില യഥാർത്ഥസംഭവങ്ങൾ അവർ ഞങ്ങളോടു പറഞ്ഞു. തങ്ങളെ ആക്ഷേപിച്ച പെൺകുട്ടികളോടു പകരം വീട്ടാൻ ചില ചെറുപ്പക്കാർ പെൺകുട്ടികളുടെ മുഖത്ത് ആസിഡ് ഒഴിച്ചിട്ടുണ്ടത്രേ! ഇതേ സമയം ഇത്തരം റോമിയോമാരെ ഒരു വിധത്തിലും പ്രോത്സാഹിപ്പിക്കരുതെന്നും അവർ ഞങ്ങളോടു പറഞ്ഞു. അത്തരക്കാരെ കൈകാര്യം ചെയ്യാൻ ഞങ്ങൾക്കു വലിയ വിവേകം ആവശ്യമുണ്ട്. അവരെ അവഗണിക്കുകയാണു ഭേദം. അവരോട് മറുപടിയായി ഒന്നും സംസാരിക്കുകയോ അവരെ നോക്കുകയോ ചെയ്യാതെ ഒഴിവാക്കുകയായിരിക്കും നല്ലത്.

ഞങ്ങൾ പെൺകുട്ടികൾ, നിഷ്ക്കളങ്കരായ പറവകളെപ്പോലെയാണെന്ന് വാർഡൻ ഞങ്ങളോടു പറഞ്ഞു. ഞങ്ങൾക്കായി സാത്താൻ വലകളും കെണികളും ഒളിപ്പിച്ചു വച്ചിരിക്കുന്നു! കൗമാരത്തിലും ഇരുപതുകളുടെ പ്രാരംഭവർഷങ്ങളിലും ഞങ്ങൾ കെണിയിൽ വീഴാൻ സാധ്യത ഏറെയാണ്.ആൺകുട്ടികളിൽ ആരെങ്കിലും ഞങ്ങളെ സ്നേഹത്തിന്റെയും പ്രേമത്തിന്റെയും വാക്കുകളു

**തങ്ങളെ വിവാഹം കഴിച്ചില്ലെങ്കിൽ ആത്മഹത്യചെയ്തുകളയുമെന്നു പറയുന്ന ചെറുപ്പക്കാർക്കെതിരെയും അവർ ഞങ്ങൾക്കു മുന്നറിയിപ്പു നൽകി. പെട്ടെന്നു വിവാഹം നടക്കാൻ പെൺകുട്ടിയുടെ മേൽ സമ്മർദ്ദം ചെലുത്താനാണ് ഇത്തരം വാക്കുകൾ. ഇത്തരം ഭീഷണികൾക്കു മുമ്പിൽ ബുദ്ധിമതിയായ ഒരു പെൺകുട്ടിയും വീഴുകയില്ല. ഇത്തരം ഭീഷണികൾക്കു വഴങ്ങി അവരെ വിവാഹം കഴിച്ചാലോ? അവർ ഇവരുടെ വീട്ടിലെ അടിമകൾ (ഭാര്യമാരല്ല) ആയി മാറും! ഇത്തരം വിവാഹങ്ങൾ വളരെ വേഗം വിവാഹമോചനങ്ങളിൽ ചെന്നവസാനിക്കും.**

മായി സമീപിച്ചാൽ അത്തരം വാക്കുകളെ ഗൗരവമായി എടുക്കുകയോ നക്ഷത്രക്കണ്ണുകളോടെ പകൽ സ്വപ്നങ്ങളിൽ മുഴുകുകയോ സങ്കല്പലോകത്തു കൊട്ടാരങ്ങൾ കെട്ടുകയോ ചെയ്യരുതെന്ന് വാർഡൻ ഞങ്ങളെ ഉപദേശിച്ചു.

തങ്ങളെ വിവാഹം കഴിച്ചില്ലെങ്കിൽ ആത്മഹത്യചെയ്തുകളയുമെന്നു പറയുന്ന ചെറുപ്പക്കാർക്കെതിരെയും അവർ ഞങ്ങൾക്കു മുന്നറിയിപ്പു നൽകി. പെട്ടെന്നു വിവാഹം നടക്കാൻ പെൺകുട്ടിയുടെ മേൽ സമ്മർദ്ദം ചെലുത്താനാണ് ഇത്തരം വാക്കുകൾ. ഇത്തരം ഭീഷണികൾക്കു മുമ്പിൽ ബുദ്ധിമതിയായ ഒരു പെൺകുട്ടിയും വീഴുകയില്ല. ഇത്തരം ഭീഷണികൾക്കു വഴങ്ങി അവരെ വിവാഹം കഴിച്ചാലോ? അവർ ഇവരുടെ

കെണികളിൽ വീഴുന്നതിൽ നിന്നു രക്ഷിക്കണേ എന്നു ദൈവത്തോട് അപേക്ഷിക്കുകയും പ്രാർത്ഥിക്കുകയുമാണ് ഏറ്റവും നല്ല വഴിയെന്ന് വാർഡൻ ഞങ്ങളോടു പറഞ്ഞു. “ദൈവം നമ്മെ കെണികളിൽ നിന്നും കുടുക്കുകളിൽ നിന്നും വിടുവിക്കും” -വാഗ്ദാനം അതാണ്. ആ വാഗ്ദാനം വിശ്വാസത്തോടെ അവകാശപ്പെടാൻ അവർ ഞങ്ങളെ ഉത്സാഹിപ്പിച്ചു. “ദൈവത്തെ എല്ലാറ്റിലും പ്രസാദിപ്പിക്കുക’ ‘നന്നായി പഠിക്കുക’ ഇതു രണ്ടും ജീവിതാഭിലാഷമാക്കാൻ അവർ ഞങ്ങളോടു പറഞ്ഞു. നന്നായി പഠിച്ച് ഒരു തൊഴിൽ നേടുക. ദൈവം എപ്പോഴും ഞങ്ങളെ ശ്രദ്ധിക്കുന്നു. തന്നെ ഞങ്ങൾ മാനിച്ചാൽ ഞങ്ങൾക്ക് ഏറ്റവും യോജ്യരായ ജീവിതപങ്കാളികളെ കൃത്യസമയത്ത് അവിടുന്നു ഞങ്ങൾക്കു തരും- വാർഡൻ ഞങ്ങളെ ധൈര്യപ്പെടുത്തി.

വീട്ടിലെ അടിമകൾ (ഭാര്യമാരല്ല) ആയി മാറും! ഇത്തരം വിവാഹങ്ങൾ വളരെ വേഗം വിവാഹമോചനങ്ങളിൽ ചെന്നവസാനിക്കും. അവൻ മറ്റൊരു പെൺകുട്ടിയെ കണ്ടെത്തുന്നതുവരെയുള്ള ആയുസ്സേ ഇത്തരം വിവാഹങ്ങൾക്ക് ഉണ്ടാകുകയുള്ളു!! വിദ്യാഭ്യാസം ഇല്ലാത്തവരും കുടുംബത്തെ പോറ്റാൻ വരുമാനമില്ലാത്തവരും തൊഴിൽ രഹിതരുമായ ചെറുപ്പക്കാരാണു പലപ്പോഴും ആത്മഹത്യാഭീഷണി മുഴക്കുന്നത്!

ഇത്തരം കെണികളിൽ വീഴുന്നതിൽ നിന്നു രക്ഷിക്കണേ എന്നു ദൈവത്തോട് അപേക്ഷിക്കുകയും പ്രാർത്ഥിക്കുകയുമാണ് ഏറ്റവും നല്ല വഴിയെന്ന് വാർഡൻ ഞങ്ങളോടു പറഞ്ഞു. “ദൈവം നമ്മെ കെണികളിൽ നിന്നും കുടുക്കുകളിൽ നിന്നും വിടുവിക്കും”- സങ്കീർത്തനം 91:3 നൽകുന്ന വാഗ്ദാനം അതാണ്. ആ വാഗ്ദാനം വിശ്വാസത്തോടെ അവകാശപ്പെടാൻ അവർ ഞങ്ങളെ ഉത്സാഹിപ്പിച്ചു. “ദൈവത്തെ എല്ലാറ്റിലും പ്രസാദിപ്പിക്കുക’ ‘നന്നായി പഠിക്കുക’ ഇതു രണ്ടും ജീവിതാഭിലാഷമാക്കാൻ അവർ ഞങ്ങളോടു പറഞ്ഞു. നന്നായി പഠിച്ച് ഒരു തൊഴിൽ നേടുക. ദൈവം എപ്പോഴും ഞങ്ങളെ ശ്രദ്ധിക്കുന്നു. തന്നെ ഞങ്ങൾ മാനിച്ചാൽ ഞങ്ങൾക്ക് ഏറ്റവും യോജ്യരായ ജീവിതപങ്കാളികളെ കൃത്യസമയത്ത് അവിടുന്നു ഞങ്ങൾക്കു തരും- വാർഡൻ ഞങ്ങളെ ധൈര്യപ്പെടുത്തി.

ഞങ്ങൾ അന്തസോടെയും സംയമനത്തോടെയും ഇടപെട്ടാൽ മിക്ക ആൺകുട്ടികളും ഞങ്ങളെ ബഹുമാനിക്കുമെന്ന് വാർഡൻ ഞങ്ങളോടു പറഞ്ഞു. പക്ഷേ അത്തരക്കാരെ സംബന്ധിച്ചു പോലും ഞങ്ങൾ ആൺകുട്ടികളെ ഒരകലത്തിൽ നിർത്തണം. അടുത്തബന്ധത്തിനു പോകരുത്. അങ്ങനെ സംഭവിച്ചാൽ ദുർബലനിമിഷത്തിൽ പാപത്തിൽ വീണുപോകുകയോ വിവാഹത്തിനു സമ്മതം കൊടുക്കുകയോ ചെയ്തുപോയേക്കാം. കുറഞ്ഞത് 20 വയസ്സാകാതെ ഒരാളെപ്പോലും ഭാവി വരനായി കാണരുത്. ഞങ്ങൾ അല്പം കൂടി പക്വത നേടുമ്പോൾ- ആത്മീയമായും വികാരപരമായും- മാത്രം ഇക്കാര്യം വിവേകത്തോടെയും ജ്ഞാനത്തോടെയും പരിഗണിച്ചാൽ മതി: വാർഡൻ പറഞ്ഞു.

ഈ നല്ല ഉപദേശങ്ങൾക്കെല്ലാം ഞാൻ വാർഡനോട് നന്ദിയുള്ളവളായിരുന്നു. കാരണം യൗവനത്തിൽ മടയത്തരങ്ങളിൽ നിന്നെല്ലാം ഒഴിഞ്ഞു നിൽക്കാൻ ഈ ഉപദേശങ്ങൾ കുറച്ചൊന്നുമല്ല എന്നെ സഹായിച്ചത്!

മൊഴിമാറ്റം: **സാന്ദ്ര**





## സാധുസുന്ദർസിങ്ങിന്റെ സാരോപദേശകഥകൾ

# കഷ്ടതയുടെ പിന്നിലെ രഹസ്യങ്ങൾ – 3

(ഡിസംബർ ലക്കം തുടർച്ച)

**മ**നുഷ്യരക്ഷാർത്ഥം സകലത്തെയും ഉപേക്ഷിക്കേണ്ടി വരികയും എല്ലാവരാലും ത്യജിക്കപ്പെട്ടവനായിത്തീരുകയും ചെയ്തുവെങ്കിലും അവസാനം എനിക്കു സകലവും തിരികെ ലഭിച്ചു.ലോകം നിന്നെ ഉപേക്ഷിച്ചു കളയുന്നുവെങ്കിൽ അതിശയിക്കേണ്ട.അതു നിനക്കു മുമ്പേ എന്നെത്തന്നെയും ഉപേക്ഷിച്ചതാണ്.അങ്ങനെ നീ നിന്റെ പിതാവിന്റെ യഥാർഥ പുത്രൻ തന്നെയെന്നു ലോകം അറിയട്ടെ.

5. ആഡംബരത്തിൽ ജീവിക്കുന്നവരോ ലോകകാര്യങ്ങളിൽ ജയം നേടിക്കൊണ്ടിരിക്കുന്നവരോ ആയ എല്ലാവരും ദൈവത്തെ പരമാർത്ഥമായി ആരാധിക്കുന്നവരാണെന്നു വിചാരിക്കേണ്ട.പലപ്പോഴും നേരേമറിച്ചാണു കാണുന്നത്. ആടുകൾ തൊഴുത്തിനെയും ആട്ടിടയനെയും വിട്ടു കാടുകളിൽ അലഞ്ഞു നടക്കുമ്പോൾ നല്ല തീറ്റി കണ്ടെന്നു വന്നേക്കാം.എന്നാൽ ആ സമയമെല്ലാം അവ ദുഷ്ടമൃഗങ്ങൾമൂലം സംഭവിച്ചേക്കാവുന്ന ആപത്തിന്റെ വക്കിലാണ് .എന്നാൽ ആട്ടിടയനോടുകൂടെ തൊഴുത്തിൽ കിടക്കുന്ന ആടുകൾ ക്ഷേമമായിത്തന്നെ ഇരിക്കുന്നു. ദൈവവിശ്വാസികളും അല്ലാത്തവരും തമ്മിലുള്ള വ്യത്യാസമിതാണ്.

6. ഒരു വിശ്വാസിയുടേയും അവിശ്വാസിയുടേയും ജീവിതത്തിന്റെ ആരംഭദശ ഒരുപോലെ ഇരിക്കുന്നെങ്കിലും അവരുടെ അവസാനം പാമ്പും പട്ടുനൂൽപുഴുവും വ്യത്യസ്തമായിരിക്കുന്നതുപോലെ വ്യത്യാസമുള്ളതാണ്.പാമ്പിന്റെ പടം എത്ര പ്രാവശ്യം പൊഴിഞ്ഞാലും പാമ്പു പാമ്പായിത്തന്നെ ഇരിക്കുന്നു. എന്നാൽ പട്ടുനൂൽപുഴു സമാധി കഴിഞ്ഞു കൂടുവിട്ടു വെളിയിൽ ഇറങ്ങുമ്പോൾ ഒരു പുതിയ ജീവിയായിത്തീരുകയും ഏറെത്താമസിയാതെ അതൊരു ഭംഗിയുള്ള ശലഭമായി ആകാശമണ്ഡലത്തിൽ പറന്നു നടക്കുകയും ചെയ്യുന്നു. അതുപോലെതന്നെ ഭക്തൻ തന്റെ ശരീരമാകുന്ന കൂടു ത്യജിച്ച് ആത്മീയമഹത്വത്തിലേക്കു പ്രവേശിക്കുകയും സ്വർഗത്തിൽ സ്വൈരമായി പറന്നു നടക്കുകയും ചെയ്യുന്നു.ഒരു പാപിയോ മരണശേഷം പാപിയായിത്തന്നെ ഇരിക്കുന്നു. സമാധിസ്ഥിതിയിൽ പട്ടുനൂൽപുഴു വളരെ ഞെരുങ്ങുകയും കഷ്ടപ്പെടുകയും ചെയ്യുന്നെങ്കിലും അതിന്റെ ചിറകുകൾക്കു ശക്തി ലഭിക്കുന്നതു മേല്പറഞ്ഞ കഷ്ടതയാൽ തന്നെയാണ്.എന്റെ കുഞ്ഞുങ്ങളും അവരുടെ ഇഹലോകജീവിതത്തിൽ ഒരു ആത്മീയ

> **ഒരു വിശ്വാസിയുടേയും അവിശ്വാസിയുടേയും ജീവിതത്തിന്റെ ആരംഭദശ ഒരുപോലെ ഇരിക്കുന്നെങ്കിലും അവരുടെ അവസാനം പാമ്പും പട്ടുനൂൽപുഴുവും വ്യത്യസ്തമായിരിക്കുന്നതുപോലെ വ്യത്യാസമുള്ളതാണ്.പാമ്പിന്റെ പടം എത്ര പ്രാവശ്യം പൊഴിഞ്ഞാലും പാമ്പു പാമ്പായിത്തന്നെ ഇരിക്കുന്നു. എന്നാൽ പട്ടുനൂൽപുഴു സമാധി കഴിഞ്ഞു കൂടുവിട്ടു വെളിയിൽ ഇറങ്ങുമ്പോൾ ഒരു പുതിയ ജീവിയായിത്തീരുകയും ഏറെത്താമസിയാതെ അതൊരു ഭംഗിയുള്ള ശലഭമായി ആകാശമണ്ഡലത്തിൽ പറന്നു നടക്കുകയും ചെയ്യുന്നു. അതുപോലെതന്നെ ഭക്തൻ തന്റെ ശരീരമാകുന്ന കൂടു ത്യജിച്ച് ആത്മീയമഹത്വത്തിലേക്കു പ്രവേശിക്കുന്നു.**

പോരാട്ടത്തിൽക്കൂടി കടക്കുന്നു. അതിൽ നിന്നു വിമുക്തരാകുന്നതിന് അവർ അഗ്രഹിക്കുന്നു. കഷ്ടത തന്നെ അവരുടെ ശക്തിക്കു കാരണമായിത്തീരുകയും നിത്യജീവൻ പ്രാപിക്കുന്നതിന് അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നു (റോമ. 8:23).

കുരിശു വഹിച്ചുകൊണ്ടു വലിയ കഷ്ടതകളിൽകൂടി കടക്കുമ്പോൾ തന്നെ അവർക്കു ധൈര്യവും അദ്ഭുതകരമായ ഹൃദയസമാധാനവും ഞാൻ നൽകുന്നു.ദൃഷ്ടാന്തമായി, രക്തസാക്ഷികളിലൊരുവൻ എന്റെ പേർക്കായി വചനത്താലും പ്രവൃത്തിയാലും സാക്ഷി നിന്നപ്പോൾ, അയാളുടെ ശത്രുക്കൾ അയാളെ തലകീഴായി ഒരു വൃക്ഷത്തിൽ കെട്ടിത്തൂക്കി. ഈ സ്ഥിതിയിൽ അയാളുടെ വേദനയും അപമാനവും ഒന്നും അശേഷം ഗണിക്കാതെ പൂർണമായ സമാധാനവും സന്തോഷവും നിറഞ്ഞവനായി തന്നെ പീഡിപ്പിച്ചവരുടെ നേരെ തിരിഞ്ഞുകൊണ്ട് ഇപ്രകാരം പറഞ്ഞു:'നിങ്ങൾ എന്നോട് ഇപ്രകാരം പ്രവർത്തിച്ചിരിക്കുന്നതിനാൽ ഞാനൊട്ടുംതന്നെ ദു:ഖിക്കുകയും വിസ്മയിക്കുകയും ചെയ്യുന്നില്ല. സകലവും തലകീഴായി മറിഞ്ഞുകിടക്കുന്നതും യാതൊരുത്തർക്കും യാതൊന്നും നേരെ കാണ്മാൻ സാധിക്കാത്തതുമായ ഈ ലോകത്തിൽ ഇങ്ങനെയുള്ള ഒരു അനുഭവം മാത്രമേ എനിക്കു ലഭിക്കുന്നതിനു തരമുള്ളു.നിങ്ങളുടെ സ്വഭാവത്തിനും പ്രകൃതിക്കും അനുസരണമായി നിങ്ങൾ വിചാരിക്കുംപ്രകാരം തലകീഴായി എന്നെ ഇട്ടിരിക്കുന്നുവെങ്കിലും യഥാർഥത്തിൽ ഞാൻ നേരെയാണു നിൽക്കുന്നത്.മായാദീപത്തിൽ വയ്ക്കുന്ന ചിത്രം തലകീഴായിട്ടായിരുന്നാലും വെളിയിൽ കാണുന്നവർക്ക് അതു ശരിയായിത്തന്നെ ഇരിക്കുന്നുവല്ലോ.അപ്രകാരം തന്നെ ദൃഷ്ടിക്ക് ഇപ്പോൾ തലകീഴായി കിടക്കുന്നതുപോലെ തോന്നുന്നുണ്ടെങ്കിലും ദൈവമുമ്പാകെയും സ്വർഗലോകത്തിനു മുമ്പാകെയും ഞാൻ എന്നെന്നേക്കും ശരിയായ നിലയിൽത്തന്നെ ഇരിക്കുന്നതാണ്.ഈ മഹത്വമേറിയ കുരിശിനുവേണ്ടി ഞാൻ ദൈവത്തോടു നന്ദിയുള്ളവനായിരിക്കുന്നു.'

8. എന്റെ നാമത്തിനുവേണ്ടി രക്തസാക്ഷികളായി തീരുന്നതു ചില സമയങ്ങളിൽ എളുപ്പമുള്ളകാര്യമായി വിശ്വാസികൾക്ക് തോന്നിയേക്കാം.എന്നാൽ അന്യന്മാരുടെ രക്ഷയ്ക്കുവേണ്ടി തങ്ങളെത്തന്നെ ദിവസംപ്രതി ജീവനുള്ള ബലികളായി സമർപ്പിക്കുന്ന ജീവനുള്ളവരായ സാക്ഷികളെയും എനിക്ക് ആവശ്യ





മുണ്ടെന്ന് ഓർത്തുകൊള്ളണം(1 കൊരി. 15:31).കാരണം മരിക്കുന്നതിന് എളുപ്പമാണെങ്കിലും ജീവിച്ചിരിക്കുന്നതു പ്രയാസമുള്ള കാര്യം തന്നെയാണ്.ഒരു വിശ്വാസിയുടെ ജീവിതം ദിനം പ്രതിയുള്ള ഒരു മരണമാണെന്ന് ആലോചിച്ചാൽ അറിയാം.ഏതായാലും എന്നെപ്രതി തങ്ങളുടെ ജീവനെക്കൂടി ഉപേക്ഷിക്കാൻ സന്നദ്ധരായിരിക്കുന്നവർ എന്റെ മഹത്വത്തിന് അംശികളായിത്തീരുകയും എന്നെന്നേക്കും എന്നോടുകൂടെ സന്തോഷത്തിന്റെ സംപൂർണതയിൽ ജീവിക്കുകയും ചെയ്യും.

9. വേദനയും കഷ്ടതയും ദു:ഖവും സങ്കടവും മേഘങ്ങൾപോലെ ഉയർന്നുവന്നിട്ടു നീതിയുടെ സൂര്യനായ എന്നെ നിന്റെ ദൃഷ്ടിയിൽ നിന്ന് അല്പകാലത്തേക്കു മറച്ചു കളയുന്നുവെങ്കിൽ അതുകൊണ്ടൊന്നും നീ അധൈര്യപ്പെടരുത്.അവസാനം കഷ്ടതയാകുന്ന ഈ മേഘം അനുഗ്രഹ മഴയായി നിന്റെ ശിരസ്സിൽ വന്നു വീഴുകയും നീതിയുടെ സൂര്യനൊരിക്കലും അസ്തമിക്കാത്ത വിധത്തിൽ നിന്റെ മേൽ ഉദിക്കയും ചെയ്യും. (യോഹ.16: 20–22).

ഒരു മനുഷ്യന്റെ വിചാരങ്ങൾക്കും അവന്റെ ഹൃദയത്തിനും തമ്മിലുള്ള ബന്ധം ഒരു വീണയുടെയോ ഫിഡിലിന്റേയോ കമ്പികൾ തമ്മിലുള്ള ബന്ധം പോലെയാണ്. ഈ കമ്പികൾ ശരിയായി മുറുക്കി, മീട്ടിയ ശേഷം അതിലേക്കുള്ള പ്രത്യേക ഉപകരണംകൊണ്ട് അതിനെ സ്പർശിച്ചാൽ ഏറ്റവും മധുരമായ സംഗീതം പുറപ്പെടും.കമ്പികൾ മുറുക്കാതിരുന്നാൽ അപശബ്ദങ്ങൾ മാത്രമേ പുറപ്പെടുകയുള്ളൂ.കമ്പികളെല്ലാം ശരിയായി മുറുക്കിയാൽത്തന്നെ സംഗീതത്തിന്റെ മാധുര്യം വായുവിന്റെ സ്ഥിതിഗതികളെ ആശ്രയിച്ചും അവലംബിച്ചും കൂടിയാണിരിക്കുന്നത്.എന്തുകൊണ്ടെന്നാൽ വായുവിന്റെ ശക്തിയും ചലനവും മുഖാന്തരമാണു ശബ്ദങ്ങൾ നമ്മുടെ ചെവികളിലേക്കു വരേണ്ടത്. ഇതുപോലെതന്നെ മനുഷ്യരുടെ വിചാരങ്ങളേയും ചിന്തകളേയും ശരിയായി യോജിപ്പിക്കണമെങ്കിൽ പരിശുദ്ധാത്മാവിന്റെ സുഖകരമായ വായു ഉണ്ടായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അതുണ്ടെങ്കിൽ ഇഹത്തിലും പരത്തിലും സ്വർഗീയ രാഗങ്ങളും മധുരസംഗീതങ്ങളും അനവരതം പുറപ്പെട്ടുകൊണ്ടിരിക്കും.

> **ഒരു മനുഷ്യന്റെ വിചാരങ്ങൾക്കും അവന്റെ ഹൃദയത്തിനും തമ്മിലുള്ള ബന്ധം ഒരു വീണയുടെയോ ഫിഡിലിന്റേയോ കമ്പികൾ തമ്മിലുള്ള ബന്ധം പോലെയാണ്. ഈ കമ്പികൾ ശരിയായി മുറുക്കിയാൽത്തന്നെ സംഗീതത്തിന്റെ മാധുര്യം വായുവിന്റെ സ്ഥിതിഗതികളെ ആശ്രയിച്ചും അവലംബിച്ചും കൂടിയാണിരിക്കുന്നത്. ഇതുപോലെ തന്നെ മനുഷ്യരുടെ വിചാരങ്ങളേയും ചിന്തകളേയും ശരിയായി യോജിപ്പിക്കണമെങ്കിൽ പരിശുദ്ധാത്മാവിന്റെ സുഖകരമായ വായു ഉണ്ടായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അതുണ്ടെങ്കിൽ ഇഹത്തിലും പരത്തിലും സ്വർഗീയ രാഗങ്ങളും മധുരസംഗീതങ്ങളും അനവരതം പുറപ്പെട്ടുകൊണ്ടിരിക്കും.**

(അവസാനിച്ചു) ❖

അനുഭവം

# ഓരോ ചുവടിലും അനുസരണം

## അദ്ധ്യായം-30

കഥ ഇതുവരെ

*വെയിൽസിലെ ക്രിസ്തീയകുടുംബത്തിൽ ജനിച്ചുവളർന്ന റീസ് ഹൊവൽസ് പൂർണമായി തന്നെത്തന്നെ പരിശുദ്ധാത്മാവിനായി നൽകി.റീസിനെ പരിശുദ്ധാത്മാവ് അസാധാരണമായ ശുശ്രൂഷകളിലേക്ക് നയിച്ചു. തന്റെ നാട്ടിലും അയൽഗ്രാമത്തിലും ഉള്ള പലർക്കുവേണ്ടി റീസ് മധ്യസ്ഥത ചെയ്തു. അവരെയെല്ലാം ദൈവം വിടുവിച്ചു. എന്നാൽ അയൽ ഗ്രാമത്തിലെ ക്ഷയരോഗിണിയായ സഹോദരിക്കുവേണ്ടി ദൈവഹിതപ്രകാരം റീസ് മധ്യസ്ഥത ചെയ്തെങ്കിലും ഒടുവിൽ അവർ മഹത്വത്തിലേക്കു പ്രവേശിച്ചു. ലണ്ടനിലെ ഗോസറ്റിന്റെ മകന്റെ മാനസാന്തരത്തിനുവേണ്ടി നാസീർവ്രതസ്ഥനെപ്പോലെ പ്രാർത്ഥിച്ചു.ഒടുവിൽ മറുപടി കിട്ടി. റീസ് കൽക്കരിഖനി വിട്ടു.സ്നേഹിതൻ ജോയ്ക്കുവേണ്ടി മധ്യസ്ഥത ചെയ്തു.അദ്ഭുതസൗഖ്യം ലഭിച്ചു.വിവാഹിതനായി.ആഫ്രിക്കയ്ക്കു പോകാൻ അവർ സമർപ്പിച്ചു. ആഫ്രിക്കയിൽ വലിയ ഉണർവിന് അവർ കാരണമായി. മടങ്ങിയെത്തിയ റീസ് ദമ്പതികളെ ആത്മീയപരിശീലനകേന്ദ്രങ്ങൾ ആരംഭിക്കാൻ ദൈവം നിയോഗിച്ചു. അവർ ഒരു കോളജ് ആരംഭിച്ചു.*

## ഹിറ്റ്ലറിനെതിരെ (പ്രാർത്ഥനയിൽ) യുദ്ധം

**ഇം**ഗ്ലണ്ടിലെ വിശ്വാസസമൂഹത്തെയും രാജ്യത്തെയും ബാധിക്കുന്ന പ്രശ്നങ്ങളിൽ റീസും തന്റെ കോളജും പ്രാർത്ഥനയിൽ ഒരു നിലപാടെടുത്തതിനെക്കുറിച്ചു കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ചല്ലോ. തുടർന്ന് ഒരു പടികൂടി കടന്നു രാജ്യാന്തര പ്രശ്നങ്ങളിൽ ഇടപെട്ടു മധ്യസ്ഥ പ്രാർത്ഥനയിൽ പോരാടുന്നതിലേക്കു പരിശുദ്ധാത്മാവു റീസിനെയും കൂട്ടരെയും നയിച്ചു.

1934-ലെ ഒരു ശരത്കാല പ്രഭാതത്തിലാണ് ഇതിന്റെ തുടക്കം. പുലർച്ചെ മൂന്നു മണിയായിക്കാണും.റീസ് ഉറക്കത്തിൽ നിന്ന് ഉണർന്നു വരുന്നതേയുള്ളു. പക്ഷേ ഉറക്കത്തിൽതന്നെ റീസ് എന്തോ പുലമ്പുന്നതു ഭാര്യ കേട്ടു. ശ്രദ്ധിച്ചപ്പോൾ അദ്ദേഹം ആവർത്തിക്കുന്ന വാക്ക് 'സകലസൃഷ്ടിയോടും' 'സകലസൃഷ്ടിയോടും' എന്നാണ്. ഒടുവിൽ റീസ് ഉണർന്നു. ദൈവം തന്നോട് എന്തോ പ്രത്യേകമായി സംസാരിക്കാൻ പോവുകയാണെന്നു റീസിനു ബോധ്യമായി. അദ്ദേഹം വേഗം ഡ്രസ്സുചെയ്തു താഴത്തെ നിലയിലെ തന്റെ മുറിയിൽ എത്തി.

രക്ഷകന്റെ അന്തിമകല്പന അനുസരിക്കേണ്ടതാണെന്നു വിശ്വസിക്കുന്നുവോ എന്നായിരുന്നു റീസിനോടുള്ള പരിശുദ്ധാത്മാവിന്റെ ചോദ്യം.

"ഉവ്വ്, വിശ്വസിക്കുന്നു"; റീസിന്റെ മറുപടി.





"അങ്ങനെയെങ്കിൽ സകലസൃഷ്ടിക്കും സുവിശേഷം നൽകാൻ എനിക്കു കഴിയുമെന്നു നീ വിശ്വസിക്കുന്നുവോ?"

"വിശ്വസിക്കുന്നു. കാരണം അവിടുന്നു ദൈവമാണ്. ദൈവത്താൽ കഴിയാത്ത വല്ല കാര്യവുമുണ്ടോ?"

"എങ്കിൽ ഞാൻ നിന്നിൽ വസിക്കുന്നു. നിന്നിലൂടെ എനിക്കതു ചെയ്തെടുക്കാൻ കഴിയുമോ?"

ഈ ചോദ്യത്തിനു മുന്നിൽ റീസ് തന്റെ തന്നെ ജീവിതത്തിലേക്ക് ഒരു തിരിഞ്ഞുനോട്ടം നടത്തി. ആഫ്രിക്കയിലേക്കു സുവിശേഷവുമായി പോകുന്നതിനു മുൻപു തന്നെ ഒരിക്കൽ റീസിന് രണ്ടാം സങ്കീർത്തനം എട്ടാം വാക്യം ഒരു വാഗ്ദാനമായി നൽകിയിരുന്നു - "എന്നോടു ചോദിച്ചുകൊൾക. ഞാൻ നിനക്കു ജാതികളെ അവകാശമായും ഭൂമിയുടെ അറ്റങ്ങളെ കൈവശമായും തരും."

ഈ വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിലാണ് തുടക്കമെന്ന നിലയിൽ റീസ് ആഫ്രിക്കയിലേക്കു പോയത്.അവിടെവച്ച് "ആകയാൽ കൊയ്ത്തിന്റെ യജമാനനോട് കൊയ്ത്തിലേക്കു വേലക്കാരെ അയയ്ക്കേണ്ടതിനു യാചിപ്പീൻ" എന്ന മത്തായി 9:38ലെ വചനത്തിന്റെ അടിസ്ഥാനത്തിലുള്ള ആൻഡ്രു മുറേയുടെ വിശദീകരണം കേൾക്കാൻ ഇടയായി. ലോകമെങ്ങും പോകുന്ന മിഷനറിമാരെ സംബന്ധിച്ചിടത്തോളം അവരുടെ ശക്തി എന്നു പറയുന്നത്, ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ, തങ്ങൾക്കു വേണ്ടി കൊയ്ത്തിന്റെ യജമാനനോടു യാചിക്കുന്നവരാണ്. അങ്ങനെ സകലസൃഷ്ടിയോടും സുവിശേഷം അറിയിക്കാൻ പോകുന്നവർക്കുവേണ്ടി കൊയ്ത്തിന്റെ യജമാനനോടു പക്ഷവാദം ചെയ്യുക എന്ന ദൗത്യം ഏറ്റെടുക്കാൻ അന്നുതന്നെ റീസിനോട് പരിശുദ്ധാത്മാവ് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് ഈ ഒരു കാഴ്ചപ്പാട് അന്നുമുതൽതന്നെ റീസുപുലർത്തിയിരുന്നു. ....റീസ് ഓർത്തു.

ഇപ്പോഴിതാ അതേ ദൗത്യം ഏറ്റെടുത്തു നടപ്പാക്കാനുള്ള ആഹ്വാനം കൂടുതൽ വ്യക്തതയോടെ വന്നിരിക്കുന്നു.ഇത് ഏറ്റെടുത്താൽ താനും തന്നോടൊപ്പം ഉള്ളവരും കെട്ടപ്പെട്ട ദാസന്മാരെപ്പോലെ തുടർന്നുള്ള നാളുകളിലെല്ലാം സകലസൃഷ്ടിയോടും സുവിശേഷം അറിയിക്കുന്നതിനായി മധ്യസ്ഥ പ്രാർത്ഥനയിൽ പോരാടേണ്ടിയിരിക്കുന്നു.വേലക്കാരുടെ ശക്തിയും ഉത്തരവാദിത്തവും കൊയ്ത്തിന്റെ യജമാനനോടു യാചിക്കുന്നവർക്കാണ്!

ദൈവസന്നിധിയിൽ കൂടുതൽ നേരം ഇരുന്നപ്പോൾ ഈ ദൗത്യത്തിന്റെ പ്രായോഗികമായ കാര്യങ്ങൾ പരിശുദ്ധാത്മാവ് കൂടുതൽ വ്യക്തതയോടെ റീസിനെ കാണിച്ചു. അടുത്ത 30 വർഷത്തിനുള്ളിൽ 10,000 ചാനലുകളിലൂടെ ലോകമെങ്ങും സുവിശേഷം എത്തണം. ഇതിനായി മധ്യസ്ഥത അണയ്ക്കണം. ആ ഉത്തരവാദിത്തം റീസിനും കൂട്ടർക്കുമായിരിക്കും. അതുപോലെ ആഗോള സുവിശേഷീകരണത്തിനുള്ള സാമ്പത്തിക ആവശ്യങ്ങൾക്കായും പ്രാർത്ഥിക്കണം. അതു വളരെ ഭീമമായ ഒരു തുകയാണ്. എന്നാൽ ദേവാലയത്തിനുവേണ്ടി ദാവീദിന് ഏറെ സമ്പത്തുനൽകിയ ദൈവം, കൈകൊണ്ടുള്ള പണിയല്ലാത്ത ഈ സഭയുടെ കെട്ടുപണിക്കായി ആവർത്തനം 28:12 ൽ പറയുന്നതുപോലെ ഭണ്ഡാരത്തെ തുറന്നു ധാരാളമായി നൽകും- ദൈവം റീസിന് ഉറപ്പുനൽകി.

ഇക്കാര്യങ്ങളെക്കുറിച്ചെല്ലാം പരിശുദ്ധാത്മാവു നൽകിയ വ്യക്തമായ ബോധ്യത്തോടെയാണു റീസ് തന്റെ മുറിവിട്ടു പുറത്തു വന്നത്. 1935-ലെ പുതുവത്സര ദിനത്തിൽ റീസ് തന്റെ ഈ പുതിയ നിയോഗം കോളജിലെ സ്റ്റാഫിന്റെയും കുട്ടികളുടെയും മുൻപാകെ വച്ചു. ആ ദിവസം എല്ലാവരും പ്രാർത്ഥനയിലും ഉപ

വാസത്തിലും ചെലവിട്ടു. ദൈവസാന്നിധ്യം യോഗത്തിൽ വളരെ യാഥാർത്ഥ്യമായി അനുഭവപ്പെട്ടു.തങ്ങൾ ഏറ്റെടുക്കുന്ന പുതിയ നിയോഗത്തിന്റെ ആഴവും പരപ്പും പരിശുദ്ധാത്മാവ് അവരെ ഇങ്ങനെയാണു ബോധ്യപ്പെടുത്തിയത്-സകലർക്കും വേണ്ടി പാപപരിഹാരയാഗമായി ത്തീരാനാണു രക്ഷകൻ ലോകത്തിലേക്കു വന്നത്. സകലർക്കും ആ പാപപരിഹാര യാഗത്തെക്കുറിച്ചു ബോധ്യം നൽകാൻ തുടർന്നു പരിശുദ്ധാത്മാവും വന്നു. എങ്കിൽ, അവിടുത്തെ ഹിതപ്രകാരം അവർ പക്ഷവാദം ചെയ്താൽ ഈ തലമുറയിൽതന്നെ ലോകമെങ്ങും ഈ സുവിശേഷം ചെന്നെത്താൻ ദൈവം മുഖാന്തരങ്ങളെ ക്രമീകരിക്കും. അവർ പ്രാർത്ഥിച്ചാൽ മാത്രംമതി. രാജ്യങ്ങൾക്കും ജനതകൾക്കും വേണ്ടി പ്രാർത്ഥിക്കുക.മിഷനറി പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിക്കുക. ലോകത്തിലെ സകലജാതികൾക്കും വേണ്ടി പ്രാർത്ഥിക്കുക. ലോകം മുഴുവൻ തങ്ങളുടെ ഇടവകയായി തുറന്നുകിട്ടിയിരിക്കുകയാണെന്ന് അവർക്ക് തോന്നി, തങ്ങളുടെ കോളജ് സകല ജാതികൾക്കും വേണ്ടിയുള്ള പ്രാർത്ഥനാലയമായും അവർക്ക് അനുഭവപ്പെട്ടു.

രാജ്യാന്തരതലത്തിലുള്ള പ്രാർത്ഥനാ പോരാട്ടത്തിന്റെ തുടക്കം ഇങ്ങനെയായിരുന്നു. സുവിശേഷം ലോകമെങ്ങും ചെന്നെത്തുന്നതിനുള്ള തടസ്സങ്ങൾക്കെതിരെ ആ പ്രാർത്ഥന കേന്ദ്രീകരിച്ചു. സുവിശേഷീകരണത്തിനു സ്വാതന്ത്ര്യം നൽകാത്ത സംവിധാനങ്ങളെയും ഭരണകൂടങ്ങളെയും അവർ പ്രാർത്ഥനയിൽ നേരിട്ടു. മുഴങ്കാലിൽ നിന്നു പോരാടുന്ന ഒരു 'സൈന്യ'ത്തെ ദൈവം വാർത്തെടുക്കുകയായിരുന്നു.

1936. ജർമനിയിൽ ഹിറ്റ്ലർ യുദ്ധക്കൊതിയോടെ അധികാരത്തിൽ.ലോകം ഒരു സുപ്രഭാതത്തിൽ നടുക്കുന്ന ഒരു വാർത്ത കേട്ടുകൊണ്ടാണുണരുന്നത്. ലൊക്കാർണോ ഉടമ്പടി ഏകപക്ഷീയമായി ലംഘിച്ചുകൊണ്ട് ജർമനി റൈനിലാൻഡിലേക്ക് സൈന്യത്തെ അയച്ചിരിക്കുന്നു!

എന്നുവച്ചാൽ അടുത്തത് ഫ്രാൻസ് ആക്രമിക്കപ്പെടുമെന്നാണ്. എങ്കിൽ യൂറോപ്പു മുഴുവൻ ഒരു യുദ്ധത്തിലേക്കു വലിച്ചിഴയ്ക്കപ്പെടും.ഫലം 'സകലസൃഷ്ടിയോടും സുവിശേഷം അറിയിക്കുക' എന്ന ദൗത്യത്തിനു വിഘ്നം ഉണ്ടാകും.

"പരിശുദ്ധാത്മാവു ഞങ്ങൾക്കു നേരത്തെതന്നെ ഇക്കാര്യത്തിൽ ഭാരം നൽകിയത് ഈ സന്ദർഭത്തെ മുൻകൂട്ടി കണ്ടുകൊണ്ടാകണം. ഈ സാഹചര്യത്തിൽ മിണ്ടാതിരിക്കാൻ പാടില്ല. 'ഹിറ്റ്ലറിനെതിരെ നിലപാടെടുക്കുക' പരിശുദ്ധാത്മാവ് എന്നോട് ആവശ്യപ്പെട്ടു. ഞാൻ കോളജിലുള്ളവരോട് ഇക്കാര്യം പറഞ്ഞു. തുടർന്ന് അടുത്ത മൂന്നാഴ്ച ഞങ്ങൾ പ്രാർത്ഥനയിലും ഉപവാസത്തിലുമായിരുന്നു' - റീസ് ആ ദിവസങ്ങൾ ഓർമ്മിക്കുന്നു.

ആ ദിവസങ്ങളെക്കുറിച്ചു കോളജിന്റെ ഡയറിയിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെ:

മാർച്ച് 21:

യൂറോപ്യൻ ഭൂഖണ്ഡം ആകെ ഇരുളടഞ്ഞതുപോലെ. യുദ്ധത്തിന്റെ കരിനിഴൽ ഈ ഭൂഖണ്ഡത്തിന്മേൽ കരിനിഴൽ വീഴ്ത്തിനിൽക്കുന്നു. ഞങ്ങൾ രാവിലെ മുതൽ 11 മണിവരെ പ്രാർത്ഥിച്ചു. തുടർന്നു രണ്ടരയ്ക്കും, വൈകുന്നേരം ആറിനും രാത്രി ഒൻപതിനും പ്രാർത്ഥനയ്ക്കായി ഒത്തുചേർന്നു. ജർമനിയെ കൈകാര്യം ചെയ്യണമേ എന്നു ഞങ്ങൾ കർത്താവിനോടു പ്രാർത്ഥിച്ചു.

മാർച്ച് 23:

യൂറോപ്പിൽ പൊതുവേയും പ്രത്യേകിച്ചു ലണ്ടനിലും സ്ഥിതി ആശങ്കാ ജനകം. രാവിലെ ഒൻപത്, 11മണി, വൈകിട്ട് ആറുമണി, രാത്രി ഒൻപതുമണി എന്നീ സമയങ്ങളിൽ യോഗങ്ങളിൽ ഞങ്ങൾ





ഹിറ്റ്ലറിനെയും ജർമനിയെയും നിയന്ത്രിക്കുന്നതിനുവേണ്ടി മുട്ടിപ്പായി പ്രാർത്ഥിച്ചു.

മാർച്ച് 24:

യൂറോപ്പിലെ പ്രതിസന്ധി കൂടുതൽ ആശങ്കാജനകം. എല്ലാ രാജ്യങ്ങളും അന്യോന്യം വിയോജിക്കുന്നു. ഫലം ഞങ്ങളുടെ ഭാരം വർദ്ധിക്കുന്നു. എന്നാൽ 'സകലസൃഷ്ടീദർശന'ത്തിനുവേണ്ടി അപേക്ഷിക്കാൻ ദൈവം ഞങ്ങളെ ശക്തരാക്കുന്നു. ലോകരാജ്യങ്ങളിൽനിന്നു ഞങ്ങളുടെ ദൃഷ്ടി കർത്താവിങ്കലേക്കുതന്നെ അവിടുന്നു തിരിക്കുന്നു. യോഗങ്ങൾ രാവിലെ ഒൻപതുമണി,ആറുമണി, രാത്രി ഒൻപതുമണി.

ഈ മട്ടിൽ തുടർന്ന് അഞ്ചുദിവസങ്ങൾ കൂടി മുന്നോട്ടുപോയി. തുടർന്ന് മാർച്ച് 29ന് റീസ് യോഗത്തിന് എത്തി ഇങ്ങനെ പറഞ്ഞു: "സാധാരണ പ്രാർത്ഥന പോരാ. പക്ഷവാദ പ്രാർത്ഥനയാണ് ആവശ്യം. ദൈവം മധ്യസ്ഥ പ്രാർത്ഥനക്കാരെ അന്വേഷിക്കുന്നു. പിശാചിനെതിരെ പോരാടാൻ തങ്ങളുടെ ജീവൻ തന്നെ അൾത്താരയിൽ വയ്ക്കാൻ തയ്യാറുള്ള പുരുഷന്മാരെയും സ്ത്രീകളെയുമാണ് അവിടുന്നു തേടുന്നത്."

യുദ്ധമുന്നണിയിലുള്ള പടയാളിക്ക് ഒഴികഴിവില്ല. എന്തുചെയ്യുമെന്നോ പറയുമെന്നോ അവനു തനിയെ തീരുമാനം എടുക്കാനാവില്ല. അവന് അവധിയില്ല. ഉറ്റവർക്കും ബന്ധുക്കൾക്കും വേണ്ടി മാറ്റിവയ്ക്കാൻ സമയമില്ല.

ഇതുപോലെയായിരിക്കണം മധ്യസ്ഥതക്കാരുമെന്നു കർത്താവ് ഓർമ്മിപ്പിച്ചു. സകലസൃഷ്ടിക്കും വേണ്ടി പരിശുദ്ധാത്മാവിന്റെ കെട്ടപ്പെട്ട ദാസനായിരിക്കണം. ഇടിവിൽ നിൽക്കാനായി തന്നെത്തന്നെ എറിഞ്ഞുകൊടുക്കണം. (യെഹസ്കേൽ. 22:30) എങ്കിൽ യുദ്ധം ഒഴിവാകും. അവിടുന്നു വിജയം നൽകും - ഈ ചിന്തകൾ ഏറ്റെടുത്ത് കോളജിലെ സ്റ്റാഫിലും വിദ്യാർത്ഥികളിലും ഒട്ടേറെ പേർ ഇക്കാര്യത്തിനായി സമർപ്പിച്ചു.

"ആ ദിവസം മുതൽ വിജയം ഞങ്ങളുടേതാണെന്ന് എനിക്കറിയാമായിരുന്നു. ഹിറ്റ്ലർക്ക് സ്വയമായി ഇനി ഒന്നും ചെയ്യാനാവില്ല എന്നെനിക്കുറപ്പായി" - റീസ് പറയുന്നു.

കോളജ് ഡയറിയിലൂടെ വീണ്ടും: മാർച്ച് 29: കോളജിന്റെ ചരിത്രത്തിലെ ഏറ്റവും അത്ഭുതകരമായ ദിവസങ്ങളിലൊന്ന്. സമർപ്പണത്തിന്റെ ദിനങ്ങൾ. രക്തസാക്ഷിത്വത്തിനായുള്ള വെല്ലുവിളി പലരും ഏറ്റെടുത്തു.

മാർച്ച് 30: യാഗത്തിന്മേൽ അഗ്നി വീണു. വൈകുന്നേരത്തെ യോഗത്തിൽ പരിശുദ്ധാത്മവർഷണം ഉണ്ടായി. എല്ലാവരും മുട്ടിന്മേൽ വീണു. ആരോ ആ കോറസ് പാടാൻ തുടങ്ങി - 'സ്വാഗതം, സ്വാഗതം, സ്വാഗതം! പരിശുദ്ധാത്മാവിനു സ്വാഗതം'. ഏറെ ശക്തിയും സ്വാതന്ത്ര്യവും ഞങ്ങൾക്ക് അനുഭവപ്പെട്ടു. ഒരു മണിക്കൂർ മുഴുവനും ഞങ്ങൾ ആ വരി തന്നെ പാടിക്കൊണ്ടിരുന്നു.

ഏപ്രിൽ ഒന്ന്:

ആരാധനയുടെയും സ്തുതിയുടെയും മറ്റൊരു ദിവസം. കോളജിൽ പരിശുദ്ധാത്മാവിന്റെ വർഷണം ഉണ്ടായി. അവിടം പുതിയ ഒരു സ്ഥലം പോലെ തോന്നി. ഡെർവൻ ഫോർ മുതൽ ഗ്ലിൻഡെർവെൻ വരെ പാട്ടു പ്രതിധ്വനിച്ചുകൊണ്ടിരുന്നു.

ആ ഞായറാഴ്ച മുതൽ യൂറോപ്പിലെ പ്രതിസന്ധിക്ക് അയവുവന്നു. സമാധാനത്തിനായുള്ള നീക്കങ്ങൾ വ്യാപകമായി. 25 വർഷത്തെ ഒരു സമാധാന ഉടമ്പടി ഒപ്പുവയ്ക്കാനുള്ള സാധ്യത എല്ലാവരും ആരായാൻ തുടങ്ങി.ഹിറ്റ്ലറും നാസികളും ദൈവത്തിന്റെ കരങ്ങളുടെ നിയന്ത്രണത്തിൻ കീഴിലാണെന്നു കോളജിൽ എല്ലാവർക്കും ഉറപ്പായിരുന്നു. ഹിറ്റ്ലർ ഓരോ പുതിയ നീക്കം നടത്തുമ്പോഴും അതറിയുമ്പോൾ കോളജിൽ പ്രാർത്ഥനാ

ദിനമായി വേർതിരിക്കും.

1938-ലെ വേനൽക്കാലം ഏറ്റവും വലിയ പരീക്ഷണകാലഘട്ടമായിരുന്നു. 'മ്യൂനിച്ച് പ്രതിസന്ധി' എന്നറിയപ്പെട്ട പ്രശ്നം ഉരുത്തിരിഞ്ഞ സമയം. ചെക്കോസ്ലോവാക്യയ്ക്കുവേണ്ടി ഹിറ്റ്ലർ നടത്തിയ നീക്കം വൻവിവാദമായി. ബ്രിട്ടനെ ആക്രമിക്കാൻ ഹിറ്റ്ലർക്കുമേൽ വൻസമ്മർദ്ദം. അദ്ദേഹത്തിന്റെ ഉപദേഷ്ടാക്കളെല്ലാം ഉടൻതന്നെ ബ്രിട്ടനെ ആക്രമിക്കണമെന്ന അഭിപ്രായക്കാരായിരുന്നു. ഹിറ്റ്ലറും അതിനു വഴിപ്പെടുമെന്നു തോന്നിയ സമയം. ബ്രിട്ടനാകട്ടെ യുദ്ധത്തിന് ഒട്ടും തയ്യാറായിട്ടില്ല. ബ്രിട്ടനിലെ ദേശീയ നേതാക്കൾ തന്നെ ഒരു ദിവസം പ്രാർത്ഥനയ്ക്കായി നീക്കിവയ്ക്കാൻ ജനത്തെ ആഹ്വാനം ചെയ്തു.

കോളജിനെ സംബന്ധിച്ചിടത്തോളം ഈ പോരാട്ടം വളരെ യഥാർത്ഥമായി തന്നെ അനുഭവപ്പെട്ടു. ദിവസങ്ങളോളം യുദ്ധഭീതിയുടെ കരിനിഴൽ രാജ്യത്തിനുമേൽ കനംതൂങ്ങിനിന്നു. ആത്മലോകത്തെ ഒരു പോരാട്ടമായിരുന്നു അത്. ഹിറ്റ്ലറിലുള്ള സാത്താന്യശക്തിയും മധ്യസ്ഥപ്രാർത്ഥനയിൽ പോരാടിയ പോരാളികളിലുള്ള പരിശുദ്ധാത്മ ശക്തിയും തമ്മിലുള്ള ബലാബലമാണു നടന്നത്.

"കർത്താവേ, ഹിറ്റ്ലറിനെ വളയ്ക്കേണമേ'' എന്നായിരുന്നു കോളജിലെ പ്രാർത്ഥനാ പോരാളികളുടെ ഒന്നിച്ചുള്ള നിലവിളി. ഒരുഘട്ടമായപ്പോൾ നിലവിളിയുടെ വ്യഥ, വിജയാഘോഷത്തിനു വഴിമാറി. സാത്താന്യശക്തിക്കു പരാജയം സമ്മതിക്കേണ്ടിവന്നു.

കോളജിൽ പുതിയ അധ്യയനവർഷം ആരംഭിക്കുന്നതിന്റെ തലേന്നായിരുന്നു ഇത്. വിജയം സുനിശ്ചിതമായിരുന്നു. അതുകൊണ്ട് റീസ് അധ്യയനവർഷത്തിന്റെ ആദ്യദിവസം സ്തുതിയുടെ ദിവസമായി പ്രഖ്യാപിച്ചു. കോളജിന്റെ കോൺഫ്രൻസ് ഹാളിൽ നൂറുകണക്കിനുപേർ ദൈവത്തെ സ്തുതിക്കാനും നന്ദിപറയാനുമായികൂടിവന്നു. അടുത്ത ദിവസം സമാധാന ഉടമ്പടി ഒപ്പുവയ്ക്കുമോ ഇല്ലയോ എന്ന സന്ദേഹത്തിന്റെയും സംശയത്തിന്റെയും ദിവസമായിരുന്നു. പക്ഷേ വിശ്വാസവും ഒട്ടുംകുറയാതെ നിന്നു. സെപ്റ്റംബർ 29ന് കോളജിനു വിജയദിവസമായി കണക്കാക്കി പൊതു അവധി പ്രഖ്യാപിച്ചു. പിറ്റേന്ന് തന്നെ മ്യൂനിച്ച് ഉടമ്പടി ഒപ്പുവച്ചു. യുദ്ധം മാറിപ്പോയി.

യുദ്ധക്കൊതിയനായ ഹിറ്റ്ലറിനു ശരിക്കും എന്താണു സംഭവിച്ചത്? അദ്ദേഹം എന്തുകൊണ്ടാണു സമാധാന ഉടമ്പടിയിൽ ഒപ്പുവയ്ക്കാൻ തയ്യാറായത്? ആ ദിവസങ്ങളിൽ ഹിറ്റ്ലറിനെ അടുത്തുനിന്നു വീക്ഷിച്ച ആളായിരുന്നു സർ നെവില്ലെ ഹെൻഡേഴ്സൺ. ജർമ്മനിയിലെ അന്നത്തെ ബ്രിട്ടീഷ് സ്ഥാനപതിയായിരുന്നു അദ്ദേഹം. 'ഒരു ദൗത്യത്തിന്റെ പരാജയം' എന്ന തന്റെ പുസ്തകത്തിൽ മ്യൂനിച്ച് ഉടമ്പടി ഒപ്പുവച്ചതിനുശേഷമുള്ള ഹിറ്റ്ലറിന്റെ പെരുമാറ്റത്തെ ഇങ്ങനെയാണുവിവരിക്കുന്നത്: "ഉടമ്പടിയിൽ ഒപ്പുവയ്ക്കേണ്ടിവന്നതിൽ ഹിറ്റ്ലർ അങ്ങേയറ്റം അസ്വസ്ഥനായതുപോലെയായിരുന്നു പെരുമാറ്റം. ഇംഗ്ലണ്ട് ഒരു യുദ്ധത്തിന് ഒരുങ്ങിയിട്ടില്ലാത്തതിനാൽ ഇപ്പോഴാണ് ഒരു യുദ്ധത്തിനുള്ള പറ്റിയ അവസരം എന്നായിരുന്നു ഹിറ്റ്ലറിന്റെ അനുയായികളിൽ മിക്കവരുടെയും അഭിപ്രായം. ഇതിനെ അവഗണിച്ച് മ്യൂനിച്ച് ഉടമ്പടിയിൽ ഒപ്പുവച്ചതിന് അവരെല്ലാം ഹിറ്റ്ലറിനെ കുറ്റപ്പെടുത്തി. താൻ അങ്ങനെചെയ്തതിൽ ഹിറ്റ്ലറിനും ആകെ അസ്വസ്ഥത തോന്നിയതുപോലെ. യുദ്ധത്തിന് ഒരുങ്ങുമ്പോൾആരുടെയും അഭിപ്രായത്തിനപ്പുറത്തു തന്റെ ഉള്ളിൽ നിന്നുതന്നെ വരുന്ന ഒരു ശബ്ദത്തെയാണു ഹിറ്റ്ലർ അനുസരിച്ചിരുന്നത്. ഈ ഒക്ടോബറാണ്





# ജഢരക്തങ്ങളോട് പോരാട്ടമില്ലാതെ

*21-ാം പേജിൽ നിന്നു തുടർച്ച*

ളുടെ സമ്പത്ത് സംരക്ഷിക്കുന്നതിനും നിക്ഷേപങ്ങളിൽ കടിച്ചുതൂങ്ങുന്നതിനും അഭിമാനത്തിനുവേണ്ടി പോരടിക്കുന്നതിനും ഒക്കെ മുതിരുന്നത്.

എന്നാൽ നാം -യഥാർത്ഥ ക്രിസ്ത്യാനികൾ- നമ്മെ സംരക്ഷിക്കുവാനും ന്യായീകരിക്കുവാനും പ്രതിരോധിക്കുവാനും പോകാതെ ആത്മാവിനെ അനുസരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇപ്രകാരം പോരടിക്കുന്നവരെ സദാ അസന്തുഷ്ടരായാണ് ഞാൻ കണ്ടിട്ടുള്ളത്, ജയാളികളായിട്ടല്ല. അവർ മറ്റുള്ളവരെ തങ്ങൾ മുറുകെപ്പിടിച്ചിരിക്കുന്ന ചില കാര്യങ്ങളെ കവരുന്ന ശത്രുക്കളായി കാണുന്നു. ദുഃഖവും നീരസവും കയ്പും അവരുടെ ഹൃദയത്തിൽ നിറഞ്ഞിരിക്കുന്നു.

ഒരു യഥാർത്ഥ ക്രിസ്ത്യാനിക്ക് ഒരിക്കലും തന്റെ സ്വത്തോ പദവിയോ പോരാടി സൂക്ഷിക്കേണ്ട കാര്യമില്ല. ദൈവം അവയെ സൂക്ഷിച്ചുകൊള്ളും. നിങ്ങളുടെ സമ്പത്തിനെ വിട്ടുകളയുന്നു എങ്കിൽ ദൈവം നിത്യതയ്ക്കായി അവയെ സൂക്ഷിക്കും. നിങ്ങൾ അതിനോടു കടിച്ചുതൂങ്ങിയിരിക്കുന്നുവെങ്കിൽ അതു ഭാരവും കഷ്ടവും നിങ്ങളിൽ നിറയ്ക്കും.

ത്യജിക്കുക-പ്രാപിക്കുക; നഷ്ടമാക്കുക-നേടുക ഇതത്രേ ദൈവരാജ്യത്തിന്റെ നിയമം. ഇത് വീണ്ടും ജനനം പ്രാപിച്ച ഓരോ ആത്മാവും പാലിക്കേണ്ട നിയമമത്രേ. നാം ദൈവത്തിൽത്തന്നെ ആശ്രയിക്കുക. ദൈവത്തിൽ ആശ്രയിക്കാതിരിക്കുന്നത് ഒരു ഭാരമായി നമുക്കു തീരട്ടെ.

❖

യുദ്ധത്തിനു പറ്റിയ ഏറ്റവും നല്ല അവസരമെന്നുതന്നെയാണു ഹിറ്റ്ലറിന്റെ ആന്തരിക ശബ്ദവും അദ്ദേഹത്തോടു പറഞ്ഞതത്രേ. പക്ഷേ എന്തുകൊണ്ടോ തന്റെ ഉള്ളിലെ ശബ്ദത്തെയും ഉപദേഷ്ടാക്കന്മാരുടെ അഭിപ്രായത്തെയും അദ്ദേഹം അവഗണിക്കുകയാണുചെയ്തത്. മ്യൂനിച്ച് ഉടമ്പടി ഒപ്പുവച്ചപ്പോൾ മാത്രമാണ് അദ്ദേഹം തന്റെ ജീവിതത്തിൽ ഇങ്ങനെ ചെയ്തിട്ടുള്ളു. ജീവിതത്തിൽ ആദ്യമായി അദ്ദേഹം വ്യത്യസ്തമായ ഒരഭിപ്രായത്തിനു വഴങ്ങി. തനിക്ക് എന്താണു സംഭവിച്ചതെന്നു ഹിറ്റ്ലറിനുതന്നെ മനസ്സിലാകാത്തതുപോലെ... അദ്ദേഹം ഇംഗ്ലണ്ടിലെ ചേംബർ ലെയ്നിനോട് അലോസരപ്പെട്ട് ഇങ്ങനെയാണു പറഞ്ഞത്. ''ഞാൻ ആരോടെങ്കിലും ഒരു സൗജന്യം കാണിച്ചിട്ടുണ്ടെങ്കിൽ, ആ ഒരേയൊരു മനുഷ്യൻ നിങ്ങൾ മാത്രമാണ്''.... കർത്താവു ശരിക്കും ഹിറ്റ്ലറിനെ വളച്ചെടുക്കുകയല്ലേ ചെയ്തത്?

ഈ വിജയം ഒരു വർഷത്തിനു ശേഷവും കോളജിലെ പ്രാർത്ഥനാപോരാളികൾക്കും റീസിനും അനുഭവപാഠമായി.ഒരു വർഷം കഴിഞ്ഞപ്പോൾ രണ്ടാംലോകമഹായുദ്ധം വന്നു. പക്ഷേ അപ്പോഴും വിജയം സുനിശ്ചിതമാണെന്നും ഹിറ്റ്ലറിന്റെ മേലുള്ള സാത്താന്യശക്തിയെക്കാൾ പരിശുദ്ധാത്മാവു ശക്തനാണെന്നും ഉള്ള ഉറപ്പ് നിലനിർത്താൻ ഈ വിജയം അവരെ സഹായിച്ചു.

സാമ്പത്തിക രംഗത്തും റീസിനു കോളജിനും 1938 ജൂലൈയിൽ ദൈവം അത്ഭുതകരമായ ഉറപ്പുനൽകി. 'സകല സൃഷ്ടി ദർശന'ത്തിന്റെ പ്രവർത്തനത്തിന് വേണ്ട തുക സംഭാവനയായി ലഭിച്ചു. ഇതും റീസിനും കൂട്ടർക്കും പുതിയ വെല്ലുവിളികൾ ഏറ്റെടുക്കാനുള്ള വിശ്വാസംനൽകി.

(തുടരും)

❖

Youth Section




# BROKEN BECAUSE OF SIN

Sandeep Poonen

***Question:***

I am completely broken in my life. I have been in a wonderful church since childhood but I feel like I have not made any spiritual progress after all these years. I am involved in many church activities, and I am really good at putting on a good show, but I still am defeated in sin and simply not able to grow in Christ. Can you please give me some advice?

***Answer:***

Thank you for your email. I am sorry to hear your situation. I myself can relate to what you have written because I also grew up in a wonderful church but took many years to spin out of the constant up-and-down cycle in my Christian life. So I can understand what you write about.

There is much that can be said. But let me share with you a couple of thoughts:

1. **In our Christian walk, we must KEEP SAYING "NO" TO SIN:**

It's as simple as that. I'm not sure what specific sins you especially struggle with, but it doesn't matter one sin from another. We are each tempted to sin by various different things. But for each and every temptation for every person, we are tempted ONLY AFTER it has passed through God's filter of whether we can handle it.

*1 Corinthians 10:13 – No temptation has overtaken you but such as is common to man; and God is faithful, who will not allow you to be tempted*





*beyond what you are able, but with the temptation will provide the way of escape also, so that you will be able to endure it.*

Read that carefully. God tells me clearly that He only allows us to be tempted based on what each of us individually can handle. And then, He *always* designs a way of escape for every temptation (see that "no temptation" at the beginning). So we have to come to see this as a fact: *Every temptation to sin comes with a way of escape. If we choose not to look for and take the way of escape, we will surely fall. And it is only because WE don't take the escape that we fall into sin.*

2. **Don't beat yourself about this fact. Instead focus on making Jesus your only God**

Based on what I have written in 1 above, you can see that it is ALWAYS our fault when we sin. When we come to God with a sincere desire to follow Him in full surrender, God freely gives us His Holy Spirit to show us the way of escape. So it is 100% our fault when we don't listen to the Holy Spirit telling us the way of escape, but we choose to do what we like and enjoy. He quietly tells us, "Don't say that," "Don't click on that link," "Don't talk to that person," etc. But we know how often we ignore that voice and just do what we want because it is enjoyable.

Now accepting that we are 100% at fault can get us very discouraged. We can be tempted to feel horrible that we are no good and that we might as well give up because we just cannot live up to the high standard of consistent victory over sin. **But discouragement is not a solution**. The Holy Spirit convicts us of our sins, because He never wants us to find excuses for our sins. But the conviction of sin is not the solution; it is just the first step.

But what then is the solution? Conviction of sin is like a surgeon cutting a person up to reveal the cancer within. What is the way to healing? The very next verse has a wonderful answer for me: *1 Corinthians 10:14 – Therefore, my beloved, flee from idolatry*.

That word "therefore" connects this verse 14 with verse 13. So Paul tells me in verse 14 what to focus on if I were to always find the way of escape. And it is this: FLEE FROM IDOLATRY.

Those of us who grew up in India are quite familiar with idols. We grew up with idols at so many street corners and homes. But idolatry for

the Christian is not just worshiping physical idols. There are several idols that we as Christians still keep – not idols made of stone or wood, but based on our background, based on our passion and desires and interests.

Maybe the opinion and approval of our friends or family is an idol.

Maybe a particular habit is an idol.

Maybe a particular friendship is an idol.

And so on…

An idol is anything that prevents us from bowing down and surrendering totally to Jesus and worshiping Jesus as God, because it seeks to subtly control us and be like a god to us.

So how can you get better at saying "no" to sin? By fleeing from all idols and focusing on Jesus being your God.

And what does that practically look like? Doing things like this:

1 Renew your mind to seeing Jesus as your God (thinking about what God actually means)

2 Read the gospels and study the life of Jesus – and make Him your idol (your real hero).

3 "Flee" to Jesus again and again (fleeing FROM other idols means fleeing TO Jesus), and work on building your friendship with Jesus. He is a real Person who is alive, so learn to talk to Him as you would a real person.

So don't give up. Don't lose heart. Jesus gave His life to save you, so you are precious in His eyes. He knew in advance how we would turn away from Him again and again. But He still chose to die for us. He did that because we were worth it; and He does not lose hope that we will learn to be faithful to Him over time.

Jesus is looking for endurance and perseverance. These are critical virtues that every Christian must have. So what if you've fallen a thousand times? Keep getting up and return to Him and His infinite love (never forget that the Father is like the father in the story of the prodigal son – Luke 15).

❖